Registered No. M-4485 Madras War Review, Malayalam—11-5-1945

# യുദ്ധസഞ്ചിക

## വിജയദിന വിശേഷാൽ പ്രതി

വോള്യം IV] മദിരാശി: 1945 മേയി 11-ാംനു, വെള്ളിയാഴ്ച [ലക്കം 35



വിജയഘണ്ടകൾ വിളംബരം ചെയ്വൂ:—

"വിപത്തകന്നു പോയ്, നശിച്ചു നാസിസം;
പ്രതീചിയിലെങ്ങും പ്രഭോജ്വലമുദി-
ച്ചുയർന്നു സ്വാതന്ത്ര്യ സമത്വസിദ്ധികൾ."

# നേതാക്കന്മാരുടെ സന്ദേശങ്ങൾ

## ആറാംജോർജ്ജ് ചക്രവർത്തി

"യൂറോപ്പിനെ മുഴുവനും യുദ്ധത്തിലേക്കു വലിച്ചിഴച്ച ജർമ്മനിയെ കീഴടക്കിക്കഴിഞ്ഞു. വിദൂരപൌരസ്ത്യദേശത്തിലുള്ള ശത്രുവെ—ദൃഢനിശ്ചിതനും ക്രൂരനുമായ ജപ്പാനെ—ഇനിയും തോല്പിക്കുന്ന കൃത്യം ബാക്കി കിടക്കുന്നുണ്ടു്. ഇക്കാര്യം സാധിക്കുന്നതിന്നായി നാം നമ്മുടെ മുഴുവൻ ബലവും വിനിയോഗിക്കുന്നതാണു്.



എന്നാൽ ഈ സന്ദർഭത്തിൽ യുദ്ധത്തിന്റെ കരിനിഴലുകൾ നമ്മുടെ വീടുകളിൽനിന്നും മിക്കവാറും നീങ്ങിക്കഴിഞ്ഞിരിക്കുന്നു.

ഒന്നാമതായി, നമ്മുടെ വീടുകളിലേക്കു തിരിച്ചുവരാത്ത അവരെപ്പററി നമുക്കു ഓർമ്മിക്കുക. ക്രൂരനും നിചനുമായ ശത്രുവിനോടു ധീരധീരം സമരം ചെയ്തു അവർ ജീവത്യാഗം ചെയ്തു. പല സേവനങ്ങളിലുമായി ആത്മാർപ്പണം ചെയ്ത സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ സമയത്തു നാം നന്ദിപ്രകാശിപ്പിക്കുക. നമ്മുടെ ദുരിതങ്ങൾക്കു അറുതിവന്ന ഈ അവസരത്തിൽ അവർ നമ്മുടെ നടുക്കില്ലാത്തതു് വ്യസനകരമാണു്.

വിജയത്തെ, സാധ്യമാക്കിയവരും, നമ്മുടെ ഇടയിൽ വിജയാഗമത്തിൽ ആഹ്ലാദിച്ചു വരുന്നവരും ആയ ജനങ്ങൾ ആറു കൊല്ലത്തോളം ഗംഭീരവും വിഷമം പിടിച്ചതുമായ കൃത്യങ്ങൾ ചെയ്തു, സായുധരും നിരായുധരുമായ സ്ത്രീപുരുഷന്മാരേ! നിങ്ങൾ വിരോചിതം പൊരുതുകയും കഷ്ടതകൾ സഹിക്കുകയും ചെയ്തു. ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു.

കഴിഞ്ഞ ആറു വർഷങ്ങളോളമായി എന്താണു് സംഭവിച്ചതെന്നു ഒന്നു ആരാഞ്ഞു നോക്കുക. നമ്മുടെ സ്വാതന്ത്ര്യം, നമ്മുടെ നിലനില്പു, മുഴുവനും നശീകരണത്തിലായിരുന്നു അന്നു്. എന്നാൽ നമ്മൾ ഉറച്ചു നിന്നു. അടിമപ്പെടുത്തപ്പെട്ട മുഴുവൻ യൂറോപ്പും ആശയോടെ നമ്മെ നോക്കി ആശ്വസിച്ചു. നാം വിശ്വാസപൂർവ്വം, നമ്മുടെ സഖ്യസേനകളോടു യോജിച്ചുകൊണ്ടു നിന്നു. ആ വിശ്വാസവും ഐക്യവും, നമ്മെ വമ്പിച്ച വിഷമങ്ങളെ തരണം ചെയ്തു ഇന്നു വിജയത്തിലേക്കു നയിച്ചു."

## പ്രധാനമന്ത്രി ചർച്ചിൽ

"ഇന്നു നാം നമ്മെപ്പററി മാത്രമേ ചിന്തിക്കുകയുള്ളൂ. നാളെ, പൊതുവിജയത്തിന്നു ഏററവും ത്യാഗം ചെയ്ത റഷ്യയ്ക്കു നമ്മുടെ അഭിനന്ദനങ്ങൾ നൽകുന്നതാണു്.



ജർമ്മൻ യുദ്ധം അവസാനിച്ചു കഴിഞ്ഞു.

വളരെക്കാലത്തെ സജ്ജീകരണങ്ങൾക്കുശേഷം 1939 സപ്തെമ്പറിൽ നാം പോളണ്ടിന്നു നൽകിയ ഉറപ്പു് അനുസരിച്ചു് ഫ്രഞ്ചു റിപ്പബ്ലിക്കിന്റെ കൂട്ടോടുകൂടി, ബ്രി: രാഷ്ട്രസമുച്ചയം യുദ്ധം പ്രഖ്യാപിച്ചു.

ധീരയായ ഫ്രാൻസിന്റെ വീഴ്ചക്കുശേഷം, നാം സമരം തനിച്ചു നടത്തി. ഒരു കൊല്ലത്തിന്നുശേഷം ശക്തിയേറിയ റഷ്യൻ സേനകൾ നമ്മുടെ സഹായത്തിന്നെത്തി. അല്പകാലത്തിന്നുശേഷം അമേരിക്കയുടെ അനന്തമായ ആയുധസാമഗ്രികളും.

ഒടുവിൽ ഏകദേശം ലോകം മുഴുവനും നാസികൾക്കെതിരായിത്തിരിഞ്ഞു. അതാ ശത്രു നമ്മുടെ മുമ്പിൽ നമസ്കരിച്ചു കിടക്കുന്നു.

നമുക്കു കുറച്ചിട ആഹ്ലാദിക്കുക. പക്ഷെ ഇനിയും ചെയ്തുതീർക്കാൻ ജോലികളുണ്ടു്. ജപ്പാനെ കീഴടക്കേണ്ടതുണ്ടു്. ബ്രിട്ടനും അമേരിക്കയും മററു രാഷ്ട്രങ്ങൾക്കും ആ ശത്രുവേല്പിച്ച ക്ഷതത്തിന്നു പ്രതികാരം ചെയ്യേണ്ടതുണ്ടു്."

## ജനറൽ ഡി. ഗാൾ

"യുദ്ധം ജയിച്ചു. വിജയം ഇതാ വന്നെത്തി. ഇതു ഐക്യരാഷ്ട്രങ്ങളുടെ വിജയമാണ്. ഫ്രാൻസിന്റെ വിജയമാണ്."

## ജനറൽ ഐസൻഹോവർ

"ഈ നിരുപാധികമായ കീഴടങ്ങൽ യോജിച്ചുണ്ടായ പ്രവർത്തന ഫലമാണ്. അമ്പതു ലക്ഷമുള്ള എന്റെ നേതൃത്വത്തിലുള്ള പടകളിൽ എല്ലാ ഉദ്യോഗസ്ഥന്മാൎക്കും ഭടന്മാൎക്കും ഞാൻ വളരെ കടപ്പെട്ടവനാണ്. അവർ ഐക്യരാഷ്ട്രങ്ങളിലെ എല്ലാ പൌരന്മാരുടേയും അഗാധമായ അഭിനന്ദനങ്ങളും കൃതജ്ഞതയും സമാൎജ്ജിച്ചിട്ടുണ്ട്.

## ഇന്ത്യാ വൈസ്രോയി

"ചരിത്രത്തിൽ ഇന്നു ഒരു സ്മരണീയ ദിനമായിരിക്കും," വിജയദിനം പ്രമാണിച്ചു ഡൽഹിയിൽനിന്നു ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗത്തിൽ വൈസ്രോയി ഇങ്ങിനെ പ്രസ്താവിച്ചു.

"വേവൽ പ്രഭുവിന്റെ അഭാവത്തിൽ ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നതിന്നു നിൎബ്ബന്ധിതനായിരിക്കുന്നു....

ഇന്ത്യയിൽ ഇന്നെന്താണ് വിശേഷിച്ചുള്ളത്? ആലോചനാശീലമുള്ള ഏതൊരു പുരുഷനും സ്ത്രീയും, ഇന്ത്യയുടെ യുദ്ധസംഭാവനകളെപ്പററി ചോദ്യം ചെയ്യുകയില്ല. ബ്രിട്ടീഷു സേന ഏതെല്ലാം രംഗങ്ങളിൽ പോരാടിയിട്ടുണ്ട്, ആ രംഗങ്ങളിൽ മുഴുവനും ഇന്ത്യൻ സേനയും പൊരുതിയിട്ടുണ്ട്.

ഇനിയും ഒരു മഹൽകൃത്യം ചെയ്‌വാനുണ്ട്. ജപ്പാനെ തോല്പിക്കുന്നതുവരേയും സമാധാനം ഉണ്ടാവുകയില്ല. അതുകൊണ്ട് ബാക്കിയുള്ള ശത്രുവെ കീഴടക്കുന്നതിന്നു വേണ്ടിയും അതിന്നുശേഷം ഒരു പുതിയ ലോകരചനക്കു വേണ്ടിയും നമുക്കു പരിശ്രമിക്കുക.

## രാജ്യത്തെ നശിപ്പിക്കണമെന്നു യാതൊരു ഉദ്ദേശവുമില്ല

### സ്റ്റാലിന്റെ വിജയദിന സന്ദേശം

"ജൎമ്മനി തികച്ചും തകൎന്നു കഴിഞ്ഞു. ജൎമ്മനിയെ ഇല്ലാതാക്കാനോ നശിപ്പിക്കുവാനോ ഇഷ്ടപ്പെടുന്നില്ലെങ്കിലും, സോവിയററ് യൂനിയൻ ഈ വിജയത്തിൽ ആഹ്ലാദിക്കുന്നു.



ഇനിമേലിൽ ജനകീയ സ്വാതന്ത്ര്യവും, ജനകീയ സമാധാനവും യൂറോപ്പിൽ പാറിപ്പറക്കും.

സോവിയററു ജനത, തങ്ങളുടെ രാജ്യരക്ഷക്കു വേണ്ടി ജൎമ്മൻ ഫാസിസ്റ്റ് ശത്രുവിന്നെതിരായി ചെയ്ത മഹൽസമരം അവസാനിച്ചു.

സഖാക്കളേ, ചുവപ്പു പടയാളികളേ, ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്നു വേണ്ടി പൊരുതി വീരസ്വൎഗ്ഗം പ്രാപിച്ച ആ രണധീരന്മാർ എന്നെന്നേക്കും വിസ്മരിക്കപ്പെടാത്തത്ര പ്രശസ്തി പെററു കഴിഞ്ഞു."

പ്രസിഡണ്ടു ട്രൂമാൻ, ആറാം ജോൎജ്ജ് ചക്രവൎത്തി, പ്രധാനമന്ത്രി ചൎച്ചിൽ, ഇവരെല്ലാം മാർഷൽ സ്റ്റാലിന്നു സന്ദേശങ്ങളയച്ചിട്ടുണ്ട്. റഷ്യയിൽ വിജയ ദിനം 9-ാംനു ഉച്ചക്ക് ഒരു മണിക്കാണു പ്രഖ്യാപിച്ചതു്.

സോവിയററു ജനതയുടേയും ചുവപ്പു സേനയുടെയും സമരവൈദഗ്ദ്ധ്യം സുപ്രസിദ്ധമാണ്. സ്റ്റാലിന്റെ നേതൃത്വത്തിൽ അവർ ഇന്നു വിജയത്തിലെത്തിക്കഴിഞ്ഞു. റഷ്യയെപ്പോലെ അത്രയധികം കഷ്ടനഷ്ടങ്ങൾ ഈ യുദ്ധത്തിൽ മറെറാരു രാജ്യവും അനുഭവിച്ചിട്ടില്ല. 1942 ൽ സ്റ്റാലിൻഗ്രാഡിൽ വെച്ചാണ് നാസിസത്തിന്റെ നട്ടെല്ലു പൊട്ടിച്ചതു്—സ്റ്റാലിൻഗ്രാഡിൽനിന്നു ബർല്ലിൻ വരെ വിജയഭേരിയടിച്ചുവന്ന റഷ്യൻ സേനകൾ ചരിത്രത്തിൽ എന്നെന്നും ഓൎമ്മിക്കപ്പെടും.

# വിജയത്തിന്റെ വിളി

## കവി:

ആരാണീ സുന്ദരി, മന്നിൻ മനോഹര-
ധാരി, സുസ്മേരസ്യയായി നിൽക്കുന്നവൾ ?

വെള്ളമുകിലുകൾക്കുള്ളിലൂടെ നറും-
വെള്ളിക്കതിർവീശിയെത്തും പുലരിപോൽ,
മഞ്ഞുകുപ്പായമണിഞ്ഞ ഹിമാലയ-
ശൃംഗങ്ങളിൽ മുല്ലമാല്യങ്ങൾ ചാർത്തിയും,
തുംഗപ്രഭാവയായ് തുള്ളിത്തുളുമ്പിയും
ഗംഗാസരിൽ പ്രപാതംപോലും മാതിരി,
എങ്ങുനിന്നെങ്ങുനീ വന്നണഞ്ഞിങ്ങനെ-
തിങ്ങിന ഗൌരവമാർന്നകുതൂഹലം ?

നേരിന്റെ നാരായ വേരററു പോയൊരി-
പാരിലെന്തിന്നു വന്നണഞ്ഞീവിധം ?

എന്തെന്തു നിർമ്മലേ, പോവുന്നതെങ്ങുനീ ;-
നൊന്തിട്ടും കാലുക ; ഉ, ശ്മശാനത്തിലോ ?

പോകേണ്ട പോകേണ്ട, തെററിയോ നിൻവഴി
പൂകേണ്ട, പൂകേണ്ട നീ ചുടുകാടതിൽ !

## വിജയം:

കഷ്ടം സുഹൃത്തേ, കൃതഘ്നതയ്ക്കിത്രമേൽ-
വിസ്തൃതിയുണ്ടെന്നു വിശ്വസിച്ചില്ല ഞാൻ;
അജ്ഞതയിത്രമേലാർന്നിതിബ്ഭൂവെന്ന-
താദ്യമായ് നേരിട്ടറിയുകയാണു ഞാൻ ;
മർത്ത്യന്റെയോർമ്മക്കുറവിന്നെഴുന്നതാം
മാസ്മരവിദ്യയിന്നാദ്യം പഠിപ്പു ഞാൻ!

ലജ്ജയില്ലാതെ പുലമ്പുന്ന നീയത്രെ
പൂജ്യതതൻ പുണ്യവേദിയിൽ പൂകുവോൻ !

അമ്പരന്നേതുമേ നെററിയിലോളങ്ങൾ
വെമ്പിത്തുളുമ്പിച്ചിടേണ്ട ചുളികളാൽ.

കോട്ടിപ്പിടിച്ച പുരികങ്ങളാലിദം-
ചോദ്യചിഹ്നങ്ങൾ വരക്കേണ്ട നീ വൃഥാ.

വേടിച്ചുപോയിനീയിശ്മശാനത്തിലെ-
വാടിയ പുൽക്കൊടിത്തുമ്പിനെക്കൂടിയും !

കൺതുറന്നൊന്നു നീ വീക്ഷിക്കു കണ്ടുവോ,
വെണ്ണിലാവിൻ പുതപ്പിട്ടതാമസ്ഥലി ?

വിണ്ണിലെത്താരകസഞ്ചയം പോലുമേ-
കണ്ണിമയ്ക്കാതെ നിരീക്ഷിക്കുമസ്ഥലി ?

വീറെഴുംവീരചരിത്രങ്ങളെത്രയു-
ണ്ടാറടിമണ്ണിലൊളിഞ്ഞു കിടപ്പു ഹാ !

അപ്രദേശത്തിലെ മൺതരിയോരോന്നു-
മത്ഭുതകൃത്യ സങ്കീർത്തനഗ്രന്ഥമാം !

ഇങ്ങു ശയിക്കുന്നു ത്യാഗസമ്പൂർണ്ണമായ്-
ത്തീർന്നന്ത്യമാർന്ന മനോഹര ജീവിതം ;
ശാന്തിയാംപൊൻചെടി പുഷ്പിപ്പതിന്നുതൻ-
ചെഞ്ചോരവീഴ്ത്തി നനച്ചൊരു ജീവിതം ;
ഇങ്ങു കിടക്കുന്നു, ദേശാഭിമാനങ്ങൾ
തിങ്ങിവിങ്ങിത്തുടിച്ചുള്ളൊരുജ്ജീവിതം;
മർത്ത്യരാശ്ശൃംഖലരിവർഗ്ഗത്തെയൊക്കെയും,
വെട്ടിമുറിച്ച കൃതകൃത്യ ജീവിതം !

കാലമാംകാട്ടുങ്കാററിലാസൽ പുഷ്പകം-
ഹാ, ലയിച്ചന്ത്യമായ് മണ്ണിലടിഞ്ഞുപോയ്;
ചുററിലും തത്തിക്കളിക്കുന്നതിന്നുള്ള-
വററാത്ത സൌരഭം ചന്ദ്രികച്ചാറിതിൽ !

നന്ദിയെന്നൊന്നു നിന്നുള്ളത്തിലുണ്ടെങ്കി-
ലിന്നു നമിക്കുകീവേദിയിൽ സോദരാ !

ആരാണു ഞാനെന്നറിഞ്ഞതില്ലല്ലി നീ-
യാരാഞ്ഞു നോക്കു നിൻ മസ്തിഷ്കസീമയിൽ ?

ബ്രഹ്മാണ്ഡമൊക്കെയെരിച്ചതാം സംഗര-
വഹ്നിയെ സർവ്വത്ര തല്ലിക്കെടുത്തുവാൻ,
രാഷ്ട്രങ്ങൾ, രാഷ്ട്രങ്ങൾതൻ മുതുകേറുന്ന-
നിഷ്ഠയെ, നിർദ്ദയരീതിയെ നീക്കുവാൻ,

കാട്ടാളരീതിതൻ കൂട്ടിൽ കിടക്കുന്ന-
മർത്ത്യതതന്നെ സ്വതന്ത്രമാക്കീടുകുവാൻ,
നിത്യസമാധാന സന്ദേശവും വഹി-
ച്ചെത്തിടുമെന്നെയറിയുന്നതില്ല നീ !

ഞാനാവിജയമാം ദേവത, നിങ്ങൾതൻ-
ജ്ഞാനത്തെയുൽബ്ബുദ്ധമാക്കുന്ന ചാരുത!

ഇല്ലറിവില്ലപോലെന്നിട്ടുമേ നിങ്ങ-
ളെല്ലാമറിവുമോരെന്നൊരുനാട്യവും !

എത്രനാൾ ലോകം തപസ്സുചെയ്തുങ്ങനെ-
രക്തക്കളത്തിൽനിന്നെൻ ദർശനത്തിനായ് ?

എത്ര നഗരങ്ങൾ ചാമ്പലായ് ത്തീർന്നുമ-
ന്മാർഗ്ഗംമുഴവനു മൂല്യമായീടുവാൻ ?

എം. ജി. ഹാരീസ്.

ആകാശസീമയിലാഴിസ്സടിയിലു-
മാകെയാരാഞ്ഞു തിരഞ്ഞെന്നെയന്നവർ !

എന്നിട്ടു, മെന്നിട്ടു മിന്നെന്നെ യന്യയായ്-
ത്തന്നെ കരുതി നീ, ഞാനിങ്ങണയവേ !!

## കവി:

ഞാനറിഞ്ഞില്ലൊരു മായികരൂപിണി-
ന്നൂനം വിജയമെന്നുള്ളതാം വാസ്തവം.

രക്തക്കളത്തിൽനിന്നുത്ഭവിച്ചുള്ള നീ-
യിത്തിരിപോലുമതിൻഛായയററവൾ.

പോരിന്റെയീററില്ലമൊന്നിൽ പിറന്ന നീ,
വീരത തൻ തൊട്ടിലിങ്കൽ വളർന്ന നീ,
ഇത്രമേൽ ശാന്തയായ്ത്തീരുമെന്നോർത്തില-
യുത്തമേ, യെൻകവിഭാവനക്കൂടിയും !

## വിജയം:

താൽക്കവി ഭാവന, മന്നിൻ വികൃതമാം
സത്യങ്ങളെക്കണ്ടു മണ്ടുന്ന ഭാവന,
സ്വാർത്ഥത്തിനോടൊപ്പമൊട്ടിപ്പിടിച്ചതാം
രക്കുപ്പെടലിനെപ്പുൽകിയ ചേതന;

ഹേ കവേ, നോക്കു മതിയാക്കു വാനിലെ-
മൂകതനോക്കിക്കരയുമാ വേദന !

കർത്തൃപ്രതീതമീയാദർശവാദങ്ങൾ-
അർത്ഥമെഴാത്തതാം ജല്പനക്കെട്ടുകൾ !

നിന്നഗ്രജന്മാർ നിജനിണം ചിന്നിയെൻ-
പൊന്നൊളി പുൽകും പുലരി പുലർത്തവേ,
ഹാ കഷ്ടം, മോടിയൊളിച്ചുകളഞ്ഞു നീ-
ലോകത്തിൽനിന്നു ഭയപരിഭ്രാന്തനായ്,
നിഷ്ക്രിയാത്വത്തിന്റെ സാനുവിൽ ജീർണ്ണിച്ച
സ്വപ്നങ്ങൾകണ്ടന്നു നിദ്രചെയ്യാൻ ദ്രുതം !

ആഹവസന്നാഹകാഹളാരവങ്ങ-
ളാകാശദേശം മുഖരിതമാക്കവേ,
സന്യാസിയെപ്പോലെ ശംഖം വിളിച്ചൊരു-
കന്മണ്ഡപത്തിൽ കമിഴ്ന്നു കിടന്നു നീ.

ചത്തു മുരത്തു മരവിച്ചു മൂകമാ-
മശ്ശീലാരൂപം സജീവമാക്കീടുവാൻ !

വേട്ടാളന്നുതിയാൽ ജീവൻ പുഴുവിന്നു-
സിദ്ധിക്കുമെന്നൊരബദ്ധം നിനച്ചു നീ.

കമാലം കടിച്ചു കാർന്നെങ്ങും ഭേദിച്ചതാം-
മോലഗ്രന്ഥങ്ങൾ, ചിതലെന്ന മാതിരി,
നിത്യം വിഴുങ്ങി വിഴുങ്ങി സംതൃപ്തനാ-
യദ്ധ്യാത്മികത്വത്തിലാർന്നമർന്നുവപരം.

സ്വാതന്ത്ര്യമാശിച്ചകന്നൊഴിഞ്ഞന്ത്യമായ്
നീതന്നെ നിർമ്മിച്ച കോട്ടയിൽ പെട്ടു നീ !

താൻതന്നെ നെയ്യു വലയിൽ പതിച്ചു പോം
തന്തൻ ചിലന്തി ചില നിമിഷങ്ങളിൽ !!

## കവി:

മാറിക്കഴിഞ്ഞൊരിബ്ഭൂമുഖത്തിന്നു ഞാൻ-
മാനവനാണെന്നു നാണിപ്പുചൊല്ലുവാൻ.

വാനവനാകാൻ പണിപ്പെട്ടൊടുവിൽ ഞാൻ
വാനരനായിപ്പരിണമിച്ചെന്നതോ!

സുപ്രഭാതത്തിൽ സൂക്ഷ്മാപ്രസരത്തെ-
യോർക്കാതെയെന്തോ ചിലച്ചുപോയ് നത്തു
[പോൽ.

പശ്ചാത്തപിക്കലിൽ തീക്ഷ്ണതയിങ്കലെ-
ന്നാത്മാവു സംശുദ്ധമാകുമെന്നോർപ്പു ഞാൻ.

ഒന്നെന്നെ വേഗമനുവദിച്ചീടു നിൻ-
സന്ദേശവാഹകനാകാൻ വിജയമേ !

നിർഗ്ഗളിച്ചീടുമെൻ വേണുവിൽ നിന്നിനീ-
യുജ്ജ്വലദിവ്യ സംഗീതങ്ങളായിരം,
ഞെട്ടിയുണരുമപ്പാട്ടുകൾ കേട്ടു പോർ-
ത്തട്ടിത്തളർന്നതാം പാർ തട്ടിലുള്ളവർ !

## വിജയം:

കണ്ടുവോ നീ യശ്മശാന ദേശത്തിലാ-
മണ്ഡപം, മഞ്ഞലമൂടിക്കിടപ്പതായ്?

മാമകദർശനപ്രാപ്തിക്കതിൽ നിവേ-
ചെയ്തിട്ടും ജീവിതം, മൃത്യു വരിച്ചുപോയ്.

ചാർത്തട്ടെ ഞാനെന്റെ കണ്ണീർക്കണങ്ങളാൽ
മുക്താഫലമാല്യ മിമ്മുഗ്ദ്ധവേദിയിൽ.

പുഞ്ചിരി പൂണ്ടുകൊണ്ടാമഹൽച്ചേതന-
സഞ്ചരിയ്ക്കട്ടെയീ യന്തരീക്ഷാന്തരേ !

ഭാവനാലോലിതം ഭാവൽക്ക ഗാനങ്ങൾ-
ഭാവിതൻ ഭവ്യകിരണങ്ങളാകുകിൽ,
ഹേ കവേ, യോർമ്മിക്കുമീ ലോകമാകവേ,
യാഹവവീരരെ, ഗ്രന്ഥവരികളിൽ.

സേവനം ചെയ്തു ജഗത്തിൻ വിമോചക-
ഗ്ലാവഴിയ്ക്കെങ്കിലും വൈകിയ വേളിൽ !

മേലിലുലകിലിതേവിധം ക്രൂരത-
മാലിയററീടാതിരിക്കുവാൻ വേണ്ടിയും,
താവകദിവ്യധിഷണാ വിലാസങ്ങ-
ളാവുംവിധം നീ ചിലവഴിച്ചീടുകിൽ,
ഇല്ല മറക്കില്ല മാനുഷർ തെല്ലുമി-
പ്പുല്ലാംകുഴലിന്റെ യുൽപ്പുല്ലഗീതകം !
പോക്കു സഖാവേ, പുതുമയെപ്പുൽകുവാ-
നേക്കു വെളിച്ച മിരുട്ടിലുള്ളോർക്കു നീ !

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 മേയി 11-ാംനു-, വെള്ളിയാഴ്ച


## യൂറോപ്പിലെ വിജയം

### നാസിസം ചത്തു മണ്ണടിഞ്ഞു

തങ്ങളാണു് അതിമാനുഷന്മാരും ഉയർന്നവരുമെന്നു കരുതിയ ഒരു കൂട്ടർ, ലോകത്തെ അടിമത്തത്തിലേക്കു വലിച്ചിഴച്ച ആ അക്രമികൾ ഇന്നു പ്രഹരങ്ങളേററു അതാ അടിഞ്ഞു കിടക്കുന്നു. നമ്മുടെ ഉദ്ദേശ്യങ്ങളും, ലക്ഷ്യങ്ങളും ഇന്നു സാധുവാക്കപ്പെട്ടു. സഖ്യസേനകൾ വിജയത്തിലേക്കു കുതിച്ചുചാടി. ഈ സവിശേഷമായ സംഭവഗതിയിൽ ആനന്ദിപ്പാനും ആഹ്ലാദിപ്പാനും, ആർത്തുവിളിക്കുവാനും പ്രാർത്ഥിക്കാനും നമുക്കു തോന്നുന്നുണ്ടെങ്കിൽ, അതു് സാധാരണ മനുഷ്യപ്രകൃതിമാത്രമാണു്.

എന്നാൽ ഈ വിജയംകൊണ്ടു് മാത്രമായില്ല. അത്രയധികം കഷ്ടത സഹിച്ചും, ത്യാഗങ്ങളനുഭവിച്ചും നേടിയ അമൂല്യമായ ഒന്നാണു് ഈ വിജയം എന്നതിൽ യാതൊരു സംശയവുമില്ല. എങ്കിലും ജപ്പാനെ ഇനിയും പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു.

എന്നാലും നമുക്കു സന്തുഷ്ടിയും സംതൃപ്തിയും നൽകുന്ന ഒന്നാണു് യൂറോപ്പിൽ നമുക്കു ലഭിച്ച വിജയം.

പ്രാണവേദനയോടുകൂടിയതും ഉൽക്കണ്ഠാപരവുമായ ആ ദുരദൃഷ്ടത്തിൽനിന്നു സമാശ്വാസം; അതെ നമ്മുടെ നാടും, വീടും, പരിഷ്കാരവും, രക്ഷിക്കുന്നതിന്നും ആശയും അഭിലാഷവും സാധിപ്പിക്കുന്നതിന്നും പരിശ്രമിച്ച യോദ്ധാക്കളോടും, നേതാക്കന്മാരോടും തൊഴിലാളികളോടും നമുക്കുള്ള അകൈതവമായ കൃതജ്ഞത; മാന്യതയും മനുഷ്യത്വവുമുള്ള ഏതൊരു ജനതയ്ക്കും പററാത്ത ആ രാഷ്ട്രീയാഭിപ്രായം അവസാനം കുഴിച്ചുമൂടിക്കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം; ഈ ആവേശങ്ങളാണു് വിജയത്തെ സാഘോഷം കൊണ്ടാടുന്നതിന്നു നമ്മെ പ്രേരിപ്പിക്കുന്നതു്.

ഇതു് വെറും ഒരു യുദ്ധത്തിന്റെ അവസാനമല്ല. യുദ്ധം അവസാനിപ്പിക്കാനുള്ള യുദ്ധത്തിന്റെ അവസാനമാണു്. ഇതേവരെയുണ്ടായ ചോരചൊരിച്ചലും കൂട്ടക്കൊലയും, നശീകരണവും കഴിഞ്ഞ മോഹനവും, ആദരണീയവുമായ ഒരു മനുഷ്യജീവിതത്തിന്റെ അടിക്കല്ലിടലാണു് ഇതുകൊണ്ടു് സാധിക്കുന്നതു്. അല്ലാത്തപക്ഷം ഇന്നത്തെ വിജയം നിരർത്ഥകമായിവരും.

യൂറോപ്പിൽ ഇപ്പോൾ "സമാധാനം ഉണ്ടാകും. പക്ഷെ, സമാധാനത്തിന്നുവേണ്ടി മാത്രമാണു് പ്രാധാമികമായും നാം പോരാടിയതെന്നു് നമുക്കു ചിന്തിക്കാമോ? ചില മഹൽശക്തികൾ ഈ അമേയവും അവ്യക്തവുമായ പരിഗണനകളിൽ കൂടുതൽ ഊന്നിപ്പിടിച്ചതുകൊണ്ടല്ലേ, നാം അത്രയും ദുരിതഭൂയിഷ്ഠമായ ഈ യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നതു്? പടിഞ്ഞാറു് സാൻഫ്രാൻസിസ്കോവിലേക്കും, കിഴക്കു ജപ്പാനിലേക്കും, എന്തിനു് നമ്മുടെ ഇന്ത്യയിലേക്കു തന്നെയും നോക്കുന്നപക്ഷം, സമാധാനം മാത്രമായിരിക്കണമോ ഭാവിയിലെ നമ്മുടെ മുദ്രാവാക്യം? യുദ്ധാനന്തരജീവിതത്തെ ഇരിക്കപ്പൊറുതിയുള്ളതും, ഭവ്യവുമാക്കിത്തീർക്കണമെങ്കിൽ കുറേക്കൂടി ഉഗ്രവും, ആവേശകരമല്ലാത്തതും ആയ ചില സംഗതികൾ ആവശ്യമാണു്.

ഇരുപതാം നൂററാണ്ടു് പല പാഠങ്ങളും പഠിപ്പിക്കുന്നുണ്ടു്. എല്ലാ രാഷ്ട്രങ്ങളും, അവയിൽ ചിലതെത്ര തന്നെ സൈനികമായി സുശക്തമായാലും വേണ്ടില്ല ഈ പാഠം പഠിച്ചേ തീരൂ: "ആളുകൾക്കു് അവർക്കാവശ്യമുള്ളതിന്നുവേണ്ട വില കൊടുക്കുകയും, വില കൊടുക്കാൻ സാധിക്കുന്നതു മാത്രമേ ആവശ്യപ്പെടാൻ പാടുകയുള്ളൂ" എന്ന തത്വം. മററു വാക്കിൽ പറഞ്ഞാൽ, ഈ യുദ്ധത്തിന്നു ഹേതുഭൂതമായ പല അവ്യക്തപരിഗണനകളും പരിത്യജിച്ചു്, ആവേശകരമല്ലാത്തതും, യഥാർത്ഥവുമായ രാഷ്ട്രീയഐക്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അങ്ങിനെ വന്നാൽ ഒരു യുദ്ധം ആക്കും ഗുണമല്ലാതെ വരും. സംരക്ഷ, സാർത്ഥവും സാധുവുമാകണമെങ്കിൽ, മഹൽശക്തികൾക്കിടയിൽ അധികാരത്തിന്നുള്ള ആർത്തിയില്ലാതിരിക്കണം. ഭൂഗോളവ്യാപകമായ മറെറാരു വമ്പിച്ച വിപത്തില്ലാതാക്കിത്തീർക്കുന്നതിന്നുള്ള ഒരു വഴിയിതാണു്. ചതുശ്ശക്തികളെ ഭരമേല്പിക്കുകയും, അവരോരോരുത്തരും തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കുകയും ചെയ്യുന്നപക്ഷം, സർവ്വനാശകാരിയായ ഒരു മഹൽയുദ്ധം ഇല്ലാതാക്കിത്തീർക്കാം.

സാൻഫ്രാൻസിസ്കോവിൽവെച്ചു തീർച്ചയാക്കുവാനുള്ളതു് 'സാമ്രാജ്യത്വ'ത്തെ ഇല്ലാതാക്കലല്ല; മാണ്ടേററും ട്രസ്റ്റിഷിപ്പും തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കുകയല്ല; ഈ രാജ്യത്തിന്റെയോ ആ രാജ്യത്തിന്റെയോ സ്വാതന്ത്ര്യത്തെപ്പററി ആലോചിക്കുകയല്ല. ഇന്നത്തെ നാലു പ്രധാന സൈനികശക്തികളായ അമേരിക്ക, ബ്രിട്ടീഷ് കോമൺവെൽത്തു്, റഷ്യ, ചൈന ഇവ തമ്മിലുള്ള ബന്ധങ്ങൾ ശരിപ്പെടുത്തുകയാണു്.

ഈ ഭീകരയുദ്ധംമൂലമുണ്ടായിട്ടുള്ള യഥാർത്ഥ്യബോധം ഭൂതകാലത്തെ പാഠങ്ങളെ ന്യായീകരിച്ചിട്ടുണ്ടു്. ഈ ശതാബ്ദത്തിന്റെ ആരംഭം വരെയും, സർവ്വരാഷ്ട്രസമരം ഉണ്ടായിട്ടില്ല. ക്രിമിയ യുദ്ധം, ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം, സൌത്തു് ആഫ്രിക്കൻ യുദ്ധം, റസ്സോ-ജപ്പാനീസ് യുദ്ധം ഇവയെല്ലാം തദ്ദേശീയമായ യുദ്ധങ്ങളായിരുന്നു.

1914-18 വരെ നീണ്ടുനിന്നതും യൂറോപ്യൻ ആധിപത്യത്തിന്നുവേണ്ടിയുള്ളതുമായ യുദ്ധം, അപ്രതീക്ഷി

# വിജയം നേടിയ മൂന്നു മഹാരഥന്മാർ




പണ്ടൊരിക്കലുംതന്നെ, ഇത്രമേൽ ശോഭനമായ ചരിത്രം സൃഷ്ടിച്ച മൂന്നു നേതാക്കന്മാരുണ്ടായിട്ടില്ല.

യുദ്ധത്തിന്നു മുമ്പുതന്നെ സ്റ്റാലിനും റൂസ്‌വെൽററും അവരുടെ രാജ്യത്തിൻെറ അധികാരികളായിരുന്നു. എന്നാൽ ചർച്ചിൽ, യുദ്ധംകൊണ്ടുമാത്രമാണു് നേതൃത്വത്തിൽ എത്തിയതു്. ചരിത്രത്തിലെ ഏററവും ദുഃഖഭൂയിഷ്ഠവും വിഷമപ്രദവുമായ ഈ യുദ്ധത്തിൽ ഈ മൂന്നു നേതാക്കന്മാരുടേയും വിലയും നിലയും എത്രമേൽ അമൂല്യമായിരിക്കുമെന്നു് സ്വന്തരാജ്യത്തിലെ ആളുകൾപോലും മനസ്സിലാക്കിയിരിക്കയില്ല. ഇന്നു ആ മൂന്നു നാട്ടിലെ ജനതകളല്ല, ലോകത്തിലെ മുഴുവനും ജനങ്ങൾ അവരുടെ പ്രവർത്തനവൈദഗ്ദ്ധ്യത്തെ പ്രശംസിച്ചു വരുന്നു.

എന്നാൽ ഇനിയും ഒരു മഹൽപ്രശ്നം ബാക്കിയുണ്ടു്. സമാധാനപ്രശ്നം. അതു് പരിഹരിക്കുന്നതിന്നു് ശ്രമങ്ങൾ ആരംഭിക്കപ്പെട്ടുവരുന്നു.

റൂസ്‌വെൽട്ടു്, ചർച്ചിൽ, സ്റ്റാലിൻ ഇവരെപ്പോലെ വിരുദ്ധവും, വിഭിന്നവുമായ പശ്ചാത്തലങ്ങളിൽ വരുന്ന മൂന്നുപേരെ വേറെക്കാണുവാൻ വിഷമമാണു്. സ്വന്ത രാജ്യരക്ഷക്കുവേണ്ടി അവർ വ്യത്യാസങ്ങളെല്ലാം വിസ്മരിച്ചു. അതിൽ യാതോരു വിഷമവുമുണ്ടായില്ല. ജനങ്ങൾ അവരുടെ പിന്നിലുണ്ടായിരുന്നു—വിജയം നേടാൻ കച്ചകെട്ടിയ വീരന്മാരായ ജനങ്ങൾ.

---

തമായിരുന്നു. എന്നാൽ ആ ശ്രമം പരാജയപ്പെടുത്തി അതിന്നുശേഷം സംരക്ഷണയ്ക്കു് പ്രാഥമികമായും ചുമതലപ്പെട്ടിരുന്ന രാജ്യങ്ങൾ, സഖ്യരാഷ്ട്രത്തിൽ ചേർന്നില്ല; പലരും അതിൽനിന്നു ഒഴിഞ്ഞുമാറി. ഇററലിയും ജപ്പാനും, ഫാസിസ്റ്റു് നാസിതത്വങ്ങളും പരത്തി കൂട്ടുകൂടി, അപ്രതിരോധ്യമായ അച്ചുശക്തികളായിത്തീർന്നു. അങ്ങിനെ ഒരു മറെറാരു വിപത്തു് ഭൂമുഖത്തു് ഉണ്ടാക്കി.

ഇന്നു ആഹ്ലാദിക്കുന്നവർക്കും, സാൻഫ്രാൻസിസ്കോവിലിരുന്നു ഭാവിയെപ്പററി ചിന്തിക്കുന്നവർക്കും, ഞങ്ങൾ ഒരു മൌലികസംഗതി ഓർമ്മിപ്പിക്കട്ടെ. ജർമ്മനിയും, ജപ്പാനും നശിച്ചു കഴിഞ്ഞാൽ പിന്നെ നാലു വമ്പിച്ചസൈനികശക്തികൾ നിലവിലുണ്ടു്—അമേരിക്ക, ബ്രിട്ടൻ, റഷ്യ, ചൈന. ഇതിൽ ചൈന ഇന്നു് ഒരു ഗണ്യമായ സൈനികശക്തിയല്ലെങ്കിലും നാളെ അങ്ങിനെയാകുന്നതാണു്. ഈ രാഷ്ട്രങ്ങളുടെ തീരുമാനവും നിശ്ചയവുമനുസരിച്ചായിരിക്കും ലോകസംരക്ഷ പുലർത്തേണ്ടിവരിക. എന്നെങ്കിലും അമേരിക്കയോ, ബ്രിട്ടനോ, റഷ്യക്കോ തനിച്ചു അച്ചുശക്തികളെ തോല്പിക്കാൻ സാധിക്കാത്തപോലെ ഈ ശക്തികളുടെ ഒരു യോജിപ്പുകൊണ്ടും ഐക്യംകൊണ്ടും മാത്രമേ ഭാവിയിൽ ആക്രമണസംരംഭത്തിൽനിന്നു ലോകത്തെ പുലർത്തുവാനും സാധിക്കുകയുള്ളൂ. ചതുശ്ശക്തികൾക്കു ഒരു മേധാവിത്വമുണ്ടായിരിക്കുമെങ്കിലും, എല്ലാ രാഷ്ട്രങ്ങൾക്കും ഈ പരിശ്രമത്തിൽ പങ്കെടുക്കേണ്ടിവരും.

അതുകൊണ്ടു് സാൻഫ്രാൻസിസ്കോ പ്രതിനിധികളോടും, അവരെ അയച്ച രാഷ്ട്രങ്ങളോടും, അവിടുത്തെ വാർത്തകളെ പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങളോടും, ഈ മഹൽശക്തികളെ ഭിന്നിപ്പിക്കാൻ ശ്രമിക്കാതെ യോജിപ്പിച്ചു് മനുഷ്യത്വത്തിന്നു് ഒരു സേവനം ചെയ്യുന്നതിന്നു ഞങ്ങൾ അപേക്ഷിക്കട്ടെ.

ഈ കൂട്ടുകെട്ടു് ബാക്കിയുള്ളവരെ മർദ്ദിക്കുന്നതിന്നും ചൂഷണം ചെയ്യുന്നതിന്നുമല്ല. കാരണം അങ്ങിനെ എതിർപ്പു വരുമ്പോൾ ഈ കൂട്ടുകെട്ടുതന്നെ തകർന്നുപോവും. അഥവാ കൂട്ടുകെട്ടിൽതന്നെ പെട്ട കക്ഷികളുടെ അനുഭാവം വിഭിന്നമായിവരും. സാമ്പത്തികമായ അന്തർദ്ദേശീയബന്ധവും ആശ്രയവും ഉള്ള ഇക്കാലത്തു് ഒരുക്കും പ്രത്യേക സ്വാധീനതാപ്രദേശങ്ങൾ വിഭജിക്കുന്നതിന്നും സാദ്ധ്യമല്ല.

അവസാനമായി, വിജേതാക്കളായ ശക്തികൾ "മനുഷ്യർ ജീവനേക്കാൾ മതിക്കുന്ന സ്വാതന്ത്ര്യങ്ങളെ സുരക്ഷിതമാക്കുന്ന നിയമങ്ങൾ പുലർത്തുന്നപക്ഷം മാത്രമേ അധികാരം അനുവദിക്കപ്പെടുകയുള്ളൂ" വെന്നു മനസ്സിലാക്കണം. ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളെ രക്ഷിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തത്വത്തിന്മേൽ അധിഷ്ഠിതമായ ഒരു അന്തർദ്ദേശീയ സംഘടനയുടെ അഭാവത്തിൽ, യാതൊന്നുംതന്നെ സാദ്ധ്യമല്ലെന്നും മഹൽശക്തികൾ മനസ്സിലാക്കണം.

സുപ്രസിദ്ധ റഷ്യൻ യുദ്ധലേഖകൻ ജർമ്മനിക്കുള്ളിൽ

കണ്ടകാഴ്ചകളെ വിവരിക്കുന്നു—

# കഴുതകൾ പുലിത്തോൽ ഉപേക്ഷിക്കുന്നു!

(ഇല്യ എഹ്റൻബർഗ്ഗ്.)

ഒരു പ്രഷ്യൻ നഗരത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന ദിനപത്രത്തിന്റെ പത്രാധിപരുടെ ആഫീസിൽ ഞാൻ ചെന്നു നോക്കി. കയ്യെഴുത്തുപ്രതികളുടെയും, ഗാലിപ്രൂഫുകളുടെയും ഇടയിൽ ആ പത്രത്തിന്റെ നിരവധി പ്രതികൾ കിടന്നിരുന്നു. ഞാനതിലൊന്നെടുത്തു നിവർത്തി; കുറച്ചിട എനിക്കു പുഞ്ചിരിതൂകാതിരിക്കാൻ സാധിച്ചില്ല.

അതിൽ ഹിററ്ലരുടെ ഒരുത്തരവു വെണ്ടയ്ക്കാ അക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ ആ കിറുക്കൻ, ഇല്യ എഹ്റൻബർഗ്ഗിനെ ഒരു 'ഇമ്പാച്ചി' യാക്കാൻ ശ്രമിച്ചതായി കണ്ടു. എന്നാലും ഈസ്റ്റ് പ്രഷ്യ അപ്രതിഹതമാണെന്നു ആയാൾ പ്രസ്താവിച്ചിരുന്നു.

ആ ഈസ്റ്റ് പ്രഷ്യയിൽ തന്നെ, കുറച്ചു ആഴ്ചകൾക്കുശേഷം, അതേ ഇല്യ എഹ്റൻബർഗ്ഗ്! പത്രാധിപരുടെ മേശയുടെ അരികിൽ നിൽക്കുന്നു. ആലോചിക്കാൻ രസമുള്ള ഒരു സംഗതിയാണതു്.

സമയം സമാഗതമായി. നമുക്കിനി ഭാവികാലത്തിൽ പറയേണ്ടതില്ല. എല്ലാം ഇതാ സംഭവിക്കുന്നു.

സ്പെയിനിൽനിന്നുള്ള ഹൃദയസ്പൃക്കായ ജനങ്ങളുടെ തിക്കിത്തിരക്കിയുള്ള ഒഴിച്ചുപോരൽ ഞാൻ കണ്ടിട്ടുണ്ടു്. വടക്കൻ കാററലോണിയ ചിന്നിച്ചിതറപ്പെട്ടിരിക്കുന്നു; പരിത്യജിക്കപ്പെട്ട സാമാനങ്ങളും തലകീഴ്മേൽ മറിഞ്ഞു കിടക്കുന്ന വണ്ടികളും റോഡിൽ സർവ്വത്ര കിടക്കുന്നു ആയിരക്കണക്കിൽ സ്ത്രീകളും കുട്ടികളും അങ്ങുമിങ്ങും അലഞ്ഞു നടക്കുന്നു. മേലെനിന്നു ജർമ്മൻ വൈമാനികന്മാർ മെഷീൻ തോക്കു ജനങ്ങളുടെ നേക്കൊഴിച്ചുകൊണ്ടു പാടുന്നു.

"ഞങ്ങൾ ജർമ്മനിയിലെ വൈമാനികന്മാരാണു്. എല്ലാ അത്ഭുതികൾക്കും മേലെ വിജയോന്മത്തരായി ഞങ്ങൾ പറന്നു നടക്കുന്നു."

കൊലയാളികളുടെ പാട്ടു്.

അതേ, അക്കാലത്തു "അവർ" വിജയോന്മത്തരായിരുന്നു. ആ സ്പാനിഷ് കുഞ്ഞുങ്ങളുടെ മൃതദേഹം എനിക്കു വിസ്മരിക്കാൻ സാദ്ധ്യമല്ല.

രണ്ടു കൊല്ലങ്ങൾക്കുശേഷം ജൂൺ 1940 ൽ ഫ്രാൻസിലെ തെരുവുകളിൽ അതേവിധം ശകലിതമായ ശകടങ്ങളും കുട്ടികളുടെ ശവങ്ങളും, എങ്ങോട്ടെന്നു തങ്ങൾക്കുതന്നെ അറിയാതെ ഓടുന്ന അഭയാർത്ഥികളേയും ഞാൻ കാണുകയുണ്ടായി. അവർ ഓടുകയാണു്. ജർമ്മൻകാരിൽനിന്നു രക്ഷപ്പെടണമെന്നേ അവർക്കൊരു വിചാരമുള്ളു.

അപ്പോഴും, ആ വീരന്മാരായ വിജിഗീഷുക്കൾ മേലെ നിന്നു ആളുകളെ ചുട്ടുകൊന്നു. അവർ പാടി.

"ഫ്രാൻസിന്റെ ഹൃത്തിലേക്കായു്
പാഞ്ഞു പോകുന്നു ഞങ്ങൾ.
ലോകത്തെ തുണ്ടുതുണ്ടായു്
വീഴ്ത്തിടുന്നല്ലോ ഞങ്ങൾ."

വീണ്ടും 1941 വേനൽക്കാലം. കർഷകന്മാരുടെ വണ്ടികൾ പോകുന്ന കിരുകിരാ ശബ്ദം; കത്തിയെരിയുന്ന നഗരങ്ങളും ഗ്രാമങ്ങളും; അവസാനമടുത്തു കിടാങ്ങളുടെ മരണശ്വാസം ജർമ്മൻകാർ പാടി.

"പോകുന്നു ഞങ്ങൾ കിഴക്കോട്ടു, പോകുന്നു
പൂകുന്നു ഞങ്ങൾ വിജയമാർഗ്ഗം.
ചുട്ടുതിളക്കുന്നു ഞങ്ങടെ നാഡിയിൽ
ശുദ്ധമാമാ ജർമ്മൻ രക്തമിപ്പോൾ.
രക്തചരവിയാന്നു കാല്യം പുലരുന്നു,
പൂർവ്വാശ തന്നിൽ പുതുമയോടെ
പ്രഷ്യക്കാർ, ബാൾട്ടിക്കിൻ തീരത്തിൽനിന്നു [ള്ളോർ,
നിത്തുകില്ലെങ്ങളെ യേതൊന്നുമേ."

ഇപ്പോൾ നോക്കു ജർമ്മനിയിലെ റോഡുകൾ! മുട്ടലവും, ഇരുവശങ്ങളിലും മരങ്ങളുള്ളതുമായ ആ റോഡുകൾ, ഇന്നു ഉപേക്ഷിക്കപ്പെട്ട വണ്ടികൾ, പെട്ടികൾ, തൂലശയ്യകൾ, ഇവയാൽ വികൃതമായിക്കിടക്കുന്നു. ഇതാ ഒരു സ്ത്രീയുടെ ഗൌൺ. ഒരു നികുതി പിരിവുകാരനായ ഇൻസ്പെക്ടരുടെ ചില പത്രങ്ങളിതാ ചുരുണ്ടു പാറിക്കളിക്കുന്നു. ഇതാ ഒരു നടിയുടെ കുപ്പായം; കുറെ പാത്രങ്ങൾ അതാ മറെറാരിടത്തു കിടക്കുന്നു.

അഭയാർത്ഥികൾ വരിവരിയായി യുദ്ധനിരയിൽ അകപ്പെട്ടു. കീറിയ ഒരു പായിൽനിന്നു ഓലകൾ വസന്തമാരുതനിൽ പറക്കുന്നു. കറക്കാത്ത പശുക്കൾ, ദയനീയമാം വിധം കുനിഞ്ഞു നടക്കുന്നു. നഗരങ്ങളിൽനിന്നു തീജ്വാലകൾ പുറപ്പെടുന്നു. വീട്ടുമൃഗങ്ങൾ "കുമ്പിരികത്തി" പ്പായുന്നു.

പതിനായിരക്കണക്കിൽ ജർമ്മൻ സ്ത്രീകളും കുട്ടികളും കിഴക്കോട്ടു നടക്കുന്നു. അവർ എവിടേയ്ക്കെങ്കിലും ഓടി രക്ഷപ്പെടണമെന്നാശിച്ചു. എന്നാൽ അവർക്കു രക്ഷപ്പെടുവാൻ സാധിച്ചില്ല. അതുകൊണ്ടു അവരിപ്പോൾ വീട്ടിലേക്കു തന്നെ മടങ്ങിപ്പോവുകയാണു്.

നിങ്ങളെ നന്ദിപൂർവ്വമല്ലാതെ അവർ വന്ദിക്കും. അവരിൽ ഒരാൾ എന്നോടു പറഞ്ഞു, "സ്റ്റാലിൻ വിജയിച്ചു. ഞാൻ വീട്ടിലേക്കു പോവുകയാണു്." അവരുടെ വീടുകൾ വെടിയുണ്ടകളേററു ഇടിഞ്ഞു തകന്നിരിക്കുന്നു. അവരുടെ സാമാനങ്ങൾ വഴിവക്കിൽ ആരും ശ്രദ്ധിക്കാതെ ചപ്പുചവറുപോലെ കിടക്കുന്നു. ലോകംമുഴുവനും പിടിച്ചടക്കാമെന്നുള്ള അവരുടെ ആശ നമ്മുടെ ടാങ്കുകൾക്കടിയിൽ കിടന്നു ചതഞ്ഞരഞ്ഞു പോയി.

കിഴവികളായ ജർമ്മൻ സ്ത്രീകളും കുട്ടികളും ഓടിയൊളിക്കുന്ന ആ കാഴ്ചയിൽ എനിക്കു യാതൊരു ആനന്ദവുമില്ല. നമ്മൾ ശിശുക്കളോടല്ല യുദ്ധം ചെയ്യുന്നതു്. കിഴവന്മാരോടു പ്രതികാരം ചെയ്യുകയല്ല നമ്മുടെ ഉദ്ദേശം. ഞങ്ങൾ ഫാസിസ്റ്റുകാരല്ല, ഈസ്റ്റ് പ്രഷ്യ മുഴുവനും ഞങ്ങൾ പിടിച്ചടക്കി. അതു പ്രതികാരമാണു്. അതു നീതിയാണു്. ജർമ്മനിയിലെ ഏററവും ഗർവ്വം പിടിച്ച ആ സംസ്ഥാനം കത്തിയെരിയുമ്പോൾ എനിക്കു ഹൃദയം സന്തോഷതുന്ദിലമാവുന്നു.

## വേറ എവിടെ?

ജർമ്മൻ നഗരങ്ങളുടെ തെരുവുകളിലൂടെ പോവുമ്പോൾ എനിക്കെന്താണു് ഇത്ര ആനന്ദം? മോസ്കോവിൽനിന്നു എൽബിങ്ങിലേക്കു ഞാൻ പോയി. ആ യാത്രയിൽ സ്മോളൻസ്ക്, ബൈലോ റഷ്യ, ലിത്വേനിയ ഇവ വീണ്ടും സന്ദശിച്ചു. ഞാൻ പോളണ്ടിലൂടെ കടന്നുപോന്നു.

ക്രാസ്നോയ് ഗ്രാമ—ഗ്രാമമോ? അല്ല ഒരു കൂട്ടം കുഴികൾ—ത്തിൽ ഞാൻ ഒരു രാത്രി കഴിച്ചുകൂട്ടി. ഒരു കിഴവൻ എന്നോടു പറഞ്ഞു, "ഒരുപക്ഷേ എന്റെ മകളെ നിങ്ങൾ ജർമ്മനിയിൽ കാണാനും മതി. അവളുടെ പേർ വേറ എന്നാണു്. ചെകുത്താന്മാർ അവളെ എടുത്തുംകൊണ്ടുപോയി."

രക്തം, ചാമ്പൽ, കണ്ണുനീർ ഇവ ഇഴുകിപ്പിടിച്ച ആ പാതയെല്ലാം പിന്നിട്ടുവരുന്ന ഒരാൾക്കു എങ്ങിനെയാണു് സന്തോഷിക്കാതിരിക്കാൻ കഴിയുക?

ജർമ്മൻകാർ എത്ര 'ബേജാറോടു' കൂടിയാണു് ഓടിപ്പോയതെന്നു നമ്മുടെ പത്രങ്ങളിൽ പ്രസ്താവിക്കാറുണ്ടു്. ശാപ്പാടിനുള്ള എല്ലാം തയ്യാറാക്കി വിളമ്പിയതിനുശേഷം, ഞതൊക്കെ ഉപേക്ഷിച്ചു അവർ ഓടിപ്പോകാറുണ്ടു്. ഒരിക്കൽ ഒരു ചുവപ്പു പടയാളി താൻ കുളിമുറിയിൽ കണ്ട സോപ്പു പതയുള്ള ഒരു ബ്രഷ്ഷിനെപ്പററി എന്നോടു പറഞ്ഞു—ഒരു ഭാഗം താടി വടിക്കാതെ അതിന്റെ ഉടമസ്ഥൻ പേടിച്ചു പാഞ്ഞതായിരിക്കാം!

## ആർത്തിയുടെ മൂർത്തികൾ

എന്തിനാണു് ജർമ്മൻകാർ ക്രാസ്നോയി ഗ്രാമത്തിലെ നിവാസികളുടെ കയ്യിൽനിന്നു ഉറുമാലുകളും, പുതപ്പുകളും, കരണ്ടികളും കവന്നെടുത്തുകൊണ്ടു പോവുന്നതു്? അവർക്കാവശ്യമുള്ളതുകൊണ്ടാണൊ? അല്ല—വെറും ദുരകൊണ്ടുമാത്രം. കരണ്ടികളും, ബ്ലാങ്കററുകളും അവർക്കു സമൃദ്ധമായുണ്ടു.

ഒരു ജർമ്മൻവീട്ടിൽ, ലെനിൻഗ്രാഡിലെ ഒരു തൊഴിൽശാലയുടെ ട്രേയിഡ്മാക്ക് ഉള്ള ഒരു മേശ ഞാൻ കാണുകയുണ്ടായി. എന്തായിരുന്നു ജർമ്മൻകാരനു അതുകൊണ്ടാവശ്യം? ആയാൾക്കു് അതിനു മുമ്പെതന്നെ അഞ്ചുമേശയുണ്ടായിരുന്നു. ജർമ്മൻ വീടുകളിൽ സാമാനങ്ങൾ കുത്തിനിറക്കപ്പെട്ടിരിക്കുന്നു. ചുമരുകളിലെല്ലാം അലമാരികൾ ചിത്രങ്ങൾ, പാത്രങ്ങൾ ഇവകൊണ്ടു് മറഞ്ഞിരിക്കുന്നു. കൂട്ടത്തിൽ ഹിണ്ടൻ ബർഗ്ഗിന്റേയും ഹിററ്ലരുടേയും ചിത്രങ്ങളും ടവലുകളിന്മേൽ ആപ്തവാക്യങ്ങളെഴുതിയിട്ടുമുണ്ടു്. "ഒരു നല്ല തറവാടിത്തത്തിന്റെ അടിസ്ഥാനം ശുചിയാണു്." പരവതാനികളിലുമുണ്ടു്. 'മധുരസ്വപ്നങ്ങൾ' എന്നു ചിലപ്പോൾ നിങ്ങൾ ഭോഷത്വം പിടിച്ച ഒരു തമാശകണ്ടു് ചിരിച്ചുപോകും. ഒരു സിഗററ് തട്ടിൽ എഴുതിയിരിക്കുന്നു, "ജെണ്ടിൽമെന് വേണ്ടി മാത്രം എന്നു്."

അവർക്കു ധാരാളം ഭൂമിയും, വീടും, വീട്ടുസാമാനങ്ങളും ഉണ്ടായിരുന്നു. അവർ ബൈലോറഷ്യയിലെ കുടിലുകൾ കൊള്ളയടിച്ചിരുന്നുവെങ്കിൽ അതു ദാരിദ്ര്യംമൂലമല്ല ആർത്തികൊണ്ടുമാത്രമാണു്.

സോവിയററു സേനയിലെ ഒരു നേതാവു ഇപ്പോൾ താമസിക്കുന്ന ആ വീട്ടിൽ ഒരിക്കൽ ഹിററ്ലർ താമസിച്ചിട്ടുണ്ടു്. ചുമരിന്മേൽ ഒരു ചിത്രം തൂങ്ങിക്കിടക്കുന്നുണ്ടു്. ആ ഗൃഹനായികയുടെ പുത്രി ഫ്യൂററക്കു് ഒരു പുഷ്പശില്പകം നൽകുന്നതു്. ആ ഭ്രാന്തൻ അറിയട്ടെ അവന്റെ ചിത്രത്തിനു ചുവട്ടിൽ ഞാൻ കിടന്നുറങ്ങിയെന്നു്.

റോസ്റ്റൻബർഗിലെ സോവിയററു് സൈന്യാധിപനായ മേജർ റോസൻ ഫെൽഡ്, നഗരത്തിൽ ശാന്തംവരുത്തിയിട്ടുണ്ടെന്നു്. "പുതിയ മുറ" പ്രകാരമല്ല, മനുഷ്യ സഹജമായ രീതികൾ കൈക്കൊണ്ടിട്ടാണു് ഇങ്ങിനെ ചെയ്തിരിക്കുന്നതു്. ജർമ്മൻ പെണ്ണുങ്ങളും, വയസ്സന്മാരായ പുരുഷന്മാരും തെരുവു് തൂത്തുവാരുന്നു. അവർ ആജ്ഞ കിട്ടുന്നതിനു ഉൽക്കണ്ഠിതരായി കാത്തു കഴിയുകയാണു്.

സൈന്യാധിപന്റെ കുടുംബത്തെ മുഴുവനും ജർമ്മൻകാർ കൊന്നു. എന്നിട്ടും ആയാൾ അതിനു പ്രതികാരം ചെയ്യുന്നില്ല. അരക്ഷിതരായവരെ



ഫ്രാൻസിൽനിന്നും ബെൽജിയത്തിൽനിന്നും തടവുകാരാക്കിപ്പിടിച്ച ആയിരമായിരം ജർമ്മൻ തടവുകാർ



1939 ൽ ഹിററ്ലർ തൻെറ സേനകളെ പരിശോധിക്കുന്നു

കൊത്തിക്കൊല്ലുന്നതിൽ അദ്ദേഹം താല്പര്യം കാണിക്കുന്നില്ല. ഇന്നലത്തെ 'അതിമാനുഷന്മാരെ' പണിയെടുപ്പിക്കുന്നതിന്നും ആജ്ഞകൾ അനുസരിപ്പിക്കുന്നതിന്നും അദ്ദേഹം നിർബ്ബന്ധിക്കയെ ചെയ്യുട്ടുള്ളു. ഒരുപക്ഷെ ഏററവും മധുരമായ പ്രതികാരം അതായിരിക്കാം.

ശരിയാണ് അവരെല്ലാം കുനിഞ്ഞു കുമ്പിട്ടു പറയാറുണ്ട്, "ഞങ്ങൾ ഹിററ്ലർക്കെതിരായിരുന്നു" ചില ഫാസിസ്റ്റുകൾ മുഷ്ടി ചുരുട്ടി "ചുകന്ന മുന്നണി" എന്നു ആർത്തുവിളിക്കുക കൂടി ചെയ്യുന്നുണ്ട്. ഞങ്ങളുടെ ആളുകൾ അവരോടു സംസാരിക്കാറില്ല; വാദപ്രതിവാദം ചെയ്യാറില്ല; അവരെ അധിക്ഷേപിക്കാറില്ല. ഇമ്മാതിരി ജനങ്ങളെ അധിക്ഷേപിക്കുകയും, അവരോടു വാദപ്രതിവാദം ചെയ്കയും, ചെയ്യുന്നതിലും മേത്തരമായ ഒന്നു ഞങ്ങളുടെ പക്കലുണ്ട്. അവരുടെ മറുപടി ഇതാണ്—മൌനം.

അവർ പണിയെടുക്കട്ടെ, അവർ ചെയ്തതിനെ ഓർത്തു അവർ സ്വല്പമെങ്കിലും പശ്ചാത്തപിച്ചു പ്രായശ്ചിത്തം ചെയ്യട്ടെ. കുററവാളികളെ തീർച്ചയായും ശീഘ്രഗതിയിൽ ന്യായമായ വിധത്തിൽ ശിക്ഷിക്കും.

## "ഞാനൊന്നു മറിഞ്ഞില്ലപ്പാ"

അവരുടെ രാജ്യക്കാർ റഷ്യയിൽ അനുവർത്തിച്ച അക്രമങ്ങളേയും അഴിമതികളേയും പററി മിക്കവാറും എല്ലാ ജർമ്മൻകാരും അജ്ഞത പ്രകടിപ്പിക്കുന്നു. അവരെ അഗ്നികുണ്ഡത്തിലിടുന്നതിനോ, വിഷവാതക മുറിയിലിട്ടടച്ചു പൂട്ടുന്നതിന്നൊ ഞങ്ങൾ ഉദ്ദേശിക്കുന്നതില്ലെന്നു ബോധ്യമാവുമ്പോൾ അവർ പറയുന്നു: "ഉവ്വ് അവധിയിൽവന്ന പട്ടാളക്കാർ പറഞ്ഞു. വാർസാ, കീവ്, സ്മോളൻസ്ക് ഇവിടങ്ങളിൽ ചെയ്ത ദുരിതങ്ങൾക്കുള്ള ഫലമാണു ഞങ്ങളിപ്പോൾ അനുഭവിക്കുന്നത്."

ഫ്രാൻബെർഗ്ഗിലെ കത്തോലിക്ക് ബിഷപ്പിൻെറ പരികർമ്മിയായ അലോസ് മാക്സ്‌വൽട്ടുമായി ഞാൻ സംസാരിച്ചു. ജർമ്മൻകാർ യൂറോപ്പിനെ രക്തക്കളത്തിൽ ആഴ്ത്തി എന്ന് അദ്ദേഹം സമ്മതിച്ചു.

ജർമ്മൻകാരെ എന്തുചെയ്യേണമെന്നു ഞാനദ്ദേഹത്തോടു ചോദിച്ചു. രാജ്യതന്ത്രജ്ഞതയോടെ അദ്ദേഹം പറഞ്ഞു, "അവർ മററുള്ളവരുടെ പേരിൽ അനുവർത്തിച്ച നയമല്ലാത്ത മറെറന്തും."

റൊസ്റ്റൻബർഗ്ഗിലെ ലൂഥേറിയൻ പാസ്റ്റർ മറെറാരവസരത്തിൽ ഇങ്ങിനെ അഭിപ്രായപ്പെട്ടു: ഞങ്ങൾ മട്ടിക്കപ്പെടുന്നു.

അതാണവർക്ക് എപ്പോഴും പറയാനുള്ള കഥ.

ഇവർക്ക് യാതൊരു അന്തസ്സും ഇല്ല. ഈ നിഷേയുടെ ശിഷ്യന്മാർക്ക് അല്ലാ, അവർ നിഷേയുടെ ശിഷ്യന്മാരുമല്ല. കുറുക്കന്മാരുടേയും ആടുകളുടേയും ഒരു സങ്കരസന്താനമാണ് അവർ.

ജർമ്മൻ പത്രങ്ങൾ പറയാറുണ്ട് ഞങ്ങൾ വിജനപ്രദേശങ്ങളാണ് അധീനിക്കുന്നതെന്നു. വെറും അസംബന്ധം! റാസ്റ്റൻബർഗ്ഗിലെ നിവാസികളിൽ പാതിയിലധികവും പോയിട്ടുള്ളു. അങ്ങിനെതന്നെയാണ് മററുള്ള സ്ഥലങ്ങളിലെ കഥയും. ഇന്നു അവർ നിങ്ങളെ വന്ദിക്കുന്നു. ചുണ്ടുകൾ കൊട്ടിച്ചിരിക്കാൻ ശ്രമിക്കുന്നു.

എൽബിങ്ങിലെ ഒരു പൌരൻ ജനവരി 16-ാംനു എഴുതിയ കത്തിലെ ഒരു വാചകമാണിതു്. "പടിഞ്ഞാറു നമ്മുടെ കാര്യങ്ങൾ ശരിയായിത്തന്നെ നടക്കുന്നു. റഷ്യക്കാരെ സംബന്ധിച്ചാണെങ്കിൽ, അവർക്ക് അവരുടെ മണ്ണിൽനിന്നു മാത്രമേ പൊരുതുവാൻ സാധിക്കുകയുള്ളു. ഒരു കൊച്ചുകുഞ്ഞിന്നും അറിവുള്ള ഒരു സംഗതിയാണിതു്."

എന്നാൽ ലോകത്തിന്നു മുഴുവനും തന്നെ അറിയാം, ചുവപ്പു സേനയെ തടുത്തുനിർത്താൻ യാതൊന്നിന്നും കഴിയുകയില്ലെന്നു. ഈസ്റ്റ് പ്രഷ്യയിലെ തടവുപാളയത്തിൽനിന്നു വിമോചിതരായ റഷ്യക്കാർക്ക്, ഫ്രഞ്ചുകാർക്ക, ഇംഗ്ലീഷുകാർക്ക്, പോളണ്ടുകാർക്ക് ഇവരെല്ലാം ഇതറിഞ്ഞിട്ടുണ്ട്. നമ്മുടെ സഖ്യശക്തികൾക്ക് തീർച്ചയായും അതറിയാം. സ്വീററ്സ്സർലണ്ടിലെ രാജ്യതന്ത്രജ്ഞന്മാർക്കും ഇതറിയാം.

# *ഉസ്ബക്കിസ്ഥാനിലെ സമരകവിയിത്രികൾ

ജർമ്മനിയുടെ കൈരാതകമായ ആക്രമണം ആരംഭിച്ചു. നാസി സൈന്യം സോവ്യററു ഡിസ്ത്രിക്കുകളിൽ താല്ക്കാലികമായിട്ടെങ്കിലും താവളമുറപ്പിച്ചു. അമ്മമാരേയും കുഞ്ഞുങ്ങളേയും ജുഗുപ്സാവഹമായ നിലയിൽ വേട്ടയാടി. വൃദ്ധന്മാരേയും യുവാക്കളേയും ദാസ്യവൃത്തി ചെയ്യിക്കുവാൻ രാജ്യത്തേക്കു പിടിച്ചു കൊണ്ടുപോയി. കൈത്തൊഴിൽശാലകളും സാംസ്കാരിക കേന്ദ്രങ്ങളും നശിപ്പിച്ചു. ഇത്തരുണത്തിൽ സോവിയററിന്റെ എല്ലാ നാഡിഞരമ്പുകളിലേയും രക്തം തിളച്ചു മറിഞ്ഞു. അവിടത്തെ സകല ജനവിഭാഗവും ഒരുമിച്ചു ജന്മഭൂമിക്കു വേണ്ടി ആത്മാർപ്പണം ചെയ്യുവാൻ യുദ്ധമുന്നണിയിലേക്കു ത്വരിതപ്രയാണം ചെയ്തു. അക്കൂട്ടത്തിൽ തൂലികയും തോക്കും ഒരേ സമയത്തു ഉപയോഗിക്കുന്ന വീരവതികളായ ഉസ്ബക്ക് വനിതകൾ ലോകത്തിനു മാതൃകയാണ്. ഐഡിന്റെ യുദ്ധകാല കഥകൾ ഉസ്ബക്കിലെ സ്ത്രീകൾ കൈത്തൊഴിലും കൃഷിയും കൊണ്ടു രാഷ്ട്രത്തെ സഹായിക്കുന്ന സമ്പ്രദായങ്ങളെ വ്യക്തമായി ചിത്രീകരിക്കുന്നു. സൽഫിയായുടെ വികാരാത്മകമായ യുദ്ധഗാനസമുച്ചയമാണ് "കർത്തവ്യം." രാജ്യത്തിനു വേണ്ടി പോരാടുന്നവന്റെ ഭാര്യയോടുള്ള കർത്തവ്യം രാജ്യത്തോടുള്ള കർത്തവ്യവും അവിഭാജ്യമാണെന്ന മഹനീയാശയത്തെ പ്രസ്തുത ഗ്രന്ഥം പ്രസ്പഷ്ടമാക്കുന്നു.

പൌരസ്ത്യാചാരമനുസരിച്ച് പ്രതിശ്രുതയായ കന്യക അവളുടെ കൈവേല വിലസുന്ന ഒരു തുണി കഷ്ണം വരനു സമ്മാനിക്കേണ്ടതുണ്ട്. യുദ്ധകാലപരിതസ്ഥിതിയിൽ കന്യകമാർ അതു നിർവ്വഹിക്കുന്നതു് മഹനീയമായ ഒരു വികാരതരളതയോടുകൂടിയാണ്. അതിനെ കുറിച്ചു സൽഫിയാ പാടുന്നു:

"നിൻചാരുനേത്രങ്ങൾകാണ്മതുണ്ടിന്നു ഞാ-
നിപ്പാരിതോഷികത്തിങ്കലൂടെ,
തൂലികത്തുമ്പേകു മക്ഷരമാലപോൽ
തൂമയിൽ കൈലേസിൻ തുന്നലുകൾ,
എന്നു മനശ്ശരമാണെന്റെ പ്രേമമെ-
ന്നെന്നാഥനോടുരചെയ്തിടുന്നു.

ഗ്ര. സാവോസ്ക്കിയുടെ സുപ്രസിദ്ധമായ "വിയോഗ"ത്തിനു സമാധാനമായി സൽഫിയാ എഴുതിയിട്ടുള്ള "വീണ്ടും ചേരും നമ്മൾ" എന്ന കവിതയിൽ, ദാസ്യവൃത്തിക്കായി ജർമ്മനിയിലേക്കു പിടിച്ചുകൊണ്ടുപോകപ്പെട്ട ഒരു സഹോദരിയെ ഗ്രന്ഥകർത്രി സമാശ്വസിപ്പിക്കുന്നു:

അജയ്യമാകും നമ്മുടെ ടാങ്കുകൾ നിന്നുടെ രക്ഷക്കായ്
പറന്നുവന്നിട്ടെതിരിടുമരിയെമടക്കുളം തന്നിൽ.
വിമാനസേനകളാ സന്ദേശം നിനക്കുനൽകീടും
നിമേഷമേതും വൈകീടാതെ യശഃഭടൻപറയും:
"അരിയെയശേഷം ഹനിച്ചു സഖാവെ! നിരാമയത്തോടെ
തിരിച്ചുവാരിക ചെങ്കൊടിപാറും തദീയദേശത്തിൽ"

പ്രസ്തുത ഗ്രന്ഥകർത്രിയുടെ സുദീർഘമായ മറെറാരു കവിത "അവന്റെ പേർ ഫർഖാദെന്നായിരുന്നു" സഖാക്കളെ ആഹ്ലാദോന്മത്തരാക്കുന്ന ഒരു പാനീയമാണ് അതു്. ഒരു വാസ്തവകഥയെ ആസ്പദിച്ചെഴുതിയിട്ടുള്ളതാണതു് ഉസ്ബക്കിലെ പ്രസിദ്ധഗായകനായ "കാബുൽകാരി" അപായകരമാം വിധം മുറിവെററു യുദ്ധഭൂമിയിൽ കിടക്കുമ്പോൾ അവൻ തന്റെ

**ലിഡിയാ ബറെറാവ**

സഖാക്കളെപ്പരിതപ്പെടുത്തുവാൻ വേണ്ടി പാടിയതെന്നു വിചാരിക്കുന്ന ആ ഗീതം ഏതു ഉസ്ബക്കു ഭടന്റെ നാവിലുമുണ്ട്.

ഉസ്ബക്കിസ്ഥാനിലെ താരുണ്യവതിയായ മറെറാരു കവിയിത്രിയാണു റാണോ ഉസാജനോവ. ഉസ്ബക്ക് സ്ഥാനിലെ ഒരു ഫാസിസ്റ്റു വിരോധസമ്മേളനത്തിന്റെ ചെയ്ത കവിതാപ്രസംഗമാണ് അവരുടെ ഏററവും നല്ല സാഹിത്യനിർമ്മിതി.

അപ്രതികാരം-ജ്വലിയ്ക്കട്ടെ നീളെയും
അഗ്നിശിഖപോൽ പ്രതികാര ചിന്തകൾ!
"വെണ്ണീറടിഞ്ഞതാം മൂലധനങ്ങളും
കണ്ണീരിലാണ്ടതാം ഗ്രാമദേശങ്ങളും
ശുദ്ധമണൽക്കാടു മാത്രമായ് മാറിയ
മുഗ്ദ്ധമാം നമ്മുടെ (പൂങ്കാവനങ്ങളും) യാങ്കണസീമകൾ.

പാഴ്ക്കുണ്ടിലേക്കു പതിച്ചതാം മങ്കത-
ന്നാത്മാഭിലാഷങ്ങൾ, പൊന്നിൻകിനാവുകൾ,
തോരാത്ത കണ്ണീരുവാർത്തുവാർത്തങ്ങിനെ
നീറിമരിക്കുന്ന മാതാക്കളായിരം,
ആദരവററതാം പൈതങ്ങൾ പൈദാഹ-
ശാന്തിക്കു പാതയിൽ കേണുനടപ്പതും,
ജന്മഭൂവിന്നായി നിത്യമാത്മാർപ്പണം
നിർവ്വഹിക്കുന്നതാം ദേശാഭിമാനികൾ
നിർമ്മിച്ചിടുന്നതാം രക്തപ്പുഴകളെ
കണ്ടുവോ കണ്ടുവോ നിങ്ങൾസഖാക്കളേ?

അപ്രതികാരം ജ്വലിയ്ക്കട്ടെനീളെയും
അഗ്നിശിഖപോൽ പ്രതികാര ചിന്തകൾ
ചൈതന്യമുള്ളവർ നിങ്ങളെന്നാൽ പ്രതീ-
കാരത്തിനാടോപപൂർവ്വമിറങ്ങുവിൻ!

ചോരയ്ക്കു ചോര, നടക്കട്ടെ സംഗരം
ധീരമായ് ചെന്നുവരണം വിരിക്കുവിൻ!

അഗ്നിയെയഗ്നിവിഴുങ്ങട്ടെ, യോദ്ധാവെ,
യശഃതതെ മുന്നോട്ടുപായിക്കു വേഗമായ്!

അപ്രതികാരം! അരികളെ ധൂളിയായ്
ത്തീർക്കും പ്രതികാര ചണ്ഡ മരുത്തുകൾ.

ഉസ്ബക്ക് വനിതകൾ ഇത്തരം അനവധി കവിതകൾ യുദ്ധത്തിനു സംഭാവന ചെയ്തിട്ടുണ്ട്.

സാനിർ അബ്ദുള്ള സംക്ഷിപ്തമായി ഇതിനെല്ലാത്തിനും സമാധാന പറയുകയാണ്:

"ഓമനേ, നിന്നടുത്തേക്കു വരുവാനുള്ള വെമ്പൽ കൊണ്ടാണ് ഞാൻ യുദ്ധഭൂമിയിലേക്കു കുതിച്ചു പായുന്നതു്."

യുദ്ധഭൂമിയിലേക്കു പോവുന്ന മകനോടു അമ്മ പറയുകയാണു:

യുദ്ധഭൂവിലേക്കാത്ത വേഗം നീ-
യാത്രയായാലും പൈതലേ!

അന്ത്യമാംവരെ സംഗരം ചെയ്യൂ,"
ഞാൻ തുണച്ചീടും നിങ്ങളെ
സിംഹിപോൽവന്നു പോരിടും നീയി-
സംഗരത്തിൽ മരിക്കുകിൽ!

(യൂഗൻ)

എന്നാൽ വേലക്കാരികൾക്കു് സമർപ്പിക്കപ്പെട്ടിട്ടുള്ള അനേകം കവിതകളില്ല. ഉസ്ബക്ക് സ്ഥാനിലെ പട്ടും തുണിയും നെയ്യുന്ന തൊഴിലാളി സ്ത്രീകളെക്കുറിച്ചു, സ്വച്ഛന്ദഗീതമെഴുതുന്നതിൽ വിദഗ്ദ്ധനായ ഗാഫർ ഗൂലിയാം, എയിം ഉമ്മറി, യൂഗൻ മുതലായവർ മനോഹരമായ കവിതകളെഴുതിയിട്ടുണ്ട്. ചുററിയുടെ "പട്ടുകൈ"കളിലെ ഏതാനും വരികൾ ഉദ്ധരിക്കാം.

വിശ്രമമേലാത്തനിൻകൈകൾ നെയ്യുമാര-
പത്രങ്ങളത്രവിചിത്രമത്രേ.

വാനിൽനിന്നുഗ്രശത്രു രാജ്യത്തിറങ്ങിടും-
സോവിയററ് വീരന്മാരിച്ചിറകിൽ.

"സ്ത്രീ" എന്ന എന്റെ സുപ്രസിദ്ധ പദ്യത്തിൽ ഗാഫർ ഗുല്യാം, സ്ത്രീയുടെ യഥാർത്ഥമായ ചിത്രം വരച്ചു കാണിക്കുന്നു—അമ്മയുടേയും സഹോദരിയുടേയും, പത്നിയുടേയും ചിത്രം. "രാജ്യഭക്തി അവളിൽ ജന്മനാ ഉണ്ട്." ജർമ്മൻ ഫാസിസത്തിന്നെതിരായ സമരത്തിൽ സോവിയററു സ്ത്രീകൾ ചെയ്തുവരുന്ന ത്യാഗങ്ങളേയും സേവനങ്ങളേയും ആകമാനം ചുരുക്കിപ്പറയുന്ന ഒരു മുദ്രാവാക്യമാണിതു്.

* വിവർത്തകൻ പി. എസ്. ഡി.

# ആഫ്രിക്കൻ വിജയങ്ങൾ

## ഇന്ത്യക്കാരുടെ വീരകൃത്യങ്ങൾ.

നാസി യൂറോപ്പിനെ ആക്രമിക്കുന്നതിന്റെ പ്രാഥമികോപാധി വടക്കൻ ആഫ്രിക്കയിലുള്ള നാസി ഫാസിസ്റ്റുകളെ എതൃത്തു തോല്പിക്കുക എന്നതായിരുന്നു. ജർമ്മൻ ജനങ്ങളെ വെറികൊള്ളിച്ചതും, വിറളി പിടിച്ചതും ആ ആ കൊടുങ്കാററു് അടിച്ചതു് ഇവിടെ നിന്നാണ്: നൈൽ താഴ്‌വരയിൽ വന്നണഞ്ഞ ആ പരാക്രമമേറിയ സഖ്യസേനകൾ നാസികളുടെ ലോകാധിപത്യത്തിനുള്ള സ്വപ്നത്തെ അകലിതമാക്കി.

സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും—ഇന്ത്യ, ഇംഗ്ലണ്ട്, ആസ്ത്രേല്യ, ന്യൂസിലാണ്ട്, സൌത്ത് ആഫ്രിക്ക—വന്നവരായിരുന്നു അവർ. ഇററലിക്കാരുടേയും ജർമ്മൻകാരുടേയും പുരോയാനത്തെ തടയുന്നതിന്നു അവരെല്ലാം ഒത്തു ശ്രമിച്ചു. ഈ സേനയിൽ വാശിയും പരാക്രമവുമേറിയ രണ്ടു സേനാവിഭാഗങ്ങളുണ്ടായിരുന്നു. നാലാം ഇന്ത്യൻ വിഭാഗവും, അഞ്ചാം ഇന്ത്യൻ ഡിവിഷനും, 1940 ൽ ഈ വിഭാഗത്തിന്റെ പേരെങ്ങും പ്രഖ്യാതമായി; അവരുടെ പരാക്രമങ്ങളുടെ ചരിത്രങ്ങൾ പത്രപംക്തികളിൽ പരന്നു. ഒരു മണിക്കൂർ 25 മിനുട്ടുകൊണ്ടു നാലാം ഇന്ത്യൻ ഡിവിഷൻ നിബ്‌യിവയിലുണ്ടായിരുന്ന ഇററലിയൻ പാളയത്തെ ആക്രമിച്ചു ആയിരക്കണക്കിലുള്ള തടവുകാരേയും, അനവധി സാമഗ്രികളും പിടിച്ചെടുത്തു.

അതോടൊപ്പം സിഡിബാരണിയിൽ വെച്ച് ഇററലിക്കാർക്ക് ഭയങ്കരമായ വിപത്തു പിണഞ്ഞു. 1940 ഡിസെമ്പറിൽ 20,000 ഇററലിക്കാർ കീഴടങ്ങി. വേവലിന്റെ ഭടന്മാർ സൊള്ളം, ബാർഡ്യാ, ടോബ്രൂക്കു, ഡെർണ, ബെങ്കാസി ഇവിടങ്ങളിലേക്കു കുതിച്ചടുത്തു.

ഇങ്ങിനെ പല സമരങ്ങളും ചെയ്തു ആ പരാക്രമികൾ 1941 ജൂണിൽ റോമലിന്റെ ഭടന്മാരോടു എതിരിടുന്നതിന്നു ഒരുങ്ങി.

ഏററവും ഉൽക്കണ്ഠാപരമായിരുന്ന സന്ദർഭമായിരുന്നു അതു്. ജർമ്മൻകാരുടെ പുരോഗമനത്തെ തടയുന്നതിന്നു ജനറൽ ആക്കിൻലക്കിന്റെ നേതൃത്വത്തിൽ ഓരോ ഇഞ്ചും പൊരുതിയെങ്കിലും പിന്നോട്ടു തള്ളപ്പെട്ടു. ടോബ്രൂക്ക് വീണ്ടും ശത്രുക്കളുടെ വശമായി. കയറോവിലേക്കു തന്നെ പ്രവേശിക്കാൻ മുസ്സോളിനിയ്ക്കു സാധ്യമാകുമെന്ന നിലയിലാണ്.

എന്നാൽ 1942 ൽ, എൽഅൽമേനിൽ വെച്ച് സ്ഥിതിഗതികൾ വ്യത്യസ്തമായി. 1942 ഒക്ടോബർ 23-ാംനു- എൽഅൽമേനിൽ നമ്മൾ ആക്രമണമാരംഭിച്ചു. റോമലിന്റെ പടകൾ ഇജിപ്റ്റിൽനിന്നു പിന്മാറിത്തുടങ്ങി.

നമ്മുടെ പുരോഗമനം ത്വരിതഗതിയിലായി. ബ്രിട്ടീഷ് ഒന്നാം സേനയും, എട്ടാം പടയും, യോജിച്ചു. അവരണ്ടും കൂടി, 1943 മേയ് മാസത്തിൽ ടൂണിസിന്റെ പടിവാതിലുകൾ പൊളിച്ചുമുന്നോട്ടണഞ്ഞു.

ആയിരമായിരം നാഴിക അകലെനിന്നുവന്നു പൊരുതിയ ഈ ഇന്ത്യൻ ഭടന്മാർ ജർമ്മനിയെ അവസാനം തവിടുപൊടിയാക്കിക്കളഞ്ഞ ആ ആക്രമണത്തിന്റെ മാർഗ്ഗങ്ങൾ വ്യക്തമാക്കി. ഇന്ത്യയുടെ ഈ യോദ്ധാക്കൾ ആഫ്രിക്കയിൽനിന്നു നാസിപ്ലേഗ് നിശ്ശേഷം നശിപ്പിച്ചു. അവർ അതിലും കൂടുതൽ കൃത്യങ്ങൾ ചെയ്തു. അവർ അവരുടെ രാജ്യത്തിന്റെ സൈനിക പാരമ്പര്യങ്ങളുടെ മാററ് അധികമാക്കി.

# നാസി തത്വങ്ങൾ

[നാസിസത്തിൻെറ സൈനിക യന്ത്രം തകർന്നുകഴിഞ്ഞു. അതിൽ നമുക്ക് ആഹ്ലാദിക്കുക. എന്നാൽ നാസിസത്തിൻെറ പട്ടാളശക്തിയെക്കാൾ ബലമേറിയതും, മൂർച്ചയുള്ളതും, ഉഗ്രവുമായ ഒരായുധമുണ്ട് നാസികൾക്ക—നാസിസം എന്നുപറയുന്ന ആ തത്വചിന്ത. ആ തത്വങ്ങളെ മുഴുവനും മായ്ച്ചുകളയാതെ ലോകത്തിൽ സ്വാതന്ത്ര്യവും സമാധാനവും ഉണ്ടാവുന്നതല്ല.

സൈനികമായ പരാജയത്തിന്നുശേഷവും ജർമ്മൻ ജനങ്ങളുടെ ഹൃദയത്തിൽ ഈ ക്ഷുദ്രാഭിപ്രായങ്ങൾ പററിപ്പിടിച്ചുകിടക്കുന്നുണ്ടാവും. അവയെ തീരെ വേരറുക്കണം. സഖ്യശക്തികളുടെ പ്രഖ്യാപിത ലക്ഷ്യവും അതാണ്. ജർമ്മൻകാർക്ക് ജനകീയ രീതിയിലുള്ള ഒരു ജീവിതസമ്പ്രദായം പഠിപ്പിക്കണമെങ്കിൽ, ഈ തത്വങ്ങളെ മുഴുവനും നശിപ്പിക്കുകതന്നെവേണം.]

ബർല്ലിനിൽനിന്നു മ്യൂനിക്ക്‌വരെയുള്ള കമ്പിക്കാലുകളിലെല്ലാം ഒരു പ്രധാന ജൂതൻെറ തലകൊത്തി അലങ്കരിക്കുന്നു.

ജൂതന്മാരുടെ രക്തം കത്തിപ്പിടിയിൽനിന്നു ഇററിററു വീഴുമ്പോൾ എല്ലാം ശരിയാകും—നാസിഗീതം.

* * * *

വർഗ്ഗീയസമരത്തിന്ന് തയ്യാറായി സ്റ്റോം ബററാലിയൻസ് അതാ നില്ക്കുന്നു ജൂതന്മാർ ചോരയൊലിച്ചു കിടക്കുമ്പോൾ മാത്രമേ നമ്മൾക്ക് യഥാർത്ഥത്തിൽ സ്വതന്ത്രമാകാൻ സാധിക്കയുള്ളു—നാസിഗീത.

* * * *

നമ്മുടെ ദേശീയ അടിമത്വത്തിന്നു ഹേതുഭൂതനും അതുകൊണ്ട് ദുഷ്ടനുമുള്ളവനും ജൂതനാണ്. അവൻ നമ്മുടെ വർഗ്ഗത്തെ നശിപ്പിച്ചു സദാചാരത്തെ പങ്കിലമാക്കി; നമ്മുടെ ജീവിതരീതിയെ പൊള്ളയാക്കുകയും ശക്തി ക്ഷയിപ്പിക്കുകയും ചെയ്തു—നാസിവിജ്ഞാപനം.

ജന്മനാ ജൂതന്മാർ വർഗ്ഗങ്ങളെ പങ്കിലമാക്കുന്നവരാണ്. മോസസിൻെറ നേതൃത്വത്തിൽ പല രാജ്യങ്ങളിൽനിന്നു വന്ന കുററവാളികളായ ഭ്രഷ്ടന്മാരാണ് ജൂതന്മാർ—നാസിപത്രം.

മനുഷ്യൻെറ അവയവത്തിൽ ഒരു പുഴുവാണ് ജൂതൻ. അതുകൊണ്ട് അതിനെ നശിപ്പിക്കേണ്ടതു നമ്മുടെ കടമയാണ്—കൌണ്ട് എർണസ്റ്റ് സെവൻ ത്ലോ.

* * * *

യുദ്ധത്തിന്നിന്നല്ലാതെയുള്ള ഉദ്ദേശത്തോടുകൂടിയ ഏതൊരു സഖ്യവും അസംബന്ധമാണ്—ഹെർ ഹിററ്ലർ.

* * * *

യുദ്ധത്തിൽ ജീവനർപ്പിച്ച ആ ജർമ്മൻകാരുടെ ഉദ്ദിഷ്ടകാര്യത്തെ നിറവേററുകയാണ ഇന്നു ജീവിച്ചിരിക്കുന്ന ജർമ്മൻകാരുടെ പരിപാവനമായ കൃത്യം. മറെറാരു മാർഗ്ഗവും കാണാത്തപക്ഷം ചോര ചൊരിയാമെന്ന് ചോരയിൽ ഒരു പ്രതിജ്ഞാപത്രം എഴുതിത്തരണം—ഗോയറിങ്ങ്.

* * * *

എന്തുകൊണ്ടാണ് ജനവരി 30-ാംനു-യിൽ 'സമാധാനം' എന്ന വാക്ക് ലോകത്തിൻെറ നിഘണ്ടുവിൽനിന്നു വെട്ടിക്കളഞ്ഞതെന്നു അവർ ലോകത്തെ മനസ്സിലാക്കണം—വോൺ പാപ്പൻ.

* * * *

ഒരച്ഛനല്ലാത്ത ആൾ ഒരു മനുഷ്യനല്ലെന്നു ഒരു തത്വചിന്തകൻ പറയുകയുണ്ടായി; അതിലും ശരിയാണ്, ഒരമ്മയല്ലാത്ത സ്ത്രീ സ്ത്രീയല്ലെന്നുള്ളതു്. ശാശ്വതജീവിതം പുലർത്തുന്നതിന്നു വ്യക്തിയുടെ ത്യാഗം ആവശ്യമാണ്. കുട്ടികൾക്ക് ജീവൻ നല്കുന്നതിന്നുവേണ്ടി അമ്മമാർ ശ്രമിക്കണം. തങ്ങളുടെ പുത്രന്മാരുടെ ഭാവിയെ സുരക്ഷിതമാക്കുന്നതിന്നു പിതാക്കൾ രണരംഗത്തിൽ യുദ്ധം ചെയ്യണം—വോൺ പോപ്പൻ.

* * * *

സ്ത്രീയുടെ സ്ഥാനം വീട്ടിലാണ്. അവളുടെ കർത്തവ്യം ക്ഷീണിച്ച യോദ്ധാവിനെ വിനോദിപ്പിക്കലാണ്.

ഒരു സ്ത്രീയുടെ കൃത്യം അഴകോടെയിരിക്കലും, കുട്ടികളെ പ്രസവിക്കലുമാണ്. പെൺപക്ഷി ആൺപക്ഷിക്കുവേണ്ടി അലങ്കരിക്കുകയും മുട്ടയിടുകയും ചെയ്യുന്നു. പകരമായി, ആൺപക്ഷി ഭക്ഷണം ശേഖരിക്കുകയും ശത്രുക്കളെ എതിർത്തു പായിക്കുകയും ചെയ്യുന്നു—ഗോബൽസ്.

* * * *

സ്ത്രീ വിദ്യാഭ്യാസത്തിൽ ശാരീരിക വിദ്യാഭ്യാസത്തെപ്പററി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സ്ത്രീ വിദ്യാഭ്യാസത്തിൻെറ അനിഷേധ്യമായ ഉദ്ദേശ്യം മാതൃത്വമാണ്—ഹിററ്ലർ.

* * * *

തൻെറ കുട്ടികളെ യുദ്ധത്തിന്നയക്കുന്നതിൽ കൂടുതൽ ബഹുമാന്യവും സമുന്നതവുമായ ഒരു അന്തസ്സ് ഒരു സ്ത്രീക്കില്ല—നാസിവിളംബരം.

* * * *

ജീവിതത്തിൻെറ ശാശ്വതവും, അഭേദ്യവുമായ നിയമാണ് സാമ്രാജ്യാധിപത്യം—മുസ്സോളിനി.

സമാധാനം അബദ്ധമാണ്. അല്ലെങ്കിൽ യുദ്ധത്തിന്നിടയിലുള്ള ഒരു വിരാമമാണ്—ഒരു ഇററാലിയൻപത്രം.

* * * *

ഇററലിയൻ രാഷ്ട്രം എന്നെന്നേക്കുമായി യുദ്ധത്തിലാണെന്നു ഞാൻ കരുതുന്നു.

ഒരു നിമിഷനേരംകൊണ്ട് 50 ലക്ഷം ആളുകളെ രൂപീകരിക്കാനും ആയുധം ധരിപ്പിക്കാനും നമുക്കു സാദ്ധ്യമാകണം—മുസ്സോളിനി.



ഡി ഗാളും മററു ഫ്രഞ്ചു നേതാക്കളും

## മനുഷ്യത്വതയുടെ ഭാവി

മാർഷൽ സ്റ്റാലിന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിൽ അയച്ച ഒരു അഭിനന്ദന സന്ദേശത്തിൽപ്പറയുന്നു, "ബ്രിട്ടീഷു ജനങ്ങളും സോവിയററു ജനങ്ങളും തമ്മിലുള്ള ചങ്ങാതിത്വത്തിന്മേലും യോജിപ്പിന്മേലുമാണ് മർത്ത്യ സമുദായത്തിൻെറ ഭാവി സ്ഥിതിചെയ്യുന്നതു്." ഈ സന്ദേശം മോസ്കോ റേഡിയോവിൽ പ്രക്ഷേപണം ചെയ്തതു് മിസിസ് ചർച്ചിലാണ്.

# സമ്മാനം

(പി. ആർ. വാരിയർ.)

"ലീനേ," നിറഞ്ഞൊഴുകിടും മിഴി പാതിളമ്പി,
സേനാനി തൻമകളെ മാറിലണച്ചു, "കാണാം.
മാനത്തൊടച്ഛനൊരു നാളിനിയെത്തവെ, സ-
മ്മാനം തവ പ്രമദമാം, മതി, മന്ദഹാസ "

സ്നേഹാർദ്രമാം മിഴികളാൽ പിതൃ വക്ത്രമേതോ
ദാഹത്തിനാമല—ലീനപകച്ചു നോക്കി.
നീഹാര ഹാരമണിമോഹനമായ തൻെറ
ഗേഹത്തെ വിട്ടവിടെ, യെങ്ങിനെ വിശ്രമിക്കാം.

ഹാ! മാതൃഹീന മകൾ, ധാത്രി—പടിക്കൽ നിൽക്കു-
ന്നാ മോഹ ചിത്രണ മിടയ്ക്കിടെ നോക്കി നോക്കി
പ്രേമാർഹമാം നിജകരത്തിനു ചാർത്തി നാസി-
നാമാവശേഷ കരണത്തിനുയന്ന ഖഡ്ഗം.

"നിൽക്കൂ," പിതാവിനെ വിളിച്ചു പറഞ്ഞു പുത്രി,
വില്ലാളിമാനമവിടുന്നെ, തിരാളിയേൽക്കെ,
ഓർക്കാതെയോരിഞ്ചു കനിവെൻ ജനയിത്രിയാളെ-
ത്തുക്കാൻ വിധിച്ചരിപു നാസികൾ തൻെറ പേരിൽ."

ചൊല്ലാന്ന 'ലെണ്ടനി' ലടത്തു നിറന്ന വെണ്ണ-
ക്കല്ലാൽ രചിച്ചനഘ 'വെസ്റ്റ് മിനിസ്റ്ററി' ൻെറ,
ഉല്ലാസ വേദിയിലിരുന്നവൾ തൻെറ താത-
നില്ലാത്ത നാളുകളെയോർത്തു കരഞ്ഞുനിന്നു.

"പ്രാണാധിക പ്രിയമെഴും പിതൃഹസ്തമെൻെറ
പ്രാണന്നു ചേർന്ന പ്രതികാരമണച്ച ചിത്രം,
കാണാം" വിറച്ച തളിർ ചുണ്ടിലുയർന്നിതന്ന-
ച്ഛേണാന്ന നിർഗ്ഗളിത നിശ്ചയ ദാർഢ്യമേതോ?

ആരമ്യസൌധഗണ മങ്ങൊരു നേർത്ത പട്ടി-
ലോരാതെ മൂടിയൊരു മോഹന ചിത്രമായി;
ദൂരത്തുദാരതവിടന്ന വിഭാത കാല-
മാരക്ത കാന്തിയണി മഞ്ജുല മൂടി നിന്നു.

ഏകാന്ത മാപ്പുലരി, പള്ളിയിൽനിന്നുയർന്ന-
നാകാന്തമെത്തിന 'മണി' പ്രതി ശബ്ദമൊന്നാൽ
ശോകാവലംബിത മൊരേരൊരു ദീനരംഗ-
മേകുന്ന തേങ്ങലുകളെന്നറിയാതെകേൾക്കാം.

ഭാവം പകർന്നവിടെ നിശ്ചലയായിലീന
ജീവിച്ചുപോന്ന ദിവസങ്ങളുമോർത്തു നില്ക്കെ,
ആവേശ ജന്യമൊരു ഗാനമുയർന്നു പള്ളി
ജീവിച്ച ബൈബിളിലെ യാവരി രണ്ടുമാത്രം.

ആശ്വാസമാണരിനെഴും മധുരാർത്ഥ; മേതോ-
നിശ്വാസ മൊന്നവളെ യേവയുണർത്തി മെല്ലെ;
പാശ്ചാത്തിൽനിന്ന നിജതാതനുരച്ചു, "ലീനേ,"
വിശ്വാസ്യമല്ലിതു. വൃഥാ കരയായ്ക, പോരൂ."
ചാരത്തണഞ്ഞ കമിതാവിനു തെല്ലുതാപം-
ചേരാത്ത പുഞ്ചിരി വിടർന്നൊരു നോട്ടമേകി

ആരോമലാൾ നിജ കവിൾത്തടമാർന്ന കണ്ണീർ
നീരും വിചാരമോടെ മെല്ലെ തുടച്ചു നീക്കി.

തോഴൻെറ തോളിലെതിരേ നിജകൈകൾ ചേർത്തു
താഴം ശിരസ്സുരസിവെച്ചവൾ വിശ്രമിച്ചു;
കേഴായ്ക! താതനുടെ ലാളന മേല്പതേക്കാ-
ളാശ്വാസ മല്ലി ഹ ഹ സൌഹൃദഭാഷണം തേ.

കേൾക്കാം "ി ശാന്തിയുടെ നിർമ്മല മർമ്മരത്തിൽ-
ത്താകുന്ന പള്ളിയിലെ നേർത്ത 'മണി' സ്വനം ഹാ!
ചികെന്നു പ്രാർത്ഥന നടത്തുവതിന്നു വന്നു-
തിക്കിത്തിരക്കി ജന മത ഭൂത വിഭ്രമത്താൽ

ആഘോഗമന്ന് കരിശിൽ, തളരുന്ന തൻെറ
പാവങ്ങളെത്തഴുകിയെത്തൊരത്ഭുത ഹസ്തം;
തൂവെൺകുളിർഗ്ഗ്ലിലവിരാജിതമായ ക്രിസ്തു-
ദേവന്നെഴും പ്രതിമ കാണുവതുണ്ടടുത്തായ്.

പെട്ടെന്നു പട്ടണ നടുക്കുനിരന്നു കേട്ടു
ഞെട്ടുന്ന 'ഹുങ്ക' യുടെ ദീനവിലാപ ശബ്ദം.
ചട്ടററ നാസിയുടെ നിർദ്ദയ കൃത്യബോധം
പൊട്ടുന്ന ഘോരതര ബോംബു വിളിച്ചു ചൊല്ലി.

വാനം പിളർത്തുയരുമാസ്വനമന്നു; രക്ഷാ-
സ്ഥാനത്തിലൊട്ടുഭയമാർന്നു ജനങ്ങൾ വേഗം.
"ലീനേ" വിളിച്ചു "വരു" തോഴനുഴന്നു, നൂനം
നാനാ വിചാരയവൾ നിശ്ചല—നിന്നു വീർപ്പം.

ഹാ! തത്ര ശാന്തി വിതറീടിന പള്ളി തൻെറ-
യാതുംഗശൃംഗമൊരു ബോംബിലമർന്നിരുന്നു;
അതപ്പമാം നിമിഷ മൊട്ടുകഴിഞ്ഞു; വീണ്ടും
നീതങ്ങളായിനിഭൃതം പുതുവാഹനങ്ങൾ.

അച്ഛൻെറ യാഗമന മോർത്തഴലാർന്ന പുത്രി
പ്രച്ഛന്നയായവിടെ വീണു കിടന്നിരുന്നു.
സ്വച്ഛന്ദമായുയരുമാ 'മണി'യല്ല; ബോംബി-
നുച്ഛ്വാസമത്രെ—വിഷവായുവമിച്ച ശബ്ദം.

ഭീമാക്രമങ്ങളിലമർന്നൊരു പള്ളി തന്നിൽ,
ധൂമാന്ധകാര മുയരും ചുമരിൻെറ ചോട്ടിൽ,
തോമാസ് ബോധരഹിതം നലയാർന്ന പ്രേമ-
ധാമത്തെ മെല്ലെയൊരു മട്ടിലെടുത്തു മാററി.

നേരും മംഗളദീപകങ്ങളുയരെ
    വാരുററൊരന്തിത്തുട-
ർപ്പോരും, താതനു, കീർത്തിമുദ്ര വിടരും
    മാറത്തണിഞ്ഞെത്തവെ;
തീരും മഞ്ഞണി മാസ മംബരതല-
    ത്തോലും ശശിസ്സ്ഫൂർത്ത്ഭുതം
പേരും പുഞ്ചിരി, ലീന—തൻെറ മകള-
    ന്നേകുന്ന സമ്മാനമായ്.

# അപേക്ഷ

(കെ. ജി. പിള്ള.)

(പാന.)

"ലോകമെ! നിനക്കായി ഞാനിന്നിയു-
മാകുല മിയലാതെ പോർചെയ്തിടാം.

കാടും, മേടും, മലയും കയറി ഞാൻ
തേടിടാം വരിച്ചീടാം വിജയത്തെ.

മഞ്ഞും, വേനലും, മാരിയും, ചോരയും
മഞ്ജുളമാം വസന്തമായ് തേറിടാം

ഒക്കെയും സഹിച്ചീടാ മെന്നാകിലു-
മോർക്കവാനരുതിക്കാർ നിഴലുകൾ;

പൂനിലാ വൊളി വീശേണ്ട രംഗത്തിൽ
ദീനരോദന മേററു മധർമ്മങ്ങൾ;

"ഒററച്ചാൺ വയർ പോററാൻ കഴിയാതെ
കൊച്ചുകുഞ്ഞുങ്ങളന്തരിച്ചീടവേ,

നാളെ നിങ്ങളെ കാത്തുകൊള്ളാൻ കര-
വാളെടുക്കേണ്ട കൈകൾ നശിക്കവെ,

നൂറുനൂറായിരം വയർ പോററുവാൻ-
പോരും ഭക്ഷ്യപദാർത്ഥ മറയ്ക്കുള്ളിൽ,

സ്വാത്മ തൃപ്തിക്കു വെച്ചു കാത്തീടുന്ന
നിഷ്ഠുരരായ വ്യാപാരി വർഗ്ഗമേ!

നിങ്ങൾ കാരുണ്യം തെല്ലു കാണിക്കു കി-
ലിങ്ങു പാവങ്ങളെത്ര ജീവിച്ചിടും?"

'പൂമണി മേടയ്ക്കുള്ളിൽ പ്രിയയുമായ്-
പ്രേമനാടകമാടും സഹജരേ!

ഓർക്കണേ, നിങ്ങൾക്കായ് നിണം ചിന്തുവാൻ-
തോക്കുമേന്തി നടക്കുമിക്കൂട്ടരെ!

ഭൂവിൻ ഭാവുകം വീണ്ടെടുക്കാൻ രണ-
ഭൂവിലാത്മ ബലി ചെയ്യുമെങ്ങളെ!'

'നാസിസം കൊല വാളുലച്ചീടവേ,
ഫാസിസം ശാന്തി തൻ തല കൊയ്യവേ,

വീരരാം ഭാരതീയയോദ്ധാക്കൾ തൻ-
പോർ വിളി വാനിൽ മാറെറാലി ചേർക്കവേ;

വീണ്ടും വീണ്ടും പരിജയം വരിച്ചെങ്ങും-
വൻപൊട സ്സഖ്യസേനകൾ പോകവേ,

ഭാവനാലോക സീമയിൽ, പാരിതിൽ-
ഭാവമൊന്നറിയാത്തൊരാമൂലയിൽ;

കണ്ണു ചിമ്മിയാ "കീറത്തലയണ"
വർണ്ണിച്ചീടു മഹാകവി പ്രൗഢരേ!

നിങ്ങളൊന്നു തുറക്കുവിൻ കണ്ണുക-
ളിങ്ങുനോക്കുവിൻ, കാണുവിൻ ഞങ്ങളെ:

ഉണ്ടൊരുഭാവി നിങ്ങൾ കുറങ്ങുവാ-
നുണ്ട "അരിപ്പിറവി"ൻ കഥ ചൊല്ലുവാൻ:

ഇന്നു നിങ്ങൾക്കെഴുതാൻ വിഷയങ്ങ-
ളൊന്നു രണ്ടല്ലൊ രായിരമുണ്ടിഹ:

ചോരയിൽക്കുളിച്ചുള്ളൊരിപ്പോർക്കള-
മോരിൽ ബ്ഭാവിതർ ജാതക മല്ലയോ?

ചോര ഞങ്ങളുതിർക്കാമതിനാലെ-
വീരവൃത്ത മെഴുതിൻ കൃതാർത്ഥരായ്.

ലോകമേ നിനക്കായി ഞാനിന്നിയു-
മാകുല മിയലാതെ പോർ ചെയ്തിടാം:"

# ലോകം മുഴവനും പിടിച്ചടക്കാൻ വന്ന നാസികളുടെ വിധി

ജർമ്മൻകാർ ഒടുവിൽ കണ്ടുപിടിച്ച് രഹസ്യായുധം, സഖ്യസേനകളെ കണ്ട മാത്രയിൽത്തന്നെ, ആയുധം വെച്ചു കീഴടങ്ങുകയെന്നതായിരുന്നു—നോക്കു, ഒരിക്കൽ ലോകത്തിലെ ജനതകളെ മുഴുവനും മട്ടിച്ച ആ യമകിങ്കരന്മാർ, ആട്ടിൻകുട്ടികളെപ്പോലെ ശാന്തരായി തടവുപാളയങ്ങളിലേക്കു പോകുന്നതു്.



ആദ്യം കെണിയിൽപെട്ട എലികൾ. ഫ്രാൻസിൽനിന്നു ജർമ്മൻ തടവുകാർ ബ്രിട്ടനിലെത്തുന്നു



അന്നു് അവർ ആക്രമികളായി നാടെങ്ങും കൊള്ളയിട്ടു ആർത്തു നടന്നു. ഇന്നു് ആട്ടിൻപററത്തെപ്പോലെ തടവുപാളയത്തിലേക്കു പോവുന്നു. ഫ്രാൻസിൽ നിന്നു ഇംഗ്ലണ്ടിലേക്കു കൊണ്ടുവന്ന ജർമ്മൻ തടവുകാർ



"എന്തൊരു രസമാണു് കീഴടങ്ങാൻ!" ഫ്രാൻസിൽവെച്ചു് സഖ്യസേനകൾക്കു് കീഴടങ്ങിയ ഒരുകൂട്ടം ഭടന്മാർ



ചെർബോഗിൽ ജർമ്മൻ സൈന്യനേതാക്കന്മാർ കീഴടങ്ങുന്നു



സഖ്യസേനകൾ ആക്രമിച്ചപ്പോഴാണു് ജർമ്മൻ സേനകളുടെ രണപാടവം മുഴവനും വ്യക്തമായതു്. യുദ്ധത്തിലല്ല അവർ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചതു്, കീഴടങ്ങുവാനാണു്. നോർമണ്ടിയിൽ പിടിക്കപ്പെട്ട നാസികൾ



കാലൻെറ കൂട്ടാളി—ഗസ്റ്റാപ്പോ എന്നു കേട്ടിട്ടില്ലെ, മനുഷ്യത്വം നശിച്ച ചെന്നായ്ക്കളെ? അവരിലൊരാളാണു് ഈ കാണുന്നതു്. ആ മുഖം ഒന്നു സൂക്ഷിച്ചുനോക്കു.




ഇപ്പോൾ സ്വസ്തിക ഉപേക്ഷിച്ചു് വെള്ളക്കൊടി ഉയർത്താനും ജർമ്മൻകാർക്കു് മടിയില്ല.—ആക്കൻ നഗരത്തിന്നടുത്ത ഒരു ഗ്രാമത്തിൽ സഖ്യസേനകൾ അടുത്തപ്പോൾ



കുട്ടികളാണു്. എങ്കിലും നാസികൾ അവരെ ചെന്നായ്ക്കളാക്കി—തടവുകാരാക്കപ്പെട്ട ചില നാസിഭടന്മാർ



ഫലൈസിയിൽനിന്നും അവർ കീഴടങ്ങി



ഈ നാസികൾ കവാത്തെടുക്കുകയല്ല: കീഴടങ്ങുമ്പോൾ കൈ പൊന്തിക്കുകയാണു്

# ഒരദ്ധ്യായം

(തൂലികാചിത്രം)

സാമുവലിനെപ്പററി നിങ്ങൾക്കെന്തറിയാം? എനിക്കു പലതെല്ലാമറിയാം. അവയെപ്പററി ഞാൻ വിവരിക്കയും ചെയ്യാം. എന്നാൽ "കല കലക്കു വേണ്ടി" എന്ന അഭിപ്രായക്കാർ ഇതു വായിക്കേണമെന്നില്ല ഞാനത്തരക്കാരനല്ല. സമുദായത്തിനു എന്നും ചില കുറവുകളുണ്ടാവാം. അവയെപ്പററി എനിക്കറിയുന്നതെടുത്തു വിവരിക്കയാണ് എൻെറ കർത്തവ്യം; അതാണ് എൻെറ സാഹിത്യസേവനം; അതാണ് എൻെറ ജീവിതം.

സാമുവൽ ഉശിരും ഉണർവ്വുമുള്ള ഒരു ചെറുപ്പക്കാരനാണ്. തികഞ്ഞ ഒരു പുരോഗമനവാദി. മദിരാശിയിൽ ഒരു സഭയുടെ നടുക്കുവെച്ചാണ് ഞാനാദ്യമായി അയാളെക്കണ്ടതു്. ഏറുപടക്കം പൊട്ടിക്കുന്നതുപോലെ ചിലതു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. പരമാർത്ഥം പറയുന്നതുകൊണ്ട് പലക്കും അയാളിൽ വെറുപ്പു തോന്നിയിരിക്കണം. കുരുടനെ "ഹേ, കുരുടാ!" എന്നു വിളിച്ചാൽ ആർക്കാണ് ദേഷ്യം വരാത്തതു്?

ക്രമേണ ഞങ്ങൾ പരിചിതരായി. പല രംഗങ്ങളിലും ഒന്നുചേർന്നുപോയിട്ടുണ്ട്. ഇരുളടഞ്ഞ ആ ചിത്രങ്ങൾ ഇന്നും എൻെറ കൺമുമ്പിലുണ്ട്. അതന്നത്രക്കു തേജസ്സുള്ളതായിരുന്നു. അന്നത്തെ ആ ഒരു ഒത്തുകൂടൽ ജീവിതത്തിലെ ഒരു സുവർണ്ണാദ്ധ്യായമായി ഞാൻ കരുതുന്നു.

അയാൾ പിറന്ന ശുഭലഗ്നമോ, ജ്ഞാനസ്നാനത്താൽ ശുദ്ധിനേടിയ പള്ളിയെപ്പററിയോ എനിക്കറിഞ്ഞുകൂടാ. എൻെറ തൂവലിൻെറ ഗതി അത്ര ദൂരമില്ല. മദിരാശിയിൽ എന്നെപ്പോലെ അയാളും ശരിക്കൊരു പണിയില്ലാത്ത ഒരു ചെറുപ്പക്കാരൻ. പിന്നെ എങ്ങിനെ കഴിഞ്ഞുകൂട്ടുന്നു എന്നാണെങ്കിൽ അതിന്നു ശരിക്കൊരുത്തരം പറയുക അസാദ്ധ്യമാണ്. അങ്ങിനെ കഴിഞ്ഞുകൂട്ടുന്നു എന്നു മാത്രമേ പറയുവാൻ നവൃത്തിയുള്ളു.

പണിയില്ലെന്നു പറഞ്ഞതു തെററാണ്. പണി വേണ്ടതിലധികമാണ്. "അ: സാമുവലോ ഈ പുസ്തകമൊന്നു കൊട്ടത്തേക്കണെ" "നിങ്ങളേതായാലും സെൻട്രൽ സ്റേറഷനിലേക്കു പോകുന്നില്ലെ, എനിക്കൊരു പാർസൽ വന്നിട്ടുണ്ട്, ഒന്നെടുത്തു കൊണ്ടുവരണം." "ആ: സാമുവൽ, നാളയല്ലെ മീററിങ്ങ്, എഴുത്തെല്ലാവർക്കും കൊടുത്തൊ, നാളത്തക്കു കൂടുതലായി ഒരു നാലു ബെഞ്ചും, രണ്ടു കസാലയും വേണം" അയാൾ ഉത്സാഹത്തോടെ എല്ലാം ചെയ്യും—എന്നാൽ?

വെറുതെ ഒഴുകിപ്പോവുന്നതിൽനിന്നും രണ്ടു കുടം മുക്കിയെടുക്കുന്നതു ലാഭമാണെന്നു ആർക്കുമറിയാം. "സാമുവൽ ഏതായാലും പണീല്ല്യാണ്ടിരിക്ക്യാല്ലെ, ഒരു സഹായം." പക്ഷെ പരമാർത്ഥമറിയുന്നതാരാണ്?

ഇനി, സാമുവലിന്നു, പണിയുള്ള ചില ചങ്ങാതികളുണ്ട്. സാമുവലിനെപ്പററി അവർ പലപ്പോഴും പ്രശംസിക്കാറുണ്ട്. എന്നാൽ പണിയില്ലാത്ത സാമുവലിനെ കാണുന്നതോടുകൂടി അവരുടെ മണിപ്പേഴ്സുകൾ മായമായി മറഞ്ഞിരുന്നുവെന്നുള്ളതു് ഒരു വെറും പരമാർത്ഥം മാത്രമാണ്. ഹാ, എന്തു ചങ്ങാതിത്തം!

"വിശ്വസിക്കു, സത്യത്തിലും അഹിംസയിലും; ഉടുക്കു ഖദർ; നൂൽ നൂൽക്കു; ഇതാ കിട്ടിപ്പോയ് സ്വരാജ്യം; ഭാരതമാതാക്കിജേയ്; വന്ദേമാതരം" മുദ്രാവാക്യങ്ങളെ കേട്ടു അയാൾ കുതിച്ചു പാഞ്ഞു; ആവേശഭരിതനായി, തന്നെത്താൻ മറന്നു. എന്നാൽ പിന്നീടുണ്ടായ അനുഭവം:

അതു കുറെ കടുത്തതാണ്. അഹിംസാവ്രതം എരിപൊരികൊള്ളുന്ന വയറിന്നു ശാന്തി നല്കിയില്ല. ആദർശവാക്യം നഗ്നത മറച്ചില്ല. കാർന്നുകാർന്നു തിന്നുന്ന വിശപ്പു പൂർവ്വാധികം ബുദ്ധിമുട്ടിക്കാൻ തുടങ്ങി. അയാൾ ഇതികർത്തവ്യതാമൂഢനായി. ഇരുളടഞ്ഞ തെരുവിൽനിന്നു സമാജത്തിൻെറ കനത്ത ഭിത്തിയിൽ അയാളിടിച്ചിരിക്കണം. എന്നാൽ ആ കരിങ്കല്ലിനുണ്ടോ കാതുകൾ!

അയാൾ പല തെററുകളും ചെയ്തിട്ടുണ്ട്. നിവൃത്തിയില്ലാത്ത ഒരവസരത്തിൽ സമാജത്തിൻെറ വക രണ്ടണയെടുത്തു കാപ്പി കുടിച്ചു. തിരിച്ചു കൃത്യസമയത്തു അതു മേശപ്പുറത്തു വെക്കാൻ കഴിഞ്ഞില്ല. ആയിരം നാവുകൾ ഒന്നിച്ചയാളുടെ നേക്കിളകി. കടുത്ത അപരാധിയായി. അയാൾ തല താഴ്ത്തേണ്ടിവന്നു. അതുവരെ ചെയ്തതെല്ലാം ജലരേഖമാത്രം. പെൻസിലും നോട്ടുപുസ്തകവും മേശപ്പുറത്തു വെച്ചിച്ചു. പലക്കും അതൊരു നല്ല കാഴ്ചയായിരുന്നു.

മറെറാന്നു, റോഡിൽക്കൂടെ കാണുവാൻ ചന്തമുള്ള രണ്ടു സ്ത്രീകൾ നടന്നുപോകയായിരുന്നു. സാമുവൽ ഒന്നങ്ങോട്ടു നോക്കിപ്പോയി. മൂന്നാമതൊരാൾ ഓടിവന്നു "എന്നടാ അവ്വളവു മൊരച്ചു പാക്കറയെ, അവ്വളവു ദൂരം ഉൻ കണ്ണെട്ടുമാ, തേവടിയാപ്പയലെ" എന്നു തട്ടിക്കേറി. സംഭവം അതോടെ അവസാനിച്ചുവെങ്കിലും അതിൻെറ മാറെറാലി പലദിക്കിലും വ്യാപിച്ചു. യാതൊരു തെററും ചെയ്യാതെതന്നെ അയാൾ ഒരു മഹാ അധികപ്രസംഗിയായി. പല ദിക്കിൽനിന്നും ബഹിഷ്കൃതനായി. ഞാൻ ചോദിച്ചു: "എന്താ സാമുവൽ നിങ്ങളെപ്പററി ചിലതെല്ലാം."

അയാൾ പെട്ടെന്നു മറുപടി പറഞ്ഞു: "അതിന്നു ഞാനെന്തു ചെയ്യാനാ."

പി. എസ്സ്. നീലകണ്ഠശർമ്മ,
ബോംബെ

പരശുവാക്കം റാക്സി തിയേറററിൽനിന്നും പന്ത്രണ്ടു മണിക്കു സിനിമ വിട്ടു ഞാൻ വീട്ടിലേക്കു പുറപ്പെട്ടു. ബസ് സ്റേറാൻറിൻെറ എതിരിലുള്ള ആ കുളത്തിൻെറ അടുത്തെത്തി. ഞാൻ ഏതോ ചിലതു വിചാരിച്ചുകൊണ്ടിരുന്നു. ആ കുളം അത്രമാത്രം ഭയങ്കരമാണത്രെ. ഭയങ്കര സംഗതികളെ വിവരിക്കുന്ന പല കഥകളും ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ, എനിക്കതിൽ തീരെ വിശ്വാസമില്ല. വെറും പച്ചക്കളവുകൾ. സാധാരണക്കാരെ വഞ്ചിച്ചു അനവധി അന്യായങ്ങളെ പൂഴ്ത്തിയിടാനുള്ള ഒരു വിദ്യയാണ് ആ കുളത്തെപ്പററി സൃഷ്ടിച്ചിട്ടുള്ള അപവാദങ്ങളെല്ലാം. എങ്കിലും ഞാനങ്ങോട്ടു ഒന്നു നോക്കി. വേപ്പുമരത്തിൻെറ നിഴലിൽ, കുളത്തിൻെറ കല്പടയിൽ ആരോ ഇരിക്കുന്നു. "ഈ സമയത്തു്, ഇവിടെ ഇതാരാണ്" ഞാൻ എന്നോടുതന്നെ ചോദിച്ചു. അല്പം നേരം സൂക്ഷിച്ചു. യാതൊരു ചേഷ്ടയുമില്ല. എനിക്കു ചില സംശയങ്ങൾ തോന്നി. ഏതായാലും അടുത്തുചെന്നു നോക്കാമെന്നു വിചാരിച്ചു, അടുത്തെത്തി പതുക്കെ ഒന്നു കൈകൊട്ടി. വെള്ളത്തെ നോക്കിക്കൊണ്ടിരുന്ന ആ മനുഷ്യൻ പെട്ടെന്നു തിരിഞ്ഞു എന്നെ സൂക്ഷിച്ചുനോക്കി. അല്പം പകപ്പോടുകൂടി അയാൾ എന്നോടു ചോദിച്ചു: "ആര് ശർമ്മയോ?"

ഞാനും കുറച്ചു അത്ഭുതത്തോടുകൂടി: "സാമുവലോ! ഈ നട്ടപ്പാതിരക്കിവിടെ."

"ഒന്നുമില്ല, ശർമ്മ. വല്ലാത്ത മൂട്ട, ഉറക്കവും വരുന്നില്ല, തണുത്ത കാററു കിട്ടുമെന്നു കരുതി ഇവിടെ വന്നിരുന്നതാണ്, ആട്ടെ നമുക്കു പൊവാ" അയാൾ പുറപ്പെട്ടു.

അയാൾ എന്തിനാണ് അവിടെ വന്നിരുന്നതു്, പറഞ്ഞതെല്ലാം ഉള്ളതൊ ഇല്ലാത്തതൊ ഒന്നും എനിക്കറിഞ്ഞുകൂടാ. ഒരു മനഃശാസ്ത്രജ്ഞനാണെങ്കിൽ അതിനെപ്പററി പലതും ചിന്തിക്കാം. പക്ഷെ ആവക ഇടപാടുകളിൽനിന്നും ഞാൻ എത്രയോ വളരെ ദൂരെയാണ്.

സിനിമക്കു പോവുമ്പോൾ അത്തരമൊരു കൂട്ടുകാരനെ കിട്ടുകയാണെങ്കിൽ അതെനിക്കു തീരെ ഇഷ്ടമല്ല. എന്നാൽ ഈ അർദ്ധരാത്രിയിൽ അയാളെ കണ്ടുകിട്ടിയതു എനിക്കു വളരെ സന്തോഷമായിത്തോന്നി. പലതും സംസാരിച്ചുകൊണ്ടു ഞങ്ങൾ വീട്ടു ചെന്നെത്തി. ആ രാത്രി അങ്ങിനെ കഴിഞ്ഞുകൂടി. ആ പ്രഭാതത്തിൽ ഞങ്ങൾ കാപ്പി കുടിച്ചു പിരിഞ്ഞു. പോകുമ്പോൾ അയാൾ പറഞ്ഞതാണിതു്: "ശർമ്മ, ആകപ്പാടെ തീരെ സുഖമില്ല." ഞാൻ കാരണമന്വേഷിച്ചില്ല. അതിൽ ലാഭമില്ലെന്നു എനിക്കറിയാം.

ഏതാനും ദിവസങ്ങൾക്കുശേഷം കേട്ടു: "സാമുവൽ എങ്ങോട്ടോ ഓടിപ്പോയി" എന്നു. ബാക്കിയായി വല്ല അപരാധവുമുണ്ടായിരുന്നെങ്കിൽ അതുംകൂടെ അയാളിൽ ചുമത്തപ്പെട്ടു. ചില കുട്ടികൾ ഇങ്ങിനെ ചെയ്യുന്നതു കണ്ടിട്ടുണ്ട്. ചത്തു കഴിഞ്ഞ പാമ്പിൻെറ തലക്കു വീണ്ടും ഒരു കല്ലെടുത്തിടുക. എന്തിനാണാവോ അതു്.

സാമുവലിൻെറ അഭാവത്തിൽ മദിരാശിയിലെ തിരക്കിനു യാതൊരു കുറവുമുണ്ടായിരുന്നില്ല. ഹൈക്കോർട്ടിൻെറ ദീപജ്വാല പതിവുപോലെ കറങ്ങിക്കൊണ്ടിരുന്നു. ഹാർബറിലെ വെള്ളം വററിപ്പോയില്ല. അടയാറിൽനിന്നു "വിശപ്പിൻെറ തത്വശാസ്ത്രം" എന്ന പുസ്തകം പുറപ്പെടാതെകണ്ടിരുന്നില്ല. എന്നാൽ എനിക്കും എന്നെപ്പോലെയുള്ള മററു ചില എളിയവർക്കും ഒരു ചങ്ങാതി നഷ്ടപ്പെട്ടു. പക്ഷെ അതു ഞങ്ങൾക്കു മാത്രമെ അറിഞ്ഞുകൂടു.

ഈ കഥ ഇങ്ങിനെ നീണ്ടും കെട്ടു പിണഞ്ഞുമാണ് കിടക്കുന്നതു്. അവ എല്ലാം വിവരിക്കുക സാദ്ധ്യമല്ല. ഒരു ദിവസം മറെറാരാളുടെ പുറത്തു വീഴേണ്ട അടി അയാൾ വേദനയോടെ സ്വീകരിച്ചതു എനിക്കറിയാം. എന്നാൽ അയാൾക്കാരോടും പരിഭവമില്ല, പകയില്ല, താങ്ങററ ഏതൊരു കാലും മടിയിലെടുത്തുവെച്ചു തലോടുവാൻ അയാൾ സന്നദ്ധനുമാണ്. ഇങ്ങിനെ പല നിനവുകളും പലപ്പോഴും എന്നെ വേദനിപ്പിക്കാറുണ്ട്. ഞാൻ എന്നെത്തന്നെ ശപിച്ചിട്ടുണ്ട്!

ഏകദേശം നാലു മാസത്തിൻെറ ശേഷം സാമുവൽ! അതേ സാമുവൽ! ഞാനെൻെറ ഇഷ്ടനെ കടന്നു കെട്ടിപ്പിടിച്ചു. അതേ കുളക്കരയിൽ—അതേ ബസ്സ് സ്റേറാണ്ടിൽ.

ഞങ്ങൾ വളരെ നേരം സംസാരിച്ചു. ഇത്തവണ ഞാൻ മണിപേഴ്സ് മറച്ചില്ല. ഒന്നായിപ്പോയി കാപ്പി കുടിച്ചു. ഇന്നു സാമുവൽ ഒരു പട്ടാളക്കാരനാണ്. ഒരു പരാധീന ജീവിയല്ല. മുമ്പു കണ്ടാൽ കണ്ടുവെന്നു നടിക്കാത്ത പലരും ഇന്നയാളെ കാണുവാൻ വന്നുതുടങ്ങി. കൈകൊടുത്തു സ്വാഗതം പറയുവാൻ സന്നദ്ധമായി.

ഞങ്ങൾ വേർപിരിഞ്ഞതിൻെറ ശേഷമുള്ള തൻെറ ചരിത്രം അയാളെന്നെ മനസ്സിലാക്കി. ഇപ്പോൾ ഒരു മാസത്തെ അവധിക്കു വന്നിരിക്കയാണ്. അടുത്തുതന്നെ തിരിച്ചുപോകുമെന്നും പറഞ്ഞു. അവസാനം ഞാൻ "എങ്കിലും സാമുവൽ, ഇതു കുറെ കഷ്ടമായില്ലേ? ഒരുപക്ഷെ അവസാന രംഗം....." എന്നു നിറുത്തുന്നതിന്നുമുമ്പുതന്നെ അയാൾ അല്പം കോപത്തോടെ പറഞ്ഞു തുടങ്ങി: "എന്താ, ശർമ്മാ, എന്താ നിങ്ങൾ പറയുന്നതു്. അവസാന രംഗം! അതൊരുപക്ഷെ ബൈനററിൻെറ മുനയായിരിക്കാം. എങ്കിലും നിങ്ങളുടെ ആ മാന്യസമുദായത്തേക്കാൾ എത്ര മെച്ചപ്പെട്ടതാണ്! നിങ്ങളുടെ അന്തസ്സുള്ള ആ സംസ്കാരം, ഈ പട്ടണവീഥികൾതന്നെ പലരേയും കശാപ്പു ചെയ്യുന്നതു കാണാം. നോക്കു റോഡിൻെറ വക്കത്തേക്ക്. അതാ ഒരു പാവമവിടെക്കിടക്കുന്നു. അയാളെ നിങ്ങൾ കൊല്ലുന്നതു അമ്പതു വർഷംകൊണ്ടാണ്. ഉണ്ണുവാൻ ചോറു കൊടുക്കാതെ, ഉടുക്കാൻ തുണി കൊടുക്കാതെ. ഞങ്ങളുടെ ഏതു രംഗങ്ങളിലും ഇത്ര നിർദ്ദയമായ കാഴ്ചയില്ല." തുടർന്നു അയാൾ കുറേ നേരം സംസാരിച്ചു. എൻെറ നാവു പൊങ്ങിയില്ല. ഇന്നു ഞാനാണ് തല കുമ്പിട്ടതു്. അവസാനം അയാൾ പറയുകയാണ്: "ശർമ്മാ, നിങ്ങൾ ഒരു ഹിന്തുവല്ലെ, നിങ്ങളുടെ മഹാഭാരതം എന്താണ് പറയുന്നതു്? അറിയാൻ പാടില്ലെങ്കിൽ ഞാൻ പറയാം—

"കൊല്ലപ്പെട്ടുകിലൊ സ്വർഗ്ഗം
വെല്ലുകിൽ തേ മഹീസുഖം."

ഇതാണ് യഥാർത്ഥമായ യുദ്ധത്തിൻെറ നില."

ഞങ്ങൾ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടക്ക് ബസ്സ് വന്നു. അഭിവാദ്യത്തോടെ പിരികയും ചെയ്തു. ഇങ്ങിനെ ഈ അദ്ധ്യായം അവസാനിക്കുന്നു.

## ജനറൽ ഐസൻഹോവർ



ജനറൽ ഐസൻഹോവരെ ഭടന്മാരുടെ ഭടൻ എന്നു വിളിക്കപ്പെട്ടുവരുന്നു.

എങ്ങിനെയുള്ള ആളാണ് അദ്ദേഹം? മെലിഞ്ഞു്, പൊക്കം കുറഞ്ഞു്, നീലകണ്ണുകളോടുകൂടിയ ഒരാൾ. അദ്ദേഹം ഒരു വിനിതനായ മനുഷ്യനാണ്.

ചില സേനാനായകന്മാർ വലിയ ശിക്ഷണശീല നിർബ്ബന്ധമുള്ളവരാണ്. ഐസൻഹോവർ അങ്ങിനെയല്ല. ഓഫീസർമാരും ഭടന്മാരും അദ്ദേഹത്തെ വളരെ ഇഷ്ടപ്പെടുന്നു.

ജനറൽ ഐസൻഹോവർ ഫലങ്ങൾ ആവശ്യപ്പെടുന്നു. വെറും പ്രസംഗം മാത്രം അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അനിശ്ചിതവും, അബദ്ധങ്ങളും അദ്ദേഹം വെറുക്കുന്നു.

# യൂറോപ്പിൻെറ വിമോചനം

## അതിൽ ഇന്ത്യക്കാക്കുള്ള പങ്കു്

യൂറോപ്പിനെ നാസി പ്ലേഗിൽനിന്നു സ്വതന്ത്രമാക്കിയ സംരംഭത്തിൽ ഇന്ത്യൻ ഭടന്മാർ ബഹുമാനാർഹമായ ഒരു പങ്കു വഹിച്ചിട്ടുണ്ടു്. ഇററലിയൻ സമരത്തിൽ അവർ ചെയ്തിട്ടുള്ള വീരപരാക്രമ പ്രദങ്ങളായ ചെയ്തികൾ ലോകം മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. തികച്ചും വ്യത്യസ്തമായ കാലാവസ്ഥയിൽ പർവ്വതങ്ങൾ നിറഞ്ഞ ഒരു രാജ്യത്തു, ഈ വക വിഷമങ്ങളെയൊക്കെ വിഗണിച്ചു പൊരുതുക എന്നുവെച്ചാൽ അത്യല്പം വിഷമമേറിയ ഒരു കൃത്യമാണു്.

ഇററലിയൻ യുദ്ധത്തിൽ, ഇന്ത്യൻ സേനയിലെ പ്രഖ്യാതമായ മൂന്നു വിഭാഗങ്ങൾ,—നാലാം വിഭാഗം, എട്ടാം വിഭാഗം, പത്താം വിഭാഗം—പങ്കെടുത്തു, ജനറൽ മാക്ക് ക്ലാർക്കടക്കമുള്ള സഖ്യസേനാ നേതാക്കന്മാർ അവരുടെ ധീരതയേയും ത്യാഗത്തേയും, സമരപാടവത്തേയും പററി കീർത്തിക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം, ചക്രവർത്തി തിരുമനസ്സു തന്നെ അവരുടെ രണവൈദഗ്ദ്ധ്യത്തെ നേരിട്ടു കാണുന്നതിന്നു ഇററലിയിലേക്കു പോയി.

മേജർ ജനറൽ ഹോൾസ്‌വർത്തി, ഡഡ്‌ലി റസ്സൽ, ഡെനിസ്‌റീട് എന്നീ നായകന്മാരിൽ നയിക്കപ്പെട്ട ഈ മൂന്നു സേനാവിഭാഗങ്ങളും, നൈസർഗ്ഗികവും കൃത്രിമവുമായ പ്രതിരോധങ്ങളെയെല്ലാം തകർത്തു 400 നാഴിക ഇററലിയിൽ മുന്നേട്ടുപോയി.

സഖ്യസേനകളും, ഇന്ത്യൻ വിഭാഗങ്ങളും തമ്മിലുള്ള യോജിപ്പും ചങ്ങാതിത്വവും പ്രസ്താവ്യമാണു്. 'ജവാനും', 'ടോമിയും' "യാങ്കും" ജോക്കും, വളരെ മതിപ്പിലും, പരസ്പര ബഹുമാനത്തിലുമാണു് വർത്തിക്കുന്നതു്.

പ്രതിബന്ധങ്ങളോടൊപ്പം, ബഹുമതികളും ഇന്ത്യൻ ഭടന്മാൎക്കു ഇററലിയിൽ കരഗതമായിട്ടുണ്ടു്. മൂന്നു വിക്ടോറിയ ക്രോസ്സുകൾ ഇററലിയിലെ ഇന്ത്യൻ ഭടന്മാൎക്കു സമ്മാനിക്കപ്പെടുകയുണ്ടായി. 20 വയസ്സു മാത്രം പ്രായം ചെന്നആളും എട്ടാം പഞ്ചാബ് റജിമെൻറിൽപെട്ട ഒരു ഭടനുമായ കമൽ റാമിൻെറ ധീരകൃത്യങ്ങൾ ഇന്ത്യൻ സൈനിക ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണു്. 5-ാം മഹാരാഷ്ട്ര ജെമെൻറിൽപെട്ട നായക് യശന്ത ഘാഡ്ഗേയുടെ സ്ഥിരോത്സാഹവും, ധീരതയും, ഇന്ത്യൻ സേനയുടെ ഉയൎന്ന പാരമ്പര്യങ്ങളെ തികച്ചും സാധുവാക്കുന്നു. പരേതനായ ഗൂർക്കു റൈഫിൾമെൻ, ഷേർ ബഹദൂർ താപ സാൻമാറിനോവിലേയ്ക്കു്, പുരോഗിക്കുന്ന അവസരത്തിൽ പ്രദർശിപ്പിച്ച പരാക്രമം അനുപമമാണു്. ഈ മൂന്നു യോദ്ധാക്കളും വി. സി. മുദ്രക്കു അർഹരായെതിൽ ഒട്ടും അതിശയിക്കാനില്ല.

യൂറോപ്യൻ സമരത്തിൽ 'ഇന്ത്യൻ ജവാൻ' പ്രശംസാവഹമാംവിധം പോരാടി. ഇററലിയിലെ സഖ്യസേനകളുടെ കമാണ്ടിങ്ങ് ഓഫീസർ ലഫ്റ്റനൻ്റ് മാക്ക്ക്ലാർക്ക് പറയുന്നു. "ഈ ഇന്ത്യൻ ഭടന്മാരുടെ സമരനൈപുണ്യം പ്രസ്താവ്യമാണു്. പ്രതിരോധത്തിന്നു പററാത്ത പ്രദേശങ്ങളിൽനിന്നു് അവർ ശത്രുക്കളോടെതിൎത്തു അവരെ തോല്പിച്ചു. എന്തൊരു തടസ്ഥവും അവരുടെ ഗതിയെ തടയാൻ പ്രാപ്തമായില്ല; ഏതൊരു വിപത്തും അവരെ മനോധൈര്യത്തെ ഇളക്കുന്നതിന്നു പൎയ്യാപ്തമായില്ല. ഇന്ത്യൻ ഭടന്മാരുടെ വീരപരാക്രമങ്ങൾ അവർ നേടിയ ബഹുമതികളും മുദ്രകളും വിളിച്ചു പറയുന്നുണ്ടു്. കാസിനോ സമരം, റോം പിടിക്കൽ, ഫ്ലോറൻസിൻെറ വിമോചനം, ഗോത്തിക്ക് നിരഭേദികൾ ഈ സംഭവങ്ങളോടൊപ്പം നാലു, എട്ടു്, പത്തു എന്നീ ഇന്ത്യൻ വിഭാഗങ്ങളുടെ പേര നിലനിൽക്കും. ഈ മൂന്നു ഇന്ത്യൻ വിഭാഗത്തിലെ ധീരന്മാരായ ഭടന്മാരെ ഞാൻ അഭിവാദ്യം ചെയ്യുന്നു."



അവരാക്രമിക്കാൻ വന്നു. പക്ഷെ മരണം അവരെ ആക്രമിച്ചു. ഫ്രഞ്ചു കടൽത്തീരത്തു് ജൎമ്മൻകാർ

## ജനറൽ പാററൻ



അദ്ദേഹം അമേരിക്കയിലെ പേർകേട്ട ഒരു പടനായകനാണ്. അദ്ദേഹത്തിന്ന് ഇപ്പോൾ അറുപതു വയസ്സു തികയുന്നു. 25 വർഷത്തോളമായിട്ടു ടാങ്കുകൾ അദ്ദേഹത്തിന്നു കളിക്കോപ്പുകളാണ്. യൂറോപ്പിൽ ജനറൽ ജോർജ്ജ് സ്മിത്ത് പാററൻെറ നേതൃത്വത്തിലുള്ള ഏഴാം സേന ജർമ്മനിയിൽ വളരെയധികം ശീഘ്രഗതിയിലാണ് പുരോഗമിച്ചതു്.

## ജനറൽ റൊക്കോസ്സോവസ്കി

ജനറൽ റൊക്കോസ്സോവസ്ക്കി വളരെയധികം പൊക്കമുള്ള ഒരാളാണ്. 6 അടി 4 ഇഞ്ചു് ഉയരമുണ്ടു് അദ്ദേഹത്തിന്നു്.

മോസ്കോ സമരത്തോടൊപ്പം ഈ ജനറലിൻെറ പ്രാപ്തിയും വ്യാപിച്ചു. സ്റ്റാലിൻഗ്രാഡിന്നുശേഷം അതു ലോകത്തിലെങ്ങും പരന്നു കഴിഞ്ഞു്.



ചുവപ്പുസേനയുടെ മലിട്ടറി അക്കാഡമിയിൽനിന്നാണ് മാർഷൽ ഷുക്കോവു റൊക്കോസ്സോവസ്കിയുടെ നൈപുണ്യം അറിഞ്ഞതു്. അയാളുടെ കീഴിൽ ഏററവും ബുദ്ധിയുള്ള വിദ്യാർത്ഥി റൊക്കോസ്സോവസ്കിയായിരുന്നു. അതിന്നുശേഷം ഷുക്കോവ് ഇപ്പോഴും അദ്ദേഹത്തിൻെറമേൽ കണ്ണു വെച്ചിരുന്നു.

റക്കോസ്സോവസ്കി ഒരു ധിഷണാശാലിയും പുസ്തകപ്പുഴുവും ആണ്. അദ്ദേഹം വളരെ അധികം മെലിഞ്ഞ ഒരാളാണ്. തന്മൂലം ചെറുപ്പത്തിൽ 'വിളക്കുകാൽ' എന്നൊരു ശകാരപ്പേരും അദ്ദേഹം സമ്പാദിച്ചു. അദ്ദേഹത്തിന്നു 42 വയസ്സായി, വിവാഹിതനാണ്; കുട്ടികളും ഉണ്ടു്. കുട്ടിക്കാലത്തു തന്നെ റക്കോസ്സോവസ്കി 'റഡ്ഗാർഡ്സി'ൽ ചേർന്നു.

മോസ്കോ അപായനിലയിലായിരുന്നപ്പോൾ പട്ടാളാസ്പത്രിയിൽ മുറിപ്പെട്ടുകിടക്കുകയായിരുന്ന റൊക്കോസ്സോവസ്കി പ്രവൃത്തിക്കു വേണ്ടത്ര ബലം സിദ്ധിച്ചുകഴിഞ്ഞിരുന്നില്ലെങ്കിലും തനിക്കു യുദ്ധത്തിൽ ചേരണമെന്നാവശ്യപ്പെട്ടു.

സ്റ്റാലിൻ ഈ അഭിമാഷം അനുവദിച്ചുകൊടുത്തു; റൊക്കോസ്സോവസ്കിയാകട്ടെ, മോസ്കോ സ്വതന്ത്രമാക്കുകയും ചെയ്തു.

## മണ്ട്ഗോമറി



ഫീൽഡ് മാർഷൽ മണ്ട്ഗോമറി ഇന്നു ലോകത്തിൻെറ ആരാധനാപാത്രമാണ്. അദ്ദേഹത്തിൻെറ എതിരാളിയായിരുന്ന റണ്ട്സ്റ്റെഡ്ഡ് തന്നെ ഈയിടെ ബ്രിട്ടനിലെ ഏററവും വലിയ സൈന്യനേതാവാണ് മോണ്ടി എന്നു പറഞ്ഞതു അതിശയോക്തിയല്ല. കാലത്തും സായാഹ്നവും അദ്ദേഹം പ്രാർത്ഥന നടത്തും. ദിവസവും ബൈബിൾ വായിക്കുന്നു. അദ്ദേഹം പുകവലിക്കുകയോ കുടിക്കുകയോ ചെയ്യാറില്ല. അപൂർവ്വമായി മാത്രമേ മാംസം ഉപയോഗിക്കാറുള്ളു. അദ്ദേഹം തൻെറ കീഴിലുള്ളവരെ "എൻെറ ഭടന്മാരേ" എന്നാണ് അഭിസംബോധനം ചെയ്യുക.

## മാർഷൽ കൊണീവ്



മാർഷൽ ഇവാൻ സ്റ്റെപ്പനോവിച്ച കൊണീവ് ഒരു കൃഷിക്കാരൻെറ പുത്രനാണ്. അദ്ദേഹം 1918 മുതൽ റഷ്യൻസേനയിലുണ്ട്. അഭ്യന്തര യുദ്ധത്തിൽ അദ്ദേഹവും പത്നിയും ഒളിഭടന്മാരായി യുദ്ധം ചെയ്തു.

അദ്ദേഹത്തെ ആളുകൾ ടാങ്കുഭ്രാന്തൻ എന്നു പറഞ്ഞുവരുന്നു. ടാങ്കുകളെപ്പററി പഠിക്കുന്നതിന്നായി അദ്ദേഹം ഇംഗ്ലീഷുഭാഷയും ജർമ്മൻ ഭാഷയും പഠിച്ചു.

## മാർഷൽ ഷുക്കോവ്



48 വയസ്സായ മാർഷൽ ഗ്രിഗറി കെ. ഷുക്കോവ് റഷ്യയിലെ ഏററവും നിപുണന്മാരായ പടയാളികളിൽ ഒരാണ്. അദ്ദേഹത്തിൻെറ സ്വഭാവം ഒരു തനിച്ച റഷ്യൻ കൃഷിക്കാരൻേറതാണ്. ഷുക്കോവിൻെറ കഷണ്ടിത്തല ഒരു പന്തുപോലെ ഉരുണ്ടതാണ്. അദ്ദേഹത്തിൻെറ മുഖം അണ്ഡാകൃതിയിലുമാണ്.

ഷുക്കോവിൻെറ ശാന്തഗംഭീരമായ ആകൃതി കാണുമ്പോൾ തികച്ചും വെടിമരുന്നു നിറച്ചതും, ഒരൊററ ഞൊടിയിട കൊണ്ടു ഒരു ബട്ടൻ അമർത്തിയാൽ പൊട്ടിത്തെറിക്കാവുന്ന ഒരു യന്ത്രമാണതെന്നു നിങ്ങൾക്കു തോന്നും.

ഷുക്കോവിന്നു പ്രതിബന്ധങ്ങളെപ്പേടിയില്ല; അസാദ്ധ്യം എന്ന വാക്കിനെ അദ്ദേഹം പുച്ഛിക്കുന്നു. അദ്ദേഹത്തിൻെറ ശരീരബലം അസൂയാർഹമാണ്. അദ്ദേഹത്തിന്നു ഒരിക്കലും ദീനം പിടിക്കയോ ക്ഷീണം തോന്നുകയോ ഇല്ല. ഷുക്കോവ് പ്രസംഗിക്കയോ, ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്യാറില്ല. അദ്ദേഹം പ്രവർത്തിക്കും, പൊരുതും.

## ഫീൽഡ്മാർഷൽ അലക്സാന്തർ



"ആക്രമിക്കുക, ആക്രമിക്കുക" അതാണ് അദ്ദേഹത്തിൻെറ മുദ്രാവാക്യം. ബർമ്മയിൽ അദ്ദേഹത്തിന്നു ആ മുദ്രാവാക്യം ഫലപ്രദമാക്കാൻ സാധിച്ചില്ല. എന്നാൽ ഈജിപ്തിലും, സിസിലിയിലും, ഇററലിയിലും അദ്ദേഹം തൻെറ മുദ്രാവാക്യം പ്രായോഗികമാക്കി.

നിങ്ങൾ എപ്പോൾ നോക്കിയാലും, അദ്ദേഹം നമ്മിൽ വിശ്വാസം ഉളവാക്കുന്നു. അദ്ദേഹം കുടിക്കും. നല്ല തമാശക്കാരനാണ്. അദ്ദേഹത്തിന്നു തൻെറ ഫീൽഡ്മാർഷൽ സ്ഥാനത്തേക്കാൾ വലുതാണു യുദ്ധം.

ഏകാങ്ക നാടകം

# നാട്ടിൻപുറങ്ങളുടെ നെടുവീർപ്പുകൾ

[കഥാപാത്രങ്ങൾ :—മൊയ്തു—ഒരു സാധു കൃഷിക്കാരൻ. കുട്ടികൃഷ്ണൻ നായർ—ജന്മി. ഗോപാലൻ—പാവപ്പെട്ട കൂലി വേലക്കാരൻ. നാരായണൻ മാസ്റ്റർ—എയിഡഡ് സ്ക്കൂൾ അദ്ധ്യാപകൻ. ശങ്കു നായർ—ചായപ്പീടികക്കാരൻ. നാരായണി — ഗോപാലന്റെ ഭാര്യ. ജാനകിയമ്മ, മാധവിയമ്മ, പത്മനാഭൻ, ഗോവിന്ദൻ, നാണു തുടങ്ങിയവർ.]

(സമയം വൈകുന്നേരം അഞ്ചുമണി. സ്ഥലം വളാഞ്ചേരി ചന്ത. മൊയ്തു, ഏതാണ്ട് 40 വയസ്സു പ്രായം ചെന്ന ഒരു മുഹമ്മദീയൻ ചന്തപ്പുരയിൽ, എന്തോ അന്വേഷിച്ചു കൊണ്ടു നടക്കുന്നു. ഒരു കൈലിമുണ്ടു് ചുററിയിട്ടുണ്ടു്. തലയിൽ ഒരു കെട്ടുണ്ടു്; പുറത്തൊക്കെ കീറി തുന്നിപ്പിടിപ്പിച്ച ഒരു ബനിയനും ഇട്ടിട്ടുണ്ടു്. സ്വതവേ ശാന്തസ്വഭാവക്കാരനെങ്കിലും, കൊമ്പൻമീശയും, അരയിൽ തിരുകിയ കത്തിയും ആയാളെ ഭയങ്കരനാക്കുന്നു. പെട്ടെന്നു പപ്പടക്കാരൻ ചെട്ടിയുടെ അടുത്തു നാരായണൻ മാസ്റ്ററെ കണ്ടുമുട്ടുന്നു. മാസ്റ്റർ, അടുത്ത എയിഡഡ് സ്ക്കൂളിലെ അദ്ധ്യാപകനാണു്. ആ സ്ക്കൂളിൽത്തന്നെയാണു് മൊയ്തുവിന്റെ മകൾ ആയിഷയും പഠിക്കുന്നതു്. 25 വയസ്സു പ്രായം ചെന്ന ഒരു സുമുഖനാണു് മാസ്റ്റർ; ഒരു ബനിയനും, ദോത്തിയും ധരിച്ചിട്ടുണ്ടു്. ബനിയന്റെ കഴുത്തിൽ ഒരു ഫൌണ്ടൻ പേന കുത്തിയിട്ടുള്ളതിൽനിന്നു ഒലിച്ച മഷി ബനിയനിൽ പുരണ്ടിരിക്കുന്നു. നെററിയിൽ പൊട്ടുണ്ടു്. കയ്യിൽ എന്തോ ചില കടലാസുചുരുളുകളും. മാസ്റ്ററെ കണ്ട ഉടൻ മൊയ്തു തലയിൽനിന്നു മുണ്ടെടുത്തു അല്പം ബഹുമാന്യത പ്രദർശിപ്പിച്ചുകൊണ്ടു അടുത്തു ചെല്ലുന്നു.)

മാസ്റ്റർ (തിരിഞ്ഞു നോക്കി) : ആ! മൊയ്തുവൊ? കുറെ നാളായി കണ്ടിട്ടു്. അപ്പോൾ എന്തെല്ലാമാണു് വിശേഷങ്ങൾ ?

മൊയ്തു (തല ചൊറിഞ്ഞുകൊണ്ടു്) : പ്പ ങ്ങ്ള് പറേണതൊലൊക്കെ ബന്നു. മേഷ്ട്രേ റേഷനും ബന്നു. ഈ യുത്തം നാടെരപ്പാക്കി, ബാക്കിള്ളോര് അന്ത്യോളം പുലരോളം തേവിണ്ടാക്കീത്, പ്പൊ കൊയ്യാൻ ബരുണത്രേ! ങ്ങ്ള് കേക്കിൻ മേഷ്ടരേ! ഓ! ന്റെ റസൂലേ! ദുനിയാവിന്റവുത്ത് മന്ഷ്യന്ന് കയിഞ്ഞുകൂടാൻ വജ്ജാതായി.

മാസ്റ്റർ (തെല്ലു് അമ്പരപ്പോടെ ചിരിച്ചുകൊണ്ടു) : എന്താ മൊയ്തു, ഇങ്ങിനെയൊക്കെ പറയുന്നതു് ? റേഷൻ നമുക്കു വാസ്തവത്തിൽ ഒരനുഗ്രഹമല്ലേ ? കഴിഞ്ഞ കർക്കിടകത്തിലെപ്പോലെ ചിങ്ങമഴയത്തു് വീടൊന്നുക്കു നാഴി പച്ചരിപ്പൊടിവാങ്ങി കഞ്ഞിവെച്ചു കുടിച്ച കഥ ഓർമ്മയുണ്ടോ ? ഇക്കൊല്ലത്തെ വരാൻ പോവുന്ന കർക്കിടകം എത്ര ഭേദമായിരിക്കും ? ആളൊന്നുക്കു നാഴിയരി വീതം തീർച്ചയായും കിട്ടും. പോരെങ്കിൽ മുക്കാൽ നാഴി ഗോതമ്പവും കിട്ടും. കഷ്ടി പട്ടിണി കൂടാതെ കഴിച്ചു കൂടേ ?

മൊയ്തു (ഒരസംതൃപ്തഭാവത്തോടെ) : അതൊക്കെ ശര്യന്നാ മേഷ്ട്രേ. ന്നാലുംങ്ങളൊന്നു ആലോശിക്കിൻ ന്നേപ്പോലെ പാടത്ത്ന്ന് അന്ത്യോളം തേവണവററങ്ങള് നാഴി അരിവെച്ചു കുടിച്ച് ഞാക്കാനാ ? പള്ളേലൊന്നുല്യാതെ പണിടുക്കാൻ വജ്ജ.

മാസ്റ്റർ : മൊയ്തു പറയുന്നതു് നല്ല കാര്യം തന്നെയാണു്. (മൊയ്തു ചിരിക്കുന്നു.) ഇത്രയധികം പേർക്കു നാഴി അരി തരാമെന്നു ഗവർമ്മെണ്ടു് ഉറപ്പുതന്നിട്ടുണ്ടു്. പ്രതീക്ഷിച്ചതിലധികം നെല്ലു് നമുക്കു ഉണ്ടാമക്കാനു, ജന്മിമാരുടേയും വലിയ തരം കൃഷിക്കാരുടേയും കയ്യിൽനിന്നു ശരിക്കു് നെല്ലെല്ലാം കിട്ടാനും സാധിച്ചാൽ....

മൊയ്തു : മേഷ്ട്രേ, ങ്ങള് ത്ര ബത്തപ്പെട്ട് പറേല്ലിന്നു. നിച്ച് തലേക്കേറുണില്ല.

മാസ്റ്റർ : ശരി; നമുക്കു കൂടുതൽ അരി അപ്പോൾ കിട്ടാനിടയുണ്ടു്. പോരെങ്കിൽ മൊയ്തുവിനെപ്പോലെ അദ്ധ്വാനിക്കുന്നവർക്കു കൂടുതൽ അരി വേണ്ടതാണു്.

മൊയ്തു (കൊമ്പൻ മീശ മുറുക്കിക്കൊണ്ടു) : മേഷ്ട്രേ, ങ്ങള്പ്പ പറഞ്ഞതാ ശരി; നിച്ച് പയിച്ചിട്ട് തേവാൻ വജ്ജ.

മാസ്റ്റർ : ചില ബുദ്ധിമുട്ടുകളൊക്കെയുണ്ടാവും, മൊയ്തു. യുദ്ധമാണു്. എന്നാലും, നമുക്കു വേണ്ടിയല്ലേ, ഇത്രയൊക്കെ വിഷമം സഹിച്ചു് മദിരാസ് ഗവർമ്മെണ്ടു്, ഇന്ത്യയിലൊരിടത്തും നടപ്പാക്കാത്തതായ ഉൾനാട്ടിൽ കൂടെ റേഷണിങ്ങ് ഏർപ്പെടുത്തിയതു് ? കാര്യങ്ങളുടെ രണ്ടു വശവും നോക്കേണ്ടേ ?

മൊയ്തു : ഊതൊന്നും ഞമ്മക്കറിഞ്ഞൂടാ ന്റെ മേഷ്ട്രേ അപ്പെന്താ കുറച്ചോടെ അരി തന്നാല് ?

(ഗോപാലൻ, ഒരു പാവപ്പെട്ട കൂലിപ്പണിക്കാരൻ, അവരെ സമീപിക്കുന്നു. ഗോപാലന്റെ തലയിൽ ഒരു തൊപ്പിക്കുടയുണ്ടു്. ഒരു നാറിക്കീറിയ മുണ്ടാണു് ഉടുത്തിരിക്കുന്നതു്. കയ്യിൽ പച്ച ഏലക്കോമ്പ തൂക്കിപ്പിടിച്ചിരിക്കുന്നു.)

മാസ്റ്റർ : ഇന്നു ഞാനുമുണ്ടു് ഗോപാല, സദ്യയ്ക്കു്. ഏലയുമൊക്കെ വാങ്ങിയിട്ടുണ്ടല്ലൊ.

## എൻ. ഡി.

ഗോപാലൻ : എന്താ മേഷ്ട്രേ, എന്തെങ്കിലുമൊക്കെ തിന്നു പള്ള നിറക്കണ്ടേ ? കഞ്ഞുങ്ങള്ണ്ട് കുടീല്. മൊയ്തുവിന്നു നെല്ലുണ്ടാകും അതോണ്ടാ കുലുസൊക്കെ. ഇനിക്കു ദിവസം നാഴിയരി കിട്ടിയാൽ മതിയായിരുന്നു കഴിഞ്ഞ കൊല്ലത്തെ വർഷക്കാലത്തു നാലാൾക്കു നാഴി അരി കിട്ടാൻ പെട്ട പാട്. ഓ! ന്റെ ഗുരുവായൂരപ്പാ, തിക്കും, തിരക്കും. നാഴെങ്കിൽ നാഴി. അതു് ഒരു കാര്യമാണു്.

മാസ്റ്റർ : ഗോപാലൻ പറഞ്ഞതു വാസ്തവമാണു് അവൻ ആ പട്ടിണിയുടെ കയ്പും അറിഞ്ഞിട്ടും അനുഭവിച്ചിട്ടുമുണ്ടു്.

മൊയ്തു : ങ്ങള് പറഞ്ഞതൊക്കെ കാര്യാ—ഞമ്മക്കു് കുട്ട്യോള് അഞ്ചാറെണ്ണംണ്ട്. ന്താ കാണിച്ച്യാ ?

ഗോപാലൻ : കുട്ട്യോള് ണ്ടായത് തന്റെ കുറ്റത്താലൊണ്ടല്ലേ ? (എല്ലാവരും പൊട്ടിച്ചിരിക്കുന്നു.)

മാസ്റ്റർ : മൊയ്തു, നമ്മുടെ അവശതകൾ അനവധിയുണ്ടു്. റേഷൻ നടപ്പിൽ വന്നാൽ അവയൊക്കെ തീരുമെന്നു വിചാരിക്കണ്ട. ഇന്നത്തെ ഫാസിസ്റ്റു വിരോധ യുദ്ധത്തിൽ ജനങ്ങൾ ആത്മാർത്ഥമായി പങ്കെടുത്താൽ—അങ്ങിനെ...

മൊയ്തു : മേഷ്ട്രേ, ങ്ങള് ച്ചിരി നിർത്തി പറയിൻ. നിച്ചൊരു പിടിം കിട്ടിണില്ല.

ഗോപാലൻ : എടോ, താനവിടെ വെറുതാവിലിരിക്ക്വാ ? തോക്കിന്റെ ടേല് ഒരു വെടിവെക്കൽ. കിലാഫത്ത്കാരനല്ലേ ആള്!

മാസ്റ്റർ : യുദ്ധത്തിന്നു ശേഷം നമുക്കു കഷ്ടതകളെല്ലാം തീർക്കുന്നതിന്നുള്ള വഴിയുണ്ടാക്കാം. അതിന്നു യുദ്ധം ജയിക്കണം. യുദ്ധം ജയിക്കണമെങ്കിൽ കുറച്ചൊക്കെ ത്യാഗങ്ങളും കഷ്ടതകളും അനുഭവിക്കണം. ഇതൊക്കെ ചില താല്ക്കാലിക പരിപാടികൾ മാത്രമാണു്.

മൊയ്തു : ന്ച്ചാല്? മേഷ്ട്രേ ങ്ങള് ഷംഷ്കൃതത്തിലൊക്കെ പറഞ്ഞാലൊ ? ഞമ്മക്കു് ഒരു പിടിയാവൂല്ല. ന്റെ ആയുസ്സുകുട്ടിയ്യൂനീം.

ഗോപാലൻ : താല്ക്കാലിക പരിപാടികൾ, അതായതു് ചെല ഓട്ടയടക്കുന്ന വിദ്യകള്.

മൊയ്തു : ജെജ്ജാരു മുൻസി! മേഷ്ട്രങ്ങള് പറേയ്ൻ. ഞമ്മന്റെ നെല്ല് ഉള്ളതൊക്കെ കൊടുത്തോളാം. ഈ ജമ്മിമാര് നെല്ലൊക്കെ കൊടുക്കുന്ന് നിച്ച് ബിശ്വാസോല്ല്യ.

ഗോപാലൻ : ജന്മിമാര് കൊടുക്കില്ലാ. സർക്കാരിന്റെ നേമം അവരെക്കൊണ്ടു കൊടുപ്പിക്കും. ചോന്ന തലേക്കെട്ട് കണ്ടാൽ പത്തായത്തിൽനിന്നു നെല്ലു പുറത്തുവരും!

മാസ്റ്റർ : നിങ്ങൾ പറയുന്നതു് കാര്യമാണു്. ഈ വിഷയത്തിൽ സാധുക്കളായ നമ്മെപ്പോലുള്ള നാട്ടുകാരുടെ സഹായം സർക്കാരാവശ്യപ്പെടുന്നുണ്ടു്. എത്ര നെല്ലു നിങ്ങളുടെ അയൽവക്കത്തുള്ള ജന്മി സൂക്ഷിച്ചിട്ടുണ്ടു്? ആയാൾ അതു കരിഞ്ചന്തയിൽ വില്ക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ ആരാണു് ആ നെല്ലു് വാങ്ങാറുള്ളതു് എന്നെല്ലാം കണ്ടുപിടിച്ചു സർക്കാരിനെ അറിയിക്കണം. ആ വിധത്തിലുള്ള കച്ചവടത്തെ ഒരിക്കലും പ്രോത്സാഹിപ്പിച്ചുകൂടാ. കഴിഞ്ഞകൊല്ലം 4ക. വീതം നെല്ലു് പറക്കു് വാങ്ങിയ ജമ്മിമാരുണ്ടു്, ഇമ്പിച്ചി മൊതലാളി പക്കു, രാമമേനോൻ കുട്ടികൃഷ്ണൻ നായർ ഇവരൊക്കെ ചില്ലറപ്പുള്ളികളല്ല. ആളുകളുടെ ജീവൻ പോയിട്ടതിൽനിന്നും പണം പിടുങ്ങാൻ അവരെ അനുവദിക്കരുതു്.

ഗോപാലൻ : അപ്പോ മാഷേ, ങ്ങനെ നിന്നാൽ അയില ചീഞ്ഞുപോവും.

മാസ്റ്റർ : എനിക്കും ധൃതിയുണ്ടു്. നമുക്കു പോകാം.

മൊയ്തു : ങ്ങള്, ന്നാ പോവിൻ. ഞമ്മക്കു് ഞീണ്ട്ന്നുംചില ശംശങ്ങള്.

മാസ്റ്റർ : നാളെ ചായപീടികയിൽനിന്നു സംസാരിക്കാം. ഗോപാലനും വരണം.

ഗോപാലൻ : ചായപീടികയില് വരാതിരിക്കുമോ? 9 മണിക്കു റഡി.

മാസ്റ്റർ : അങ്ങിനെയാകട്ടെ.

(മാസ്റ്റർ ഒരു വഴിക്കു, ഗോപാലൻ മറെറാരു വഴിക്കും പോവുന്നു. മൊയ്തു ചന്തയിൽത്തന്നെ ചുററിത്തിരിയുന്നു.

"റേഷനും നടപ്പിലായി, ബഹുഘോഷമായി നാട്ടിലെല്ലാം. ജമ്മിടെ കാര്യമോ ബഹു മോശമായീ . . . ീ" ചന്തയുടെ ഒരുവശത്തിരുന്നു ഒരു കിഴവൻ മാപ്പിള പാടിക്കൊണ്ടിരിക്കുന്നു. മൊയ്തു ആയാൾക്കു് കാലണകൊടുത്തു പാട്ടും കേട്ടു നില്ക്കുന്നു.)

### രംഗം 2

(ഗോപാലന്റെ വീടു. ഏതാണ്ടു് 7 മണി. മൂന്നു കുട്ടികളും ഭാര്യ നാരായണിയും അയൽവക്കത്തെ ജാനകി അമ്മയും. അവർ നാട്ടുവർത്തമാനം പറഞ്ഞിരിക്കുകയാണു്.)

ജാനകിയമ്മ : എന്താ നാരായണീ, ഗോപാലൻ വന്നില്ലേ ?

നാരായണി : വന്നിട്ടില്ല, റേഷൻ ഷാപ്പിലേയ്ക്കു് പോയതാ. ഇന്നു് നെല്ലാ, അരിയാ കൊടുക്ക്ണ്താവൊ! നെല്ലാണെങ്കി എപ്പഴാ കുട്ട്യോൾക്കു് കൊണ്ടന്നുവെച്ചോണക്കി കുത്തികൊടുക്കണതാവൊ. വല്ലാത്തൊരു കഷ്ടപ്പാടു്, ന്റെ ങ്ങളെ!

ജാനകി അമ്മ : അപ്പോ എന്താ നാരായണീ ഒരാഴ്ചക്കുള്ളതു് ഒന്നിച്ചു വാങ്ങരുതേ?

നാരായണി : പണമെവിടുന്നാ ? അന്നന്നു കൂലികിട്ടി അതോണ്ട് ഒന്നിച്ചുവാങ്ങാൻ സാധിക്ക്യോ? (പരിഭവസ്വരത്തിൽ) നിങ്ങളൊ

പാട്ടം വന്ന നെല്ല് ചെലവിന്നു കഴിച്ചു ബാക്കി കൊടുത്താൽ മതി ഒന്നിച്ചുകുത്തി അരിയാക്കി വെച്ചൂടെ?

ജാനകി അമ്മ : അവിടെ അളക്കാൻ വരുന്നുണ്ടെന്നു കേട്ടപ്പോൾ 100 പറ നെല്ലു കുത്തി അരിയാക്കിവെച്ചു. കണക്കുപ്രകാരം ഉള്ളതുകൊണ്ട് തികയില്ല.

നാരായണി : കണ്ടാൽ കുററല്ലേ?

ജാനകിയമ്മ : ആരാപ്പതു് കാണിച്ചു കൊടുക്കുന്ന്?

നാരായണി: സക്കാര് വന്നു പരിശോധിച്ചാലൊ?

ജാനകി അമ്മ : അതൊക്കെ ആളെ നോക്കിയല്ലേ പരിശോധിക്കൂ! അവിടെ വന്നിട്ടങ്ങ് പരിശോധിക്ക്യ! ഹ്ഉം! നമ്മടെ മേനോൻ ന്റെ തങ്കമ്മുവിന്റെ ഭർത്താവാന്ന് നിയ്യ് മറന്നോ?

നാരായണി : ആ മൊയ്തുവിന്റെ വീട്ടിൽ പരിശോധിച്ചുത്രേ. 2 പറ നെല്ല് അധികണ്ടായിരുന്നു. അവന്റെ പേരിൽ കേസ്സാക്കിപോൽ

ജാനകിയമ്മ : വല്യ കഷ്ടായി.

നാരായണി : നിങ്ങളുടെ വീട്ടില് 50 പറ അരി ഇരുന്നിട്ടു അതു പിടിക്കാനാളുണ്ടായില്ല; സാധുക്കളെ പിടിക്കാനെ ആളുള്ളു.

ജാനകിയമ്മ (നീരസഭാവത്തിൽ) : ഞാൻ പോട്ടെ. നാളെത്തന്നെ ആ കടുക്കടെ എല എനിക്കു പൊട്ടിച്ചു തരണേ (പോവുന്നു.)

(പടിക്കൽച്ചെന്നിട്ടു പിറകോട്ടു തിരിഞ്ഞു) എടോ നാരായണി! നെന്റെ ആളു വരണ്ണ്ട്!

(ഗോപാലൻ പ്രവേശിക്കുന്നു. ഒരു വെള്ളക്കൊട്ട തലയിലുണ്ട് അയിലക്കോമ്പ കയ്യിലും "പച്ചമീൻ, പച്ചമീൻ" എന്ന് അട്ടഹസിച്ചു കുട്ടികളെല്ലാം ഗോപാലന്റെ അടുത്തേക്കു ആർത്തടുക്കുന്നു. ചാണകക്കുണ്ടിൽനിന്നു പട്ടി ഈ ബഹളമൊക്കെ കേട്ടു ഓളിയിടുന്നു.)

ഗോപാലൻ : ഇന്നാ നാരായണീ വേഗം നോക്കിക്കൊ എങ്ങിനെയെങ്കിലും വെച്ചു വറുത്ത് കുത്തിക്കൊ!

നാരായണി : ഇതൊന്നളന്നു നോക്കണ്ടേ?

ഗോപാലൻ : ഇന്നു ഇൻസ്പക്ടരുണ്ടായിരുന്നു ഷാപ്പില്! അതോണ്ട് കുറയില്ല.

നാരായണി : ന്നാള് 4 നാഴി കൊറഞ്ഞു. ഇൻസ്പെക്ടരോടു പറയാ വേണ്ടതു്.

ഗോപാലൻ : ധാരാളം കേസ്സ് ചാർജ്ജ് ചെയ്യുന്നുണ്ട്. ഇവററങ്ങടെ ലാഭക്കൊതിയൊക്കെ നല്ല പിഴകിട്ട്യാലെ തീരുള്ളു.

നാരായണി : കള്ളത്താപ്പോണ്ടളന്നിട്ടാ കൊറേണ്.

ഒരു കുട്ടി (ഗോപലന്റെ മുന്നിൽ തിരുപ്പിടിച്ചുകൊണ്ടു്): അച്ഛാ ന്ക്ക് അഞ്ച് അയില ക്കഷ്ണം വേണം.

ഗോപാലൻ (അവന്റെ പുറത്തു തടവിക്കൊണ്ടു്) : ന്റെ മോനു മതിയാവോളം തരും.

നാരായണി (കുട്ടിയോടു): രാമാ, മതി കൊഞ്ചീത്. ഓ ഒരു കുഞ്ഞിമ്മോൻ! അച്ഛൻ പോയി കുളിച്ചോട്ടെ. പുലച്ച് പോയതാ. ഒരു ഞായം പറേല്.

കുട്ടി : ഞാനച്ഛന്റെ കുട്ട്യാ, അമ്മെടെ അല്ല.

(ഗോപാലൻ കുട്ടിയെ വാരിയെടുക്കുന്നു. നാരായണി അടുക്കളയിലേക്കും ഗോപാലൻ കിണററിൻകരയിലേക്കും പോകുന്നു.)

## രംഗം 3

[ശങ്കുനായരുടെ ചായപ്പീടിക—ഓലക്കുടിൽ. സമയം കാലത്തു $8\frac{1}{2}$ മണി. മുളകൊണ്ടു ചിലചിത്രപ്പണികളൊക്കെ ചെയ്തിട്ടുണ്ട്. കാഴ്ചയിൽ ഒരു ചെറുകുടിലാണെങ്കിലും അവിടെ നാട്ടുകാരെല്ലാം തന്നെ വരാറുണ്ട്. ജന്മിയും കൃഷിക്കാരനും കച്ചവടക്കാരനും കൂലി വേലക്കാരനും എല്ലാം അവിടെ സമ്മേളിക്കും. ഒരാപ്പ ചായയ്ക്കു മുമ്പിലിരുന്നു അവർ ലോകകാര്യങ്ങളും, വീട്ടു കാര്യങ്ങളുമൊക്കെപ്പറയും. ശങ്കുനായർക്കു ഏതാണ്ട് 55 വയസ്സു പ്രായം കാണും. വളരെ ദുർല്ലഭമായേ ആയാൾ മുഖക്ഷൗരം ചെയ്യാറുള്ളു. തന്നിമിത്തം വളർന്നുനിൽക്കാറുള്ള വെള്ളത്താടി ആയാൾക്കു ഒരു ഭൂഷണമായിട്ടുണ്ട്. ആയാൾക്കു കുറച്ചു വിക്കലുമുണ്ട്. മകൻ നാണുവും അവിടെത്തന്നെയാണ് ജോലി എടുക്കുന്നതു്.

മൊയ്തു, ഗോപാലൻ, നാരായണൻ മാസ്റ്റർ ഇവരെല്ലാം അവിടെ എത്തിച്ചേർന്നിട്ടുണ്ട്. അംശം മേനോന്റെ മരുമകൻ ഗോപാലൻകുട്ടി മേനോനും ഉണ്ട്.]

മൊയ്തു : ശങ്കാരേ, ങ്ങടെ പിട്ട് ഒരു റുവ്യടെ വലിപ്പം ല്യലോ.

ശങ്കു : ഞ് ഞ് ണ് .. ഞാൻ .... ഹ് .. ഹ് .. ന്താ ചെ .. ചെ .. യ്യടോ അ .. ഹ ഹരി കിട്ടണ്ടേ!

ഗോപാലൻ : മൊയ്തു, കുറച്ചു മിണ്ടാതിരുന്നാ, ആയാൾ ചായ ഒഴിക്കാതെ വിക്കാൻ തൊടങ്ങും! (ചായപ്പീടികയിലുള്ളവരെല്ലാം പൊട്ടിച്ചിരിക്കുന്നു.)

മൊയ്തു : പിന്നെ വിക്കാനല്ലേ കച്ചോടം വെച്ചിരിക്കണ്? (വീണ്ടും ചിരി) അതൊക്കെപ്പോട്ടെ (ഗോപാലൻകുട്ടി മേനോനെ നോക്കിയിട്ടു) ആ! ഞമ്മടെ മേനോന്റെ മരോൻ കുട്ട്യല്ലേ ഇതു?

ഗോപാലൻ : അതേ, അംശം മേനോന്മാക്ക് നല്ല കാര്യാണ് പ്പൊ. (ഗോപാലൻകുട്ടി മേനോൻ ജാളിഭ്യതയോടെ ചിരിക്കുന്നു.) അവരാണല്ലോ, കണക്കു കൊടുക്കേണ്ടതു്. 1,000 പറയുണ്ടാവുന്ന സ്ഥലത്തു 750 പറയെ ഉണ്ടാവുകയുള്ളൂ എന്നവര് പറഞ്ഞാ കാര്യം തീർന്നു.

മാസ്റ്റർ : ആവക അഴിമതികൾ കണ്ടുപിടിച്ചു നാം അധികാര സ്ഥാനത്തിലെത്തിക്കണം. ഗ്രീഫ്ത്ത് സായ്പ് ആ കാര്യത്തിൽ ....

മൊയ്തു : നിക്കട്ടെ മേഷ്ട്രേ, ഏതു സായ്പ്?

ഗോപാലൻ : എടോ മാപ്പിളേ, ക്രിഫ്ത്ത് സായ്പ്.

മൊയ്തു : .... ഓ! ഞമ്മടെ കിരിപിത്ത് സായ്പോ? (ആളുകൾ ചിരിക്കുന്നു.)

മാസ്റ്റർ : വേണ്ടതു് ചെയ്യാമെന്നു കോഴിക്കോട്ടു നിന്നു ഉറച്ചു പറഞ്ഞിട്ടുണ്ട്. പൊതുജനക്കമ്മിററികൾക്ക് ആ കാര്യത്തിൽ ഒരു പങ്കു വഹിക്കാൻ ഉടനെത്തന്നെ കഴിയും.

ഗോപാലൻ : അതൊന്നും നിക്ക് കേക്കണ്ട. ഇങ്ങടെ പൊതുജനക്കമ്മിററി! ജന്മിമാരും, അവററടെ മക്കളും ഒക്കെത്തന്നെയാണ് ആ കമ്മിററിക്കാരും.

മാസ്റ്റർ : അതു ദേശീയഐക്യത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നതു്.

ഗോപാലൻ : പ്രാന്തിന്റെ അടിസ്ഥാനത്തിലാ! ന്താ മാഷേ, ങ്ങളും ഒക്കെപ്പറയാൻ തൊടങ്ങിയോ? ദേശീയ ഐക്യത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പോ ജന്മി കള്ളച്ചന്ത നടത്തുന്നതും പൂഴ്ത്തി വെക്ക്ണതും. നിങ്ങ്ടെ ഇങ്കിലാബൊക്കെ പോട്ടെ. നൊമ്മടെ വിഷയം പറയിൻ.

മൊയ്തു : എടോ ഗോപാലാ, ന്തിരുത്തിനെപ്പററ്യാ ങ്ങള്പ്പോ പറേണ്. എന്താ ഈ ദേഷീയ ഐക്യം? ങ്ങള് അറിടെ കാര്യം പറേയ്ൻ. ങ്ങള് ഒക്കെപ്പറഞ്ഞ് കിലാഫത്ത് ണ്ടാക്കണ്ട. ട്ടോ!

നാണൂ. ഓ! ഗ്ലാസ് എടുക്കട്ടെ. ചായ വേഗം കുടിച്ചാണീ. പഞ്ചായത്തൊക്കെ ചായപ്പീടേന്നാ?

ശങ്കുനായർ : .. എ .. എ .. എ .. ട് .. ട് .. ടാ ചെക്കാ, ങ്ങ് .. ങ്ങ് .. ങ്ങ് ട് വന്നാ. (നാണു അടുക്കളയിലെക്കു പോവുന്നു.)

മാസ്റ്റർ : എന്തായാലും നമ്മുടെ ആളെ കുറെ തെരഞ്ഞെടുക്കണ്ടാം.

ഗോപാലൻ : അതൊക്കെ പോട്ടെ. നമ്മടെ നാട്ടിലൊരു കമ്മിററിണ്ടല്ലോ അതിൽ നിങ്ങളും മാററെ സഖാവും കഴിച്ചാൽ ബാക്കി മൂന്നാളും ജന്മിമാരല്ലേ? പണക്കാര് അവരുടെ കാര്യം കാണാനാ ഈ വിദ്യ നോക്കണതു് മേഷ്ട്രേ? എവിടെ ചെന്നാലും അവർ മുമ്പില്!

മൊയ്തു : ശരിയാ ഗോപാലൻ പറഞ്ഞതു്. ഒരാപ്പ ചായ ക്ക്ണ്ട് ആ വാക്ക്!

ഗോപാലൻ : മേഷേ, ആ മീററിങ്ങിന്ന് എന്നേം മൊയ്തൂനേം ഒക്കെ തെരഞ്ഞെടുത്തൂടായിരുന്നോ!

മാസ്റ്റർ : ജന്മിമാരൊക്കെ റേഷൻ സഹായിക്കാൻ വന്നാൽ നല്ലതല്ലേ?

ഗോപാലൻ : ഇതു തന്നേയാണ് പറഞ്ഞതു്. ങ്ങളും അവരുടെ പാട്ടിലാണ്! (ചിരി)

ശങ്കുനായർ (പിട്ടു കുത്തുന്നതിനിടയിൽ) : ജ് ജ് ജന്മി വന്നപ്പോ, ക് ക ക് മ്മി ട്ടി ണ്ട് ണ്ട് ണ്ടായപ്പൊ, പിട്ട് ട്ട് ഠി നരി ക് കുറഞ്ഞു. (എല്ലാവരും പൊട്ടിച്ചിരിക്കുന്നു.)

മൊയ്തു : ഈ ജന്മികളെ ഞമ്മടേ കമ്മിററീല് വേണ്ട മേഷ്ട്രേ!

ഗോപാലൻ : എലിക്കൂട്ടിലെ കാടൻ പൂച്ചോള്!

[കുട്ടികൃഷ്ണൻ നായർ, ജന്മി, ചായപ്പീടികയിലേക്ക് കടന്നുവരുന്നു. ഏതാണ്ടു മുപ്പത്തിയേഴ വയസ്സു പ്രായം. തല പാതി കഷണ്ടിയാണ് ഒരു കോടി ഖദർ മുണ്ടുടുത്തിരിക്കുന്നു. ഒരു വേഷ്ടി തോളിലുമുണ്ട്. നീണ്ട ആജാനുബാഹുവായ ഒരാൾ. കാതിൽ കല്ലുവെച്ച കടുക്കനുണ്ട്. വെള്ളികൊണ്ടു തലപ്പത്തു കെട്ടിച്ച ഒരു ചൂരൽ വടി കയ്യിൽ. ആയാളെ കണ്ടമാത്രയിൽ ചായപ്പീടികയിലുള്ളവർ എല്ലാം ഓഛാനിച്ച് എഴുനേൽക്കുന്നു.]

ഒരാൾ (മൊയ്തുവിനോട്) യേമാന്നതാ, ണ്ണീക്ക്!

മൊയ്തു : മനിസനെ, മനിസൻ ബണങ്ങിബന്ദിക്കേണ്ടാന്ന് കൊറാനില്ണ്ട്. ഞാൻ ഇസ്ലാമാ!

കുട്ടികൃഷ്ണൻ നായർ : എന്താ മാസ്റ്ററേ, നാടു ഭരിക്കാനുള്ള പരിപാടി തയ്യാറാക്കിയോ? കൂക്കിവിളിച്ച് പാട്ടും പാടി നടന്നു നാട്ടു കുട്ടിച്ചോറാക്കി.

മാസ്റ്റർ (ചിരിച്ചുകൊണ്ട്) : അപ്പോ നെല്ലൊക്കെ അളവ് കൊടുത്തോ?

[മൊയ്തുവും ഗോപാലനും ഈ സംഭാഷണം ശ്രദ്ധിച്ചു കേൾക്കുന്നു. ചിലപ്പോൾ അവർ കണ്ണുകൊണ്ട് ആംഗ്യം കാണിക്കുകയും, തോണ്ടുകയും ചെയ്യുന്നു.]

കുട്ടികൃഷ്ണൻ നായർ : എന്റെ ആവശ്യം കഴിച്ചു ബാക്കി കൊടുക്കാംന്ന് പറഞ്ഞിട്ടുണ്ട്.

മാസ്റ്റർ : കണക്കുപ്രകാരമുള്ളത് കൊടുക്കണ്ടേ?

കുട്ടികൃഷ്ണൻ നായർ : അതൊക്കെ ഞാൻ നോക്കിക്കോളാം. ങ്ങള് പോയി കുട്ട്യോളെ പഠിപ്പിച്ചോളിൻ. നാട്ടുകാരുടെ കാര്യത്തിൽ കൈ കടത്തേണ്ട. എന്നിട്ട്, അതുമില്ല, ഇതുമില്ല, അമ്മടെ മീക്കേല്ല എന്നാക്കണ്ട മാസ്റ്ററേ!

മാസ്റ്റർ : നിയമം എല്ലാവരേയും ബാധിക്കും.

കുട്ടികൃഷ്ണൻ നായർ : ഇല്ല! നിയമം ഭൂരിപക്ഷത്തിന്റെ ഗുണത്തിന്നു വേണമെന്നല്ലേ നിങ്ങടെ ആവശ്യം? ഞങ്ങൾ നെല്ലുള്ളവർ ന്യൂനപക്ഷമായതുകൊണ്ടു ഞങ്ങളും കാര്യം നോക്കട്ടെ (ശങ്കുനായരോടു്).

എടോ, ഒരാപ്പ് ണ്ടോട്ടും.

മാസ്റ്റർ : ഞാനപ്പൊൾ പോട്ടെ!

കു. നായർ : സ്കൂളിലേക്കു തന്നെയല്ലേ?

മാസ്റ്റർ : അതേ. (മൊയ്തുവിനോടും ഗോപാലനോടും) അപ്പോൾ നമുക്ക് പിന്നെക്കാണാം. (കുടയുമെടുത്തു പോവുന്നു.)

കുട്ടികൃഷ്ണൻ നായർ : (ആരോടെന്നില്ലാതെ) ആദ്യം ഇവിടെ വന്നപ്പോ ആ ചെറുപ്പക്കാരൻ കൊള്ളായിരുന്നു. പ്പൊ ചീത്തയായി. ഈ മൊയ്തൂം, ഗോപാലനും കൂട്ടുകാരത്രേ! രപ്പ്! നായന്മാരല്ലേ, ഇതൊക്കെ വരുത്തി

യത്ത്. തറവാടിത്തോം അഭിമാനൊം ഒക്കെ പ്പോയി. ഛെ! (ചായ എടുത്തു കുടിക്കുന്നു) എടാ, ചെക്കാ ത്തിരി മധുരം കൂടിവേണം.

(ചായപ്പീടികയിൽനിന്ന് ആളുകൾ ഓരോരുത്തരായി പുറത്തു പോവുന്നു. മാധവിയമ്മ—പാൽക്കാരത്തി കുടവുമായി വരുന്നു.)

മാധവിയമ്മ: ശങ്കാരേ, ആ പാട്ടയിങ്ങെടുക്കിൻ!

ശങ്കു നായർ: ത്-ത്-ത്- തമ്പുരാ. ഠി-ഠി. അവടെ നി-ക്-ക്കാ ത്തിരി.

കു. നായർ: ഏതാ ശങ്കോപ്പാ, ഇ പെൺകിടാവ്? (മാധവിയമ്മ അയാളെ വെറുപ്പോടെ നോക്കുന്നു.)

(ചായപ്പീടികക്കകത്തുനിന്ന് ഒരാൾ പുറത്തു വരുന്നു.)

ആയാൾ: അത്ത് ൻെറ പെങ്ങള് മാധവിയാ.

കു. നായർ: (വല്ലാതെ പരിഭ്രമിച്ച്) ഓ! ഗോവിന്ദൻെറ പെങ്ങളോ? അറിയാൻവേണ്ടി ചോദിക്കേ. ഏ! ആ. ഒന്നുമില്ല ട്ടൊ. ചോദിച്ചുന്ന് മാത്രം. (മെല്ലെ പുറത്തേക്കു പോകുന്നു.)

(ചായപ്പീടികയിലെല്ലാം ചിരിയും കൂക്കിവിളിയും.)

## രംഗം 4

(സമയം വൈകുന്നേരം അഞ്ചുമണി—വായനശാല—അതിൻെറ മുന്നിൽ കുറെ ചെറുപ്പക്കാർ.)

പത്മനാഭൻ: അല്ലാ, മി. ഗോവിന്ദൻ, റേഷണിങ്ങിൻെറ സ്വഭാവത്തെപ്പററിയും, നടത്തിപ്പിനെപ്പററിയും നിങ്ങടെ അഭിപ്രായമെന്താണ്?

ഗോവിന്ദൻ: റേഷൻ വേണ്ടതാണ്. കണിശവും കക്കശവുമായ വിധത്തിൽ നടപ്പിൽ വരുത്തണം. പക്ഷെ അതിൻെറ നിവ്വഹണത്തെപ്പററി പല ആക്ഷേപങ്ങളുമുണ്ട്.

പത്മ: കൃഷിക്കാൎക്ക ഈ വിഹിതംകൊണ്ടു മതിയാകുന്നില്ലത്രെ.

ഗോവി: അതെ, അവരദ്ധ്വാനിക്കുന്നവരല്ലെ? അവൎക്ക രണ്ടു നേരം വയറുനിറയെ കഞ്ഞിയെങ്കിലും കുടിക്കണം. എല്ലാവൎക്കും ഒരേ റേഷൻതോത് ശരിയാണോ എന്നു എനിക്കൊരു സംശയം. പണക്കാൎക്കും, ഉയൎന്ന ശമ്പളക്കാൎക്കും, വലിയ ദേഹാദ്ധ്വാനമില്ലാത്ത മററു പ്രവൃത്തിക്കാൎക്കും ഇതുകൊണ്ടു കഴിച്ചു കൂട്ടാം.

പത്മ: അതെന്താ? പണക്കാൎക്ക വിശപ്പില്ലേ? വലിയ ശമ്പളക്കാൎക്ക വായുഭക്ഷണം മതിയോ?

ഗോവി: അവൎക്ക മററു പോഷകസാധനങ്ങളടങ്ങിയ ഭക്ഷണസാമഗ്രികൾ വാങ്ങാൻ കഴിയും. മുട്ട, പാൽ, നെയ്യ്, നല്ല പച്ചക്കറികൾ ഇവയെല്ലാം. ഒരു സാധു കൃഷിക്കാരന്നു ഇതു സാദ്ധ്യമല്ല.

പത്മ: എന്തൊക്കെയോ ചില പോരായ്മകളുണ്ട്. ക്ഷേത്രങ്ങളിലേക്കും മററും വലിയ തോതാണു അനുവദിക്കുന്നത് കേട്ടു.

ഗോവി: ക്ഷേത്രത്തിൻെറ ഊരാളന്മാർ സ്വാധീനശക്തിയുള്ളവരാണ്. ജനങ്ങൾ അതനുവദിക്കാൻ പാടില്ലെന്നാവശ്യപ്പെടണം. ദേവന്നു നൈവേദ്യത്തിന്നു നാഴി അരി മതി. നമ്പൂതിരിക്കു സദ്യ കൊടുത്തിട്ടു ഫലമില്ല. അവർ ജന്മിമാരാണ്; നെല്ലു വിൽക്കുന്നവർ!

പത്മ: നെല്ലിൻെറ വിലയിൽത്തന്നെ ഇളവു വരുത്താൻ ശ്രമിക്കേണ്ടതാണ്.

ഗോവി: തീൎച്ചയായും വേണം. മൊത്ത കച്ചവടക്കാർ പറക്ക് 1 ക. 5 ണ. യായി നെല്ല് വാങ്ങുന്നു. അതു 1 ക. 11 ണ. യായി ചില്ലറവ്യാപാരിക്ക് വിൽക്കുന്നു. ചില്ലറവ്യാപാരിയോ 1 ക. 15 ണ. ക്ക് അതു ജനങ്ങൾക്കും വിൽക്കുന്നു. മൊത്തവ്യാപാരിക്കു പറക്കു 6 ണ. യും, ചില്ലറവ്യാപാരിക്കു 4 ണ. യും അതിൽ നിന്നു ലാഭം. നോക്കണം ഏററവും പാവപ്പെട്ട അനുഭോക്താവും ഉയൎന്ന വില കൊടുക്കേണ്ടിവരുന്നു. ഗവമ്മേണ്ടിന്നും ജനങ്ങൾക്കും ഇടയിൽ ഇത്തിക്കണ്ണിപോലെ വൎത്തിക്കുന്ന ഇവർ—മൊത്തവ്യാപാരിയും ചില്ലറവ്യാപാരിയും—തട്ടിയെടുക്കുന്ന ലാഭം ½ പറ നെല്ലിൻെറ യഥാൎത്ഥ വിലയാണ്. ഈ സമ്പ്രദായം ജനങ്ങൾ സഹകരിച്ചാൽ ഗവമ്മേണ്ടിന്നു നിൎത്തൽ ചെയ്യാൻ സാധിക്കും. അതിന്നു നാം ഒത്തൊരുമിക്കണം. അതുമിതും പറഞ്ഞതുകൊണ്ടൊന്നും കാൎയ്യമില്ല. സഹകരണസംഘങ്ങൾ (കോപ്പറേററിവ് സംഘങ്ങൾ) രൂപീകരിക്കുന്നതിന്നു ശ്രമിക്കുകയും, അവ മുഖാന്തിരം വിതരണം ഏൎപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഈ പണക്കാരുടെ പകൽക്കൊള്ളയും പിടിച്ചുപറിയും നിൎത്താൻ സാധിക്കും.

നാരായണൻ മാസ്റ്റർ: വളരെ ശരിയാണ്. നമുക്കതിന്നു ശ്രമിക്കണം.

ഗോവി: അതിന്നുള്ള ശ്രമങ്ങളിൽ വളരെ പ്രതിബന്ധങ്ങൾ നേരിട്ടേക്കും. ഗവമ്മേണ്ടു തന്നെ വിചാരിച്ചാൽ പോരാ. ജനങ്ങളും മുന്നിട്ടിറങ്ങണം. ഒരു കൈയടിച്ചാൽ ശബ്ദമുണ്ടാകുകയില്ല. മലബാറൊട്ടുക്കും റേഷണിങ്ങ് ഏൎപ്പെടുത്തിയ ഗവമ്മേണ്ട് ഇതു് തടയുകയില്ല. പക്ഷെ ഒച്ചപ്പാടുണ്ടാക്കി, ബഹളമാക്കാതിരിക്കാൻ ശ്രദ്ധിക്കണം. സഹകരണസംഘത്തിന്നു ആവശ്യപ്പെടുമ്പോൾ മററു വേണ്ടായ്മകളും അതിലേക്കു വലിച്ചിഴയ്ക്കാതെ നോക്കണം.

പത്മ: നമ്മുടെ പ്രദേശം ഈ വിഷയത്തിൽ മുൻകയ്യെടുക്കണം.

മാസ്റ്റർ: സഹകരണപ്രസ്ഥാനത്തെപ്പററി നമ്മുടെ നാട്ടുകാൎക്ക ബോധമില്ല.

ഗോവി: അതുണ്ടാക്കണം.

പത്മ: അതിന്നു നാം ശ്രമിക്കണം.

വായനശാലയിൽനിന്നു ഒരാൾ: ഏ! കൂട്ടരെ, മണ്ണെണ്ണ കഴിഞ്ഞു. വിളക്കില്ല. പൂട്ടിപോവുകയാണ്.

ഗോവി: നമുക്കും പോകാം. (എല്ലാവരും എഴുനേൽക്കുന്നു.) എന്താണ് ആ ശബ്ദം.

(റോട്ടിലൂടെ കള്ളുകുടിച്ചുകൊണ്ട് ജന്മി കുട്ടികൃഷ്ണൻ നായർ പാടിക്കൊണ്ടു പോവുന്നു.)

"മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ.
രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ....
എൻെറ വീട്ടിലെ നെല്ലു മുഴുവനും
കൊണ്ടുപോയിച്ചതും ഭവാനാകുമോ.."

പത്മ: അല്ലാ, ഗവൺമേണ്ട്!
(എല്ലാവരും പൊട്ടിച്ചിരിക്കുന്നു.)

കുട്ടികൃഷ്ണൻ നായർ: (വേലിമേൽ തിരക്കികൊണ്ട്) "പത്തായങ്ങൾക്കു പട്ടിണിയായിപ്പോൾ ...."

ഗോവി: "നാട്ടുകാൎക്ക വിശപ്പുമടങ്ങിപ്പോയ്."

കു. നായർ: (കാക്കിച്ചു തുപ്പുന്നു) പോഴാ, പോഴാ, നെല്ലിപ്പാടത്തെ കുട്ടീഷ്ണൻ പ്പെഴും ജന്മിയാ; നെല്ലു കൊണ്ടോയാലും ജന്മിയാ—ങഴെ കണ്ണിപ്പൊടീഴാൻ എന്ത് പണ്യാഴാ! ത്തു! (തുപ്പുന്നു) ആയിരം പഴ നെല്ലു വേണോൻെറ നെലവറക്കുണ്ടില്ണ്ടെഴാ. (തട്ടിത്തടഞ്ഞു വീഴുന്നു.)

(ഗോവിന്ദനും പത്മനാഭനും അടുത്തു ചെന്നിട്ട്) വല്ലതും പററിയോ?

കു. നായർ: (എഴുനേൽക്കുന്നു) പോഴാ, പോഴാ (വടിയോങ്ങുന്നു.)

മാസ്റ്റർ: ഏ! നമുക്കു പോവുക!

(എല്ലാവരും ഓരോ വഴിക്ക് യാത്ര പറഞ്ഞു തിരിയുന്നു. കുട്ടികൃഷ്ണൻ നായർ വഴിയിൽ ഇരിക്കുന്നു.)

# വിജയാഗമത്തിൽ

(ജി. പി. ശങ്കരമംഗലം)

(കളകാഞ്ചി)

മധുമധുര മകരളിരിലധികമുളവാക്കുമീ-
മാധുൎയ്യഗീതത്തിന്നാധാരമെന്തുവാൻ?
മണിമണിത മുരസുഖദമനുപദ മണയ്ക്കുമീ-
മഞ്ജുനാദത്തിന്നടിസ്ഥാനമെന്തുവാൻ?
സുമസുരഭി കലരുമതി മദിതമൃദു മാരുതൻ-
ആവിൎഭവിപ്പാനവകാശമെന്തുവാൻ?
വെള്ളവെളിത മൃദുഹസിത കിരണമുഖകെങ്ങുമെ-
വ്യാപിച്ചുകാണുവാനെന്തുവാൻ കാരണം?
നവസുഷമ തടവുമൊരു തരുണിമണിമന്ദമായ്-
നാണംകുണുങ്ങി നടന്നു വരികായ്
വിഭവമിതു സകലമവൾ വിശ്വവശ്യത്തിനാൽ-
ഉൽഭൂതമായിപോൽ, അത്ഭുത,മത്ഭുതം!
മഹിതമിതു, മഹിതമിതു, സൽജയലക്ഷ്മിതന്നാഗമം: ഹാ, ഹാ, മനോജ്ഞം, മഹോത്സവം!!
അയിമധുരമാണിക്യദേവതേ! നിൻവരവാത്മാവിനാനന്ദ സന്ദായകം്തുലോം,
പദകമലപരിചരണ പൂൎവ്വകം ഞങ്ങളിന്നോതുന്നു ദേവി ഭവതിക്കു സ്വാഗതം,
തവവരവിലകമിളകിയഖില ജനകേകികൾ-
ആടുന്നു, പാടുന്നു, ഹൎഷവൎഷത്തി, നാൽ
ഗഗനഭുവി പരിചിലിഹ 'സൌഹൃദശക്തി'തൻ-
വെന്നിക്കൊടിക്കൂറ പാറുന്നിതെങ്ങുമെ!!

* * *

ഭുവനമൊരുനരകസമമൊരുഞൊടിയിൽ മാററിയ
'നാസിസം', 'ഫാസിസം' സൎവ്വം തുലഞ്ഞുപോയ്
മദഭരിതഹൃദയമൊടു സാമ്രാജ്യ വാഞ്ഛയാ-
മത്തടിച്ചാൎത്തവർ ചത്തുമടിഞ്ഞുപോയ്,
മലനിതരചരിതമൊടു മൎദ്ദിച്ചുണൎത്തുതാം-
ശത്രുവിക്രാന്തികൾ സൎവ്വം തകൎന്നുപോയി,
ഗഗനതലമതിലമിതതി ചിരമുളവാക്കിയ-
ദുൎമ്മേഘജാലങ്ങൾ സൎവ്വം പൊഴിഞ്ഞുപോയ്
കനകരുചികലരുമൊരു വിജയകിരണങ്ങളാൽ
കല്യാണരംഗമായ് മാറീമഹീതലം.

* * *

സകലദിശി സകലദിശി സൌഹൃദ ശക്തിതൻ-
സൽജയകാഹളം മാററൊലിക്കൊള്ളവേ,
വിപിനമതിൽ വിഹഗനിര,വാടിയിൽ പെൺകുയിൽ,
പാംകീവൃന്ദങ്ങൾ നാട്ടിലെല്ലാടവും
ഹൃദയഭരമുദിതമൊടു സൎവ്വമനോജ്ഞമാ-
കീൎത്തനഗാനങ്ങളേററു പാടീടവേ,
കവിജനനികവിയുമൊരു സന്തുഷ്ടചിത്തരായ്
കാവ്യകല്ലോലങ്ങൾ നിൎമ്മിപ്പുസൎവ്വദാ;
പടപൊരുതിയരികളുടെ കുലബലമൊഴിച്ചൊരാ
പ്പട്ടാളവിക്രമം പേൎത്തും നിനക്കയാൽ
അവശതരമമരുമൊരു മാമകതൂലിക-
യാനന്ദനൃത്തത്തിനായത്തമായിപോൽ,
സമരമിനിയൊരുപൊഴുതു മണവതിനസാദ്ധ്യമേ
ന്നോൎത്തോത്തുലകിതാ കോരിത്തരിക്കയായ്.

* * *

വരികശുഭദായികെ, സൽജയദേവി, നിന്നാഗമം, ഹാ, ഹാ, കുളിക്കുന്നു ഹൃത്തടം:
മധുമധുരമകരളിരിലധികമുളവാക്കുമീ-
മംഗലസൽജയ ഗീതം മനോഹരം!!

—: ശുഭം :—

# നിങ്ങൾക്കു ഓർമ്മയുണ്ടോ?

## യുദ്ധത്തിലെ പ്രധാന സംഭവങ്ങളുടെ ഒരു ഡയറി

### 1939 സെപ്റ്റേമ്പർ

ജർമ്മനി പോളണ്ടിനെ ആക്രമിക്കുന്നു.

ബ്രിട്ടനും ഫ്രാൻസും ജർമ്മനിയോടു യുദ്ധം പ്രഖ്യാപിക്കുന്നു.

ജർമ്മനിമേൽ ഒന്നാമത്തെ ആർ.എ.എഫ്. ബോമ്പാക്രമണം.

സോവിയററു സേനകൾ പോളണ്ടിൽ പ്രവേശിക്കുന്നു.

29,000 ടൺ വിമാനവാഹിനിക്കപ്പൽ 'കറേജിയസ്' മുങ്ങി.

വാർസാ കീഴടങ്ങുന്നു.

### ഒക്ടോബർ

ബ്രിട്ടനും, ഫ്രാൻസും, ടർക്കിയും തമ്മിൽ അന്യോന്യസഹായസന്ധി ചെയ്യുന്നു.

### നവെമ്പർ

മ്യൂനിച്ചു് ബീർസെല്ലറിൽ ടൈം ബോമ്പ പൊട്ടിത്തെറിക്കുന്നു—ഹിററ്ലർ രക്ഷപ്പെടുന്നു. ഒന്നാം റസ്സോ-ഫിന്നിഷ് യുദ്ധം ആരംഭിക്കുന്നു.

### ഡിസെമ്പർ

പ്ലേററ് നദിയിലെ സമരം.

ഗ്രാഫ്സ്പീ ആത്മഹത്യ ചെയ്യുന്നു.

### 1940 ഏപ്രിൽ

ഡെന്മാർക്കും നോർവേയും ജർമ്മനി ആക്രമിക്കുന്നു.

ബ്രിട്ടീഷുകാരും, ഫ്രഞ്ചുകാരും, പോളണ്ടുകാരും നോർവിക്കിൽ ഇറങ്ങുന്നു.

### മേയ്.

തെക്കൻ നോർവ്വേയിൽനിന്നു സഖ്യസേനകൾ പിൻവാങ്ങുന്നു.

ചമ്പർലെയിൻ രാജിവെക്കുന്നു; ചർച്ചിൽ നാഷനൽ ഗവർമ്മേണ്ടു രൂപീകരിക്കുന്നു. ജർമ്മൻകാർ പോളണ്ടു്, ബെൽജിയം, ലക്സംബർഗ്ഗ് എന്നീ നാടുകളെ ആക്രമിക്കുന്നു.

ബെൽജിയം കീഴടങ്ങുന്നു.

ഡൺകിർക്കിൽനിന്നുള്ള ഒഴിച്ചുപോരൽ ആരംഭിക്കുന്നു.

### ജൂൺ

ഇററലി സഖ്യശക്തികളുടെ നേർക്കു് യുദ്ധം പ്രഖ്യാപിക്കുന്നു.

ഒരു തുറന്ന നഗരമായി പ്രഖ്യാപിക്കപ്പെട്ട പാരീസ് നഗരം ജർമ്മൻകാർക്കായി നീക്കിയിട്ടുകൊടുക്കുന്നു.

മാർഷൽ പെറെറയിൻ സമാധാനമാവശ്യപ്പെടുന്നു.

സമാധാന ഉടമ്പടി ഒപ്പിട്ടു.

റുമേനിയ അച്ചുശക്തികളോടൊപ്പം ചേരുന്നു.

ജനറൽ ഡിഗാളിൻെറ നേതൃത്വത്തിൽ സ്വതന്ത്ര ഫ്രഞ്ചു കമ്മിററി ലണ്ടനിൽ രൂപീകരിക്കുന്നു

### ജൂലായ്

ബ്രിട്ടനുമായി പെറെറയിൻ രാജ്യതന്ത്രബന്ധങ്ങൾ വേർപെടുത്തുന്നു

ബ്രിട്ടനു മാസംതോറും 3,000 വിമാനങ്ങൾ നൽകാമെന്നു അമേരിക്ക ഏല്ക്കുന്നു.

### ആഗസ്റ്റ്

ഇററലിക്കാർ ബ്രി. സോമാലിലാണ്ടു ആക്രമിക്കുന്നു. ബ്രിട്ടീഷുകാർ സോമാലിലാണ്ടിൽനിന്നു ഒഴിച്ചുപോരുന്നു.

ലണ്ടനിൽ ആദ്യത്തെ നിശാകാല ബോമ്പാക്രമണം.

യു. എസ്സ്. സെനററ് 12,000,000 പേരെ ബാധിക്കുന്ന കൺസ്ക്രിപ്ഷൻ ബിൽ പാസ്സാക്കുന്നു.

"വിയന്ന എവാർഡ്"

### സെപ്തെമ്പർ

റോയൽ നാവിക്കു് അമേരിക്ക 50 ഡിസ്ട്രോയർ കൊടുക്കുന്നു.

വാഷിങ്ടണിൽവെച്ചു് ആംഗ്ലോ-അമേരിക്കൻ ഉടമ്പടി.

ഇററലിയും, ജർമ്മനിയും, ജപ്പാനും, തമ്മിൽ ത്രിശക്തിസഖ്യം.

### ഒക്ടോബർ

എണ്ണഖനികൾ പിടിക്കുന്നതിന്നു നാസിസേനകൾ റുമേനിയാവിൽ പ്രവേശിക്കുന്നു.

ഗ്രീസ് ഇററലിയാൽ ആക്രമിക്കപ്പെട്ടു.

### നവെമ്പർ

ടാറൻടോവിൽ ഭയങ്കരമായ ബ്രിട്ടീഷ് ബോമ്പേററ്; ഇററലിയുടെ നാവികസേന ക്ഷയിപ്പിച്ചു.

കോവൻട്രിയിൽ കടുത്ത ബോമ്പുവർഷം.

ഹങ്കറിയും റുമാനിയയും അച്ചുശക്തികളോടൊപ്പം ചേരുന്നു.

### ഡിസെമ്പർ

വേവലിൻെറ നേതൃത്വത്തിൽ ഈജിപ്തിൽ ആദ്യത്തെ ബ്രിട്ടീഷ് ആക്രമണം. സിഡിബാറണി പിടിച്ചു.

### 1941 ജനുവരി.

ബാറിഡ കീഴടങ്ങുന്നു. 45,000 ഇററലിയൻ തടവുകാർ.

ടോബ്രൂക്ക് പിടിച്ചു.

എറിട്രേയിലേക്കു് ബ്രി. സേനകളുടെ പുരോഗമനം.

### ഫെബ്രുവരി

അബിസീനിയയിൽ ഇററലിയെ എതിർക്കുന്നു.

ബങ്കാസി പിടിച്ചു; 15,000 തടവുകാർ.

ടർക്കോ-ബൾഗേറിയൻ സന്ധി ഒപ്പിട്ടു.

ബ്രി. സോമാലിലാണ്ടു് ഇററലിയിൽനിന്നു വീണ്ടെടുത്തു.

### മാർച്ച്

നാസികൾ ബൾഗേറിയ അധീനമാക്കി.

യു. എസ്സ്. സെനററിൽ 'കടംവായ്പ്' ബിൽ അംഗീകരിക്കുന്നു.

റോമലിൻെറ നേതൃത്വത്തിൽ ആഫ്രിക്കയിൽ രണ്ടാമത്തെ ആക്രമണം.

### ഏപ്രിൽ

ഇറാക്കിൽ റഷീദ് ആലിയുടെ ലഹള.

തെക്കെ ആഫ്രിക്കൻ ഭടന്മാർ അഡിസ് അബാബ പിടിക്കുന്നു.

ചെങ്കടലിലെ മസ്സാവ ബ്രിട്ടീഷുകാരാലും ഇന്ത്യക്കാരാലും ആക്രമിക്കപ്പെടുന്നു.

നാസികൾ ഗ്രീസിൽ പ്രവേശിക്കുന്നു.

ഹങ്കറി യൂഗോസ്ലാവ്യയെ ആക്രമിക്കുന്നു.

യൂഗോസ്ലാവ് സമരം തീരുന്നു.

ബ്രിട്ടീഷുകാർ ഗ്രീസിൽനിന്നു ഒഴിച്ചുപോരുന്നു.

മേയ്

സിറിയയിലെ വിമാനത്താവളങ്ങൾ വിച്ചി ഫ്രാൻസ് ജർമ്മനിക്കു നൽകുന്നു.

ഹെസ്സ് ബ്രിട്ടനിലേക്കു പറന്നു വരുന്നു.

റോമൽ (ഈജിപ്തിന്നുള്ളിൽ) ഹാൾഫയയിൽ.

ഡ്യൂക്ക് ഓഫ് ഓസ്റ്റ അബിസീനിയയിൽ അമ്പഅലകിൽവെച്ചു കീഴടങ്ങുന്നു.

ക്രീററിൽ വിമാനമാർഗ്ഗമായ ആക്രമണം.

ജൂൺ

ക്രീററിൽനിന്നു ബ്രിട്ടീഷുകാർ ഒഴിച്ചുപോരുന്നു.

സഖ്യശക്തികൾ സിറിയയിൽ പ്രവേശിക്കുന്നു.

ജർമ്മനി റഷ്യയെ ആക്രമിക്കുന്നു.

ജൂലായ്

സിറിയയിൽ സമാധാനം—ആംഗ്ലോ-റഷ്യൻ ഉടമ്പടിയും, റഷ്യോപോളീഷ് സന്ധിയും ഒപ്പിട്ടു.

ആഗസ്റ്റ്

റഷ്യക്കാർ നിപ്രോപെട്രോവസ്കിൽനിന്നു ഒഴിച്ചുപോരുന്നു.

ഇറാനിലെ ലഹള ഒതുങ്ങുന്നു.

സപ്തെമ്പർ

വോൺലീബും മന്നാർഹിമും ലെനിൻഗ്രാഡ് വളയുന്നു.

വോൺറെണ്ട്സ്റ്റെഡ്ഡു സ്മോളൻസ്കം ഗോമലും പിടിക്കുന്നു.

ഒഡേസ്സ വളയപ്പെട്ടു.

ഒക്ടോബർ

കാക്കോവും സോൺബെസിനും ജർമ്മൻകാർ പിടിക്കുന്നു.

നവെമ്പർ

മെഡിറററേനിയൻകടലിൽ ആർക്ക് റോയൽ മുക്കി. ആ ഒച്ചലക്കിന്റെ നേതൃത്വത്തിൽ ലിബിയയിൽ രണ്ടാമത്തെ ആക്രമണം.

ജർമ്മൻകാർ റസ്റ്റോവിൽ പ്രവേശിക്കുന്നു.

റഷ്യക്കാർ റസ്റ്റോവു തിരിച്ചുപിടിച്ചു.

മഞ്ഞുകാലാക്രമണം തുടരുന്നു.

ഡിസെമ്പർ

ജർമ്മനിയും ഇററലിയും യു.എസ്.എ.യോടു യുദ്ധം പ്രഖ്യാപിക്കുന്നു.

ചർച്ചിൽ വാഷിങ്ടൺ സന്ദർശിക്കുന്നു.

1942 ജനുവരി

റോമൽ എൽഅഘീലയിലേക്ക് പുരോഗമിക്കുന്നു.

ടെഹ്റാനിൽവെച്ച് ആംഗ്ലോ-സോവിയററ്-പേർസ്യൻ ഉടമ്പടി.

ഫെബ്രുവരി

ഗാസാലയിലേക്കു ബ്രിട്ടീഷുകാർ പിൻവാങ്ങുന്നു.

മാർച്ച്

കെർച്ച് പെനിൻസുലയിൽ റഷ്യക്കാർ ആക്രമണം ആരംഭിക്കുന്നു.

ഏപ്രിൽ

ലവാൾ വിച്ചി പ്രധാനമന്ത്രിയാകുന്നു.

മേയ്

സഖ്യസേനകൾ മെഡഗാസ്കറിൽ ഇറങ്ങുന്നു.

ആംഗ്ലോ-റഷ്യൻ സഖ്യം ഒപ്പിട്ടു.

റോമൽ മൂന്നാമത്തും ലിബിയൻ ആക്രമണം തുടരുന്നു.

ജൂൺ

ചർച്ചിൽ വാഷിങ്ടനിൽ

ടോബ്രുക്ക് അച്ചുശക്തികളുടെ കൈവശം അകപ്പെടുന്നു.

ജൂലായ്

സെബാസ്റ്റപ്പോൾ ജർമ്മൻകാർ പിടിക്കുന്നു.

ആഗസ്റ്റ്

ചർച്ചിൽ സ്റ്റാലിനെ കാണുന്നു.

ബ്രെസിൽ അച്ചുശക്തികളോടു സമരം പ്രഖ്യാപിക്കുന്നു.

സപ്തെമ്പർ

1,000 ടൺ ബോമ്പുകൾ ബർല്ലിനിൽ ആർ.എ.എഫ് വർഷിച്ചു.

സ്റ്റാലിൻഗ്രാഡ് സമരം.

ഒക്ടോബർ

ജനറൽ അലക്സാന്ദർ ആക്രമണം ആരംഭിക്കുന്നു.

നവെമ്പർ

ജർമ്മൻകാർ എൽഅലമീനിൽനിന്നു പിന്മാറുന്നു.

അമേരിക്കൻ പടകളും ബ്രി: പടകളും ഫ്രഞ്ച് നോർത്ത് ആഫ്രിക്കയിൽ ഇറങ്ങുന്നു.

ടോബ്രുക്ക് ബ്രിട്ടീഷുകാരുടെ കയ്യിൽ.

തുലോണ്ട് കടൽപ്പടയിൽ മുക്കാൽ ഭാഗവും ആത്മഹത്യ ചെയ്യുന്നു.

ഡിസെമ്പർ

അഡ്മിറൽ ഡാർലൻ വധിക്കപ്പെട്ടു.

ജനുവരി 1943

ലെനിൻഗ്രാഡിൽ ടെമോഷിൻകോ ആക്രമണ ആരംഭിക്കുന്നു.

ഇറാൻ അച്ചു ശക്തികൾക്കെതിരായി യുദ്ധം പ്രഖ്യാപിക്കുന്നു.

8-ാംപട ട്രിപ്പോളി പിടിക്കുന്നു.

കസാബ്ലങ്കയിൽ ചർച്ചിൽ - റൂസ്‌വെൽട്ട് സമ്മേളനം.

ആറാം ജർമ്മൻ പടയും വോൺ പോലസും സ്റ്റാലിൻഗ്രാഡിൻ കീഴടങ്ങുന്നു.

ഫെബ്രുവരി

റഷ്യക്കാർ കാർക്കോവ് തിരിച്ചുപിടിക്കുന്നു.

മാർച്ച്

ചുവപ്പുപട റ്ഷേവിൽ പ്രവേശിക്കുന്നു.

8-ാം പട മാറത്ത് നിര ഭേദിക്കുന്നു.

ഏപ്രിൽ

8-ാം പട സ്ഫാക്സിൽ പ്രവേശിക്കുന്നു.

മേയ്

സഖ്യസേനകൾ ബിസർട്ടയും, ടൂണിസും കൈവശപ്പെടുത്തുന്നു.

മാന്നർഹിം നിര ചുവപ്പു സേന ഭേദിക്കുന്നു.

ഹിററ്ലരെ വധിക്കുവാനുള്ള ശ്രമം.

ചുവപ്പുസേന സോവിയററു-ഫിന്നിഷ് അതൃത്തിയിൽ എത്തുന്നു.

ജൂൺ

പാൻടിലേറിയ കീഴടങ്ങുന്നു.

ലാംപെഡൂസ വീഴുന്നു.

ജൂലായി

സഖ്യസേനകൾ സിസിലിയിൽ ഇറങ്ങുന്നു.

മുസ്സോളിനി രാജിവെക്കുന്നു.

ആഗസ്റ്റ്

8-ാം പട കാററാന പിടിക്കുന്നു.

ചർച്ചിൽ റൂസ്‌വെൽട്ടൊന്നിച്ചു കനഡയിൽ വരുന്നു.

സിസിലി മുഴുവനും കൈവശമായി.

സഖ്യപക്ഷം സ്വതന്ത്ര ഫ്രഞ്ചു കമ്മിററിയെ അംഗീകരിക്കുന്നു.

സെപ്തംബർ

ഇററലി ആക്രമിക്കപ്പെട്ടു.

ഇററലി നിരുപാധികമായി കീഴടങ്ങുന്നു.

സഖ്യ സേനകൾ നേപ്പിൾസ് പിടിക്കുന്നു.

ഒക്ടോബർ.

ഇററലി ജർമ്മനിയോടു യുദ്ധം പ്രഖ്യാപിക്കുന്നു.

നവെമ്പർ.

കീവ് ചുവപ്പുസേന മടക്കിപ്പിടിക്കുന്നു.

ജർമ്മൻകാർ ഗോമലിൽനിന്നു ഒഴിച്ചുപോരുന്നു.

ഡിസെമ്പർ

ആംഗ്ലോ-അമേരിക്കൻ - ചൈനീസ് സമ്മേളനം.

ടെഹ്റാനിൽ ചർച്ചിൽ - റൂസ്വെൽട്ട്-സ്റ്റാലിൻ സമ്മേളനം.

രണ്ടാമത്തെ കയറോ സമ്മേളനം.

റസ്സോ - ചെക്ക് സന്ധി ഒപ്പിട്ടു.

ബർല്ലിന്മേൽ 99-ാമത്തെ ബോമ്പാക്രമണം.

ജനുവരി 1944

റഷ്യൻ സേനകൾ പഴയ പോളിഷ്-സോവിയററ് അതൃത്തിയിൽ.

ഫെബ്രുവരി

കാസിനോവിന്നു തെക്കു സഖ്യസേനകൾ ഗസ്റ്റാവ് നിര ഭേദിക്കുന്നു.

മാർച്ച്

ജർമ്മൻ സേനകൾ ഹങ്കറി അധീനമാക്കുന്നു.

ഏപ്രിൽ

ചുവപ്പുസേന ചെക്കോസ്ലവോക്യൻ അതൃത്തിയിലെത്തുന്നു.

റഷ്യക്കാർ ഒഡിസ്സ പിടിക്കുന്നു.

റഷ്യക്കാർ ക്രിമിയയിൽ പ്രവേശിക്കുന്നു.

മേയ്.

സഖ്യ സേനകൾ കാസിനോ പിടിക്കുന്നു. ഗസ്റ്റാവ് പ്രതിരോധങ്ങൾ തകർത്തു കളഞ്ഞു.

ജൂൺ

സഖ്യസേനകൾ റോമിൽ പ്രവേശിക്കുന്നു.

നോർമ്മാണ്ടി കടൽക്കരയിൽ സഖ്യസേനകൾ ഇറങ്ങുന്നു.

എൽബയിൽ സഖ്യസൈന്യങ്ങൾ ഇറങ്ങുന്നു.

ആഗസ്റ്റ്

ടർക്കി ജർമ്മനിയുമായുള്ള രാജ്യതന്ത്രപരവും സാമ്പത്തികവുമായുള്ള ബന്ധങ്ങൾ വിടുന്നു.

ഫ്ലോറൻസ് സ്വതന്ത്രമാക്കി.

തെക്കൻ ഫ്രാൻസിൽ സഖ്യസേനകൾ ഇറങ്ങുന്നു.

സഖ്യസേനകൾ മാർസേയിൽസിൽ. ജനറൽ ഡിഗാൾ പാരിസിൽ പ്രവേശിക്കുന്നു.

സെപ്തംബർ

റസ്സോ-ഫിന്നിഷ് സമാധാന ഉടമ്പടി.

11-ാംനു ക്യൂബെക്ക് സമ്മേളനം ആരംഭിച്ചു.

12-ാംനു റുമേനിയൻ ഉടമ്പടി.

ഒക്ടോബർ

13-ാംനു ചർച്ചിൽ-സ്റ്റാലിൻകൂടിക്കാഴ്ച.

14 ാംനു അത്തൻസ് സ്വതന്ത്രമാക്കി.

20-ാംനു ചർച്ചിൽ സ്റ്റാലിൻ സംഭാഷണം അവസാനിപ്പിച്ചു.

28-ാംനു ബൾഗേറിയ സമാധാന ഉടമ്പടി ചെയ്യുന്നു.

31-ാംനു ഡി ദിനത്തിന്നു ശേഷം 637,544 ശത്രു തടവുകാരെ പിടിക്കുന്നു.

നവെമ്പർ

4-ാംനു ഗ്രീസ് മുഴുവനും സ്വതന്ത്രമാക്കി.

5-ാംനു ബുഡാപെസ്റ്റിൽ സോവിയററ് പട്ടാളം പ്രവേശിക്കുന്നു.

12-ാംനു റഷ്യയിൽ 9,000,000 ജർമ്മൻകാർ തടവുകാരായും, വധിക്കപ്പെട്ടും.

ഡിസെമ്പർ

17 ാംനു ഫ്രങ്കൊ-സോവിയററു സന്ധി നിർദ്ദേശങ്ങളുടെ വിവരണങ്ങൾ.

31-ാംനു 46,340 ടൺ ബോമ്പു ജർമ്മനിക്കുള്ളിൽ ഡിസെമ്പറിൽ വർഷിച്ചു.

1945 ജനുവരി.

16-ാംനു റഷ്യക്കാർ റഡോം പിടിക്കുന്നു.

17-ാംനു വാർസാ പാടിക്കപ്പെട്ടു.

20-ാംനു പ്രസിഡണ്ട് റൂസ്വെൽട്ട് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

28-ാംനു റഷ്യക്കാർ ലിത്വാനിയ മുഴുവൻ സ്വായത്തമാക്കി.

ഫെബ്രുവരി.

4-ാംനു ബൽജിയത്തിൽനിന്നു ജർമ്മൻകാരെ മുഴുവനും ആട്ടിയോടിച്ചു.

7-ാംനു യാൾട്ട് സമ്മേളനം, ത്രിമൂർത്തികളുടെ കൂടിയാലോചന.

13-ാംനു ബുഡാപെസ്റ്റ് ആകമാനം വിമോചിതമായി.

14-ാംനു മി. ചർച്ചിൽ അത്തൻസിൽ വെച്ചു ഗ്രീക്കു ജനങ്ങളോടു പ്രസംഗിക്കുന്നു.

23-ാംനു സോവിയററ് ഭടന്മാർ പൊയനാൻ പിടിക്കുന്നു.

24-ാംനു ടർക്കി ജപ്പാനും ജർമ്മനും എതിരായി യുദ്ധം പ്രഖ്യാപിച്ചു.

മാർച്ച്

1-ാംനു ഇറാനും സൗദി അറേബ്യയും ജർമ്മനിക്കു ജപ്പാനും എതിരായി യുദ്ധം പ്രഖ്യാപിക്കുന്നു.

4-ാംനു സഖ്യസേനകൾ റൈനിൽ എത്തുന്നു.

6-ാംനു കൊളോൺ പിടിക്കപ്പെട്ടു.

15-ാംനു റഷ്യക്കാർ ഡ്സിയനയിൽ ഇറങ്ങുന്നു.

24-ാംനു 30,000 വിമാനവാഹിത സേന റൈൻ കരയിൽ ഇറങ്ങുന്നു.

27-ാംനു സെബു പിടിക്കപ്പെട്ടു.

30-ാംനു ഡാൻസിഗ് പിടിച്ചു.

ഏപ്രിൽ

1-ാംനു പാശ്ചാത്യ രംഗത്തിൻെറ മധ്യപ്രദേശത്തു ജർമ്മൻ പ്രതിരോധം തകർന്നു പോയി.

3-ാംനു കെസ്സൽ പിടിച്ചു.

4-ാംനു ഹങ്കറി മുഴുവനും സ്വതന്ത്രമാക്കി.

10-ാംനു ഇററലിയിൽ വസന്തകാല ആക്രമണം.

12-ാംനു പ്രസിഡണ്ട് റൂസ്വെൽട്ട് നിര്യാതനായി. മി: ഹാരി ട്രൂമാൻ യു. എസ്. പ്രസിഡണ്ടായി.

13-ാംനു വിയന്ന സ്വതന്ത്രമാക്കി.

20-ാംനു റഷ്യക്കാർ ബർല്ലിനിൽ പ്രവേശിക്കുന്നു.

21-ാംനു ബൊളോണ പിടിച്ചു.

25-ാംനു ഐക്യരാഷ്ട്ര സമ്മേളനം സാൻഫ്രാൻസിസ്കോവിൽ സമ്മേളിക്കുന്നു.

28-ാംനു മുസോളിനിയും കൂട്ടുകാരും വധിക്കപ്പെട്ടു.

മേയ്

2-ാംനു ബർല്ലിൻ വീഴുന്നു. ഇററലിയിൽ യുദ്ധം അവസാനിക്കുന്നു. ജർമ്മനി നിരുപാധികമായി കീഴടങ്ങി.

5-ാംനു ഹോളണ്ട്, ഡൻമാർക്ക്, നോർത്ത് വെസ്റ്റ് ജർമ്മനിയും മണ്ട്ഗോമറിക്ക് കീഴടങ്ങുന്നു.

6-ാംനു ഒന്നാം ജർമ്മൻ സേനയും 19-ാം സേനയും കീഴടങ്ങി.

7-ാംനു ജർമ്മനി ഐസൻഹോവറിക്ക് നിരുപാധികമായി കീഴടങ്ങുന്നു.



മൊണ്ടിയ്ക്ക് ബ്രസൽസ് മേയർ നല്കിയ സ്വാഗതം.

## പുതിയ ഉണർത്തെ ഴുന്നേററ ഫ്രാൻസി ലെ നേതാവ്



ജനറൽ ഡി ഗാം—അദ്ദേഹത്തിൻെറ സ്വാരാജ്യസ്നേഹം ഫ്രഞ്ചു ജനതയെ അപമാനത്തിൽനിന്നു രക്ഷിച്ചു.



റോം സ്വതന്ത്രമാക്കിയപ്പോൾ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.